Date of publication: 9 നവംബർ 2016
വോള്യം 12 / ലക്കം 5 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത

## ജ്ഞാനത്തിന്റെ പെൺവഴികൾ



# ജ്ഞാനത്തിന്റെ പെൺവഴികൾ

സംഘടിത

സംഘടിത|നവംബർ 2016 |വോള്യം 12 |ലക്കം 5

**ചർച്ചാവിഷയം**



ജ്ഞാനപ്പറവ പെണ്ണാവുമ്പോൾ **മൈന ഉമൈബാൻ** 6

12 വായനയുടെ നടത്തിപ്പുകാരി **രാധ**

സ്ത്രീ വൈജ്ഞാനികതയും സാമൂഹ്യ നിർമ്മിതിയും **സംഗീത തിരുവൾ. പി.പി.** 15

19 ഒസ്സാത്തി: ജാതിപദവിയും ജ്ഞാനപദവിയും **റാഷിദ**

സ്ത്രീ വൈദ്യശാസ്ത്രം എഴുതുമ്പോൾ: നവതിയിലെത്തിയ ആര്യവൈദ്യൻ പി. മാധവിക്കുട്ടി **കെ. മുത്തുലക്ഷ്മി** 22

27 ഇന്ത്യയെ അളന്ന കഥ **അലീഷ കെ. വി.**



ശ്മശാനം പഠിപ്പിക്കുന്ന പാഠം **സജിത കെ.ആർ.** 29

35 സ്പൈന ബിഫിഡ **സൗമ്യ പി.ആർ.**

നാട്ടുപച്ചയിലെ തനിവഴികൾ **എസ്. രൂപിമ** 48



**വായന**

41 ലൈംഗികത സിതാര എസിന്റെ കഥകളിൽ **ശോഭ. എം.പി.**



## ഫോട്ടോ ഫീച്ചർ : കരവേലകളിലെ സാംസ്കാരിക ജ്ഞാനശേഖരങ്ങൾ

കവിത **വിജയരാജമല്ലിക** 18

കഥ **ഉഷാകുമാരി എം. ബി** 39

51 വാസ്തവം **ഡോ.ജാൻസി ജോസ്**

52 പുസ്തകയാത്രകൾ **എം.ഡി.രാധിക**

സിനിമ **- അപർണ** 53

60 ശാസ്ത്രം **സീമ ശ്രീലയം**

റിപ്പോർട്ട് **ഷർമ്മിള** 56



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ് **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

## അതിഥി പത്രാധിപക്കുറിപ്പ്



സജിത കെ.ആർ

# സ്ത്രീയും വൈജ്ഞാനികതയും

വ്യത്യസ്തങ്ങളായ വൈജ്ഞാനിക മേഖലകളിൽ ധാരാളം സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ത്രീവൈജ്ഞാനികതയെ സമൂഹം ഇന്നും അഭിസംബോധന ചെയ്യുന്നില്ല.അറിവിനെ നിർണ്ണയിക്കാനുപയോഗിക്കുന്ന പലതരം കാനോനകളാൽ പുരുഷനെ ജ്ഞാനിയും ജ്ഞാനദാഹിയുമാക്കിമാറ്റുമ്പോൾ അതേ കാനോനകൾ സ്ത്രീയെ ജ്ഞാനത്തിനു പുറത്തു നിർത്തുന്നു.കൃത്യത,കാര്യങ്ങൾ ചെയ്യാനുള്ള സമർപ്പണമനോഭാവം തുടങ്ങിയവ ഈ കാനോനകളിൽ പ്രമുഖങ്ങളാണ്.സ്ത്രീയുടേതെന്നു മാത്രം പറയപ്പെടുന്ന, കുടുംബത്തിലെ നിരന്തരവൃത്തികളിൽ ഏർപ്പെടേണ്ടി വരുന്ന സ്ത്രീകളെ ഈ കാനോനകൾ കൈയ്യൊഴിയുന്നു. അറിവിന്റെ ലോകം സ്ത്രീക്കു പറ്റിയതല്ല എന്ന ഉറപ്പിക്കലുകൾക്ക് അതു കാരണമാകുന്നു.സ്ത്രീകൾ സ്വയം വിലയിരുത്തുന്നതും തങ്ങൾക്കിതു പറ്റിയതല്ല എന്നു തന്നെയാണ്.തന്മൂലം വൈജ്ഞാനികതയുടെ ലോകം അത് ശാസ്ത്രീയമായാലും ശാസ്ത്രീയ(പാരമ്പര്യം)മായാലും ആണധികാരത്തിന്റെ കുത്തകയായി മാറുന്നു.അത് സൂക്ഷമമായി പ്രവർത്തനോർജ്ജം കൈവരിക്കുന്നത് ബ്രാഹ്മണിക മൂല്യങ്ങളിൽ നിന്നുമാണ്.അതുകൊണ്ട് സ്ത്രീയ്ക്കൊപ്പം ദളിതരും ഇതിനിരകളാണ്.


സ്ത്രീയുടെ കാര്യശേഷി വെല്ലുവിളിച്ചുകൊണ്ടു നിൽക്കുന്ന പിതൃഘടനയെ തിരുത്താൻ സ്ത്രീയേൽക്കുന്ന മേഖലകൾ വൈജ്ഞാനികമൂല്യമാർന്നതു തന്നെ എന്നു സമൂഹത്തെയും സ്വയവും ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ടാണ് സ്ത്രീയും വൈജ്ഞാനികതയും എന്ന ഈ പതിപ്പിനടിസ്ഥാനം.ആധുനികവിദ്യാഭ്യാസത്തിന്റെ തുടർച്ചയായി ലഭിക്കുന്ന ജോലികളായ ശാസ്ത്ജ്ഞർ,നിയമജ്ഞർ,അധ്യാപകർ തുടങ്ങിയ വൈജ്ഞാനിക ലോകത്തെയല്ല ഇവിടെ അഭിസംബോധന ചെയ്യുന്നത്.പുരുഷനുമാത്രം സാധ്യമാകുന്നതെന്നു കരുതുന്ന ചില മേഖലകളിലെ സ്ത്രീ ഇടപെടലുകളാണ് സമാഹരിക്കപ്പെട്ടിട്ടുള്ളത്.അതിൽ പ്രധാനമാണ് പാരമ്പര്യവൈദ്യം.സാധാരണ,ചികിത്സകരും രോഗികളും ആണുങ്ങളായാണ് മനസ്സിലാക്കപ്പെടുന്നത്. സ്ത്രീരോഗങ്ങൾ ചികിത്സിക്കപ്പെടുമ്പോഴും അതിന്റെ സാമൂഹികത പൊതുവെ രേഖപ്പെടുത്തപ്പെടുന്നില്ല എന്നതു സൂചിപ്പിക്കുന്നത് ചികിത്സകരായ സ്ത്രീകളുടെ അഭാവമാണ്.പുരുഷ നിരീക്ഷണങ്ങൾക്കപ്പുറം സ്ത്രീതന്നെ സ്വന്തം ശരീരത്തെ മുൻനിർത്തി ആരോഗ്യമേഖലയെ തിരുത്തേണ്ടതുണ്ട്.ആര്യവൈദ്യൻ പി മാധവിക്കുട്ടിയുടെ ശ്രമങ്ങൾ അത്തരത്തിലുള്ളതാണ്. നവതിയിലെത്തിയ അവർ ഒരു പുസ്തകത്തിലൂടെ മാത്രമേ തന്നെ വെളിപ്പെടുത്തിയിട്ടുള്ളൂവെങ്കിലും അത് കൃത്യവും സൂക്ഷമവുമായ സ്ത്രീ സാമൂഹിക പദവിവിയിലൂന്നിയ സമീപനരീതി കൊണ്ട് ശ്രദ്ധേയമാണ്.ഡോ.കെ മുത്തുലക്ഷ്മി അവരുടെ ചികിത്സാ സമീപനം പാഠങ്ങളും അപപാഠങ്ങളും എന്ന പുസ്തകത്തെ മുൻനിർത്തിയാണ് അവരെ നമ്മുടെ വായനയിലേയ്ക്കു കൊണ്ടു വരുന്നത്.

ഇതോടൊപ്പം പറയാവുന്നവരാണ് വിഷവൈദ്യം ചെയ്യുന്ന മൈന ഉമൈബാനും ഒസ്സാത്തി പൂക്കോട്ടി നബീസയും അറപ്പുറയ്ക്കൽ മീനാക്ഷിയും.തന്റെ വൈജ്ഞാനികതയുടെ സാധ്യത ബോധ്യപ്പെടുത്താൻ പുരുഷനിൽ നിന്നു വ്യത്യസ്തമായി സ്ത്രീ നേരിടേണ്ട സാമൂഹ്യയുക്തികൾ ഇവരുടെ പ്രതികരണങ്ങളിൽ പ്രകടമാണ്. അറിവിന് ലിംഗജാതി പദവികൾ കൂടിയുണ്ടെന്ന് ഇതു ബോധ്യപ്പെടുത്തുന്നു.

ഒരു നാടിനെ വായനയിലേയ്ക്കു നടത്തുന്ന രാധയും ഒരു നാട്ടിലെ സംസ്കാരത്തെ ഏറ്റെടുക്കുന്ന സെലീനയും ജ്ഞാനലോകത്തോടു പറയുന്ന കാര്യങ്ങൾ ചെറുതല്ല്..സ്ത്രീകൾക്കു സമൂഹം പതിച്ചുനല്കിയ കുടുംബവൃത്തികൾക്ക് വൈജ്ഞാനികമുഖം നല്കുന്ന സ്ത്രീചിന്തകളെ ആദ്യകാല സ്ത്രീമാസികകളിൽ നിന്നു സംഗീത വെളിച്ചത്തു കൊണ്ടുവരുന്നു.

ആദ്യകാലസ്ത്രീമാസികകളും ഒസ്സാത്തിയും ഒഴിച്ചാൽ ഇവിടെ ചർചചെയ്യുന്ന മറ്റെല്ലാ മേഖലകളിലെ സ്ത്രീകളും പുരുഷലോകത്തേയ്ക്കു സധൈര്യമിറങ്ങിമിറങ്ങി തങ്ങളുടെ നിരീക്ഷണങ്ങൾകൊണ്ട് അവിടം സംവാദാത്മകമാക്കുന്നു.

സസന്തോഷം ഈ വിഷയം ചർചയ്ക്കു വിടുന്നു.



ചർച്ചാവിഷയം

# ജ്ഞാനപ്പറവ പെണ്ണാവുമ്പോൾ



മൈന ഉമൈബാൻ

കുടുംബചരിത്രത്തിലൊരിടത്തും ഒരു ചികിത്സകയില്ലായിരുന്നു. എന്നാൽ ഗന്ധർവ്വനെ അകറ്റുന്ന, യക്ഷിയെ തളക്കുന്ന, വസൂരിക്ക്, ഉഗ്രസർപ്പദംശങ്ങൾക്ക് ചികിത്സിക്കുന്ന ഒരുപാട് ആണുങ്ങളുണ്ടായിരുന്നു. അവരുടെ മാന്ത്രികപരിവേഷമുള്ള വീരസാഹസികകഥകൾ കേട്ടാണ് ഞങ്ങൾ വളർന്നത്. പക്ഷേ, ആ കഥകളിലൊരിടത്തും നായകസ്ഥാനത്ത് പെണ്ണുണ്ടായിരുന്നില്ല. മന്ത്രവാദക്കളത്തിൽ, കാർമ്മികസ്ഥാനത്തുനിന്ന് സ്ത്രീയെന്നും പുറത്തായിരുന്നു. പേറ്റുയന്ത്രം എന്നതിനപ്പുറം ഭക്ഷണത്തിൽ കൈപ്പുണ്യത്തിലപ്പുറം പാരമ്പര്യമായിരുന്ന അറിവുകളൊന്നും അവളിലേക്ക് കൈമാറി വന്നില്ല.

'നമ്മുടെ കുടുംബത്തിന്റെ ജ്ഞാനം കുറച്ച് എനിക്കുകൂടി പകർന്നു തരൂ' എന്ന്


ഏതെങ്കിലുമൊരു സ്ത്രീ ആവശ്യപ്പെട്ടതായും അറിവില്ല. അതുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ അത്ത ലത്തീഫ്, അത്തത്ത കനിറാവുത്തർ, അതിനപ്പുറം ഖാദർകണ്ണ് റാവുത്തർ അതിനുമപ്പുറം കൊച്ചുബാവാ റാവുത്തർ... എന്നിങ്ങനെ ആൺപേരുകൾ മാത്രം മനസ്സിലാക്കി വന്നു. കഥ പറയുമ്പോൾ ആണിനേ പേരു വേണ്ടൂ. അവരുടെ അമ്മമാർ, ഭാര്യമാർ, പെൺമക്കൾ അപ്രസക്തരായിരുന്നു.

ഏതായാലും ഞങ്ങളുടെ കുടുംബത്തിന്റെ വീരസാഹസികകഥകൾ കേട്ടും വിഷംതീണ്ടി മരിച്ചവരെ ജീവിപ്പിച്ച കഥകൾ കേട്ടും ഭ്രമിച്ചവരിൽ ഒരുവൾ മാത്രം 'എന്നെയും പഠിപ്പിക്കൂ ചികിത്സ' എന്നു പറഞ്ഞു. വിഷംതീണ്ടി മരിച്ചവരെ ജീവിപ്പിക്കുന്നതൊന്നും കണ്ടിട്ടില്ലെങ്കിലും പാമ്പുകടിയേറ്റ് വന്നവരെ തന്റെ മുത്തച്ഛൻ രക്ഷിച്ചുവിടുന്നത് കണ്ടിരുന്നു. എങ്ങനെയും ഈ ചികിത്സ പഠിച്ചേ പറ്റൂ എന്നവൾ ഉറപ്പിച്ചു. ആ പെൺകുട്ടി ഞാനായിരുന്നു.

ചികിത്സ പഠിപ്പിക്കണമെന്ന് പറഞ്ഞപ്പോൾ മുറുക്കുന്നത്ത എന്നു വിളിച്ചിരുന്ന മുത്തച്ഛന് താത്പര്യമില്ലായിരുന്നു. നിശ്ചയമായും അത് പെൺകുട്ടിയായിരുന്നതുകൊണ്ടല്ല. കാലഹരണപ്പെട്ടേക്കാവുന്ന ഒന്നാണ് ഈ ചികിത്സാ മാർഗം എന്ന ബോധ്യത്തിൽ നിന്നാണ്. ആധുനികചികിത്സയെ പുണരുന്ന ലോകം ഈ പഴഞ്ചൻ മാർഗം തേടിവരില്ല എന്ന് അദ്ദേഹം കരുതി. നിർബന്ധത്തിന് വഴങ്ങിയാണ് പഠിപ്പിക്കാൻ തയ്യാറായത്. ഒരു പക്ഷേ, പഠിപ്പിച്ചാലും പ്രയോഗത്തിൽ വരുത്താൻ പോകുന്നില്ല എന്നു കരുതിയിരിക്കണം. പെണ്ണാണ്, ഇതൊന്നും ശരിയല്ല എന്നു പറഞ്ഞ് വരാൻ ആരുമുണ്ടായില്ല. മുറുക്കുന്നത്തയുടെ അഞ്ചു മക്കളിൽ ഒരാളും ചികിത്സ പഠിക്കാൻ താത്പര്യം പ്രകടിപ്പിച്ചിരുന്നില്ല. അവർക്ക് എന്നെ പഠിപ്പിക്കുന്നതിൽ ഒരെതിർപ്പുമില്ലായിരുന്നു. വീട്ടിലാദ്യം ഉണ്ടായ പെൺകുഞ്ഞായതു കൊണ്ട് എല്ലാവരുടേയും ഓമനയുമായിരുന്നു ഞാൻ. മാറിയ കാലം കൂടിയാണ് ആൺ പെൺ വ്യത്യാസമില്ലാതാക്കിയത്.

ഒരമ്മായിയുടെ മകന് പഠിക്കാൻ താത്പര്യമുണ്ടായിരുന്നു. പക്ഷേ, ഇതൊന്നും നേരാംവണ്ണം കൊണ്ടു നടക്കാൻ അവനാവില്ല എന്നായിരുന്നു മുറുക്കുന്നത്തയുടെ ന്യായം. ഒരു ആൺകുട്ടിയ്ക്ക് കൊണ്ടു നടക്കാൻ സാധ്യമല്ലാത്തത് കുടുംബ ചരിത്രത്തിലാദ്യമായി ഒരു പെൺകുട്ടിയിലേക്ക് കൈമാറിയത് മുതിർന്നപ്പോൾ എന്നെ ഏറെ ചിന്തിപ്പിച്ചിട്ടുണ്ട്.

ചികിത്സയെന്നാൽ ഏതോ കാലത്ത് തലമുറയുടെ ഏതോ അറ്റത്തു നിന്നുതുടങ്ങിയ യാത്രയായിരുന്നിരിക്കണം. ചരിത്രാതീതകാലം




മുതൽക്കുതന്നെ ഒരു ചികിത്സാസമ്പ്രദായം ഇവിടെ നിലനിന്നു പോന്നിട്ടുണ്ട്. ആത്മരക്ഷയ്ക്കു വേണ്ടിയുള്ള അബോധപൂർവ്വമായ പരിശ്രമത്തിൽ കൂടിയാവാം ഇതിന്റെ തുടക്കം. ക്രമേണ ബുദ്ധിവികാസത്തിന്റേയും സഹജപ്രേരണയുടെയും ഫലമായി, തലമുറതലമുറയായുള്ള നിരീക്ഷണ പരീക്ഷണങ്ങളിലൂടെ വിജ്ഞാനവിനിമയത്തിലൂടെ ഒരു ചികിത്സാ പദ്ധതി രൂപംകൊണ്ടു വരികയായിരുന്നെന്ന് അനുമാനിക്കാം. മന്ത്രവാദവും പ്രാർത്ഥനയും മരുന്നും ഒക്കെക്കൂടി സങ്കീർണ്ണമായിക്കിടന്നിരുന്ന ആ സമ്പ്രദായത്തെ യുക്ത്യാധിഷ്ഠിതമായ വസ്തുനിഷ്ഠതയിലൂന്നി പരിഷ്ക്കരിച്ചു പുതുക്കി രേഖപ്പെടുത്തേണ്ടതുണ്ടായിരുന്നു. വിഷചികിത്സയിലാകട്ടെ, അടുത്തകാലം വരെ മന്ത്രവാദവും ദൂതലക്ഷണവും മറ്റും കൂടെ പോന്നു.

നിരീക്ഷണ പരീക്ഷണങ്ങളിലേർപ്പെടാൻ, വേണമെങ്കിൽ യാത്രചെയ്യാൻ, മന്ത്രങ്ങളും മറ്റും കൂടെ കൊണ്ടുപോകാൻ സ്ത്രീക്കാവുമോ?

ഒരു ഗുരു തന്റെ അറിവു പകർന്നു നൽകാൻ തിരഞ്ഞെടുക്കുന്ന ശിഷ്യരെപ്പറ്റി ചികിത്സാഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. അതിലൊരിടത്തും സ്ത്രീയെപ്പറ്റി പറയുന്നില്ല. കണ്ടോ കേട്ടോ വായിച്ചോ പഠിച്ച വിദ്യ ഉപകാരപ്പെടില്ല എന്നാണ്. അത് സർവ്വ അനുഗ്രഹത്തോടെയും ഗുരു നൽകുന്നതാവണം. കുരുത്തം കിട്ടണം എന്നൊക്കെ പറയുന്നത് ഇതാണ്. ഇല്ലെങ്കിൽ ഏകലവ്യന്റെ ഗതിയാവും!

മന്ത്രങ്ങൾ പഠിക്കുന്നതിലുമുണ്ട് ഇതേ പ്രശ്നം. ഗുരുത്വത്തോടെ കിട്ടുന്ന മന്ത്രങ്ങൾക്കേ ഫലമുള്ളു എന്നാണ്.

രണ്ടുതരത്തിലാണ് ജ്ഞാനം ശിഷ്യരിലേക്ക് പകർന്നു കൊടുക്കുന്നത്. ഒന്നാമത്തേത് ദായക്രമമനുസരിച്ച്, മാതൃദായകമോ പിതൃദായകമോ ആയി രക്തബന്ധങ്ങളിലേക്കുള്ള കൈമാറ്റം. കുടുംബത്തിനു പകർന്നു കിട്ടിയ അറിവ് മറ്റൊരിടത്തേക്കും പോകാതെ അതേ കുടുംബത്തിൽ മാത്രം നിലനില്ക്കണം. രണ്ടാമത്തേത് ഉത്തമശിഷ്യരെ കണ്ടെത്തി പകർന്നു നൽകൽ.

ഏതു തരത്തിലുള്ള കൈമാറ്റമാവട്ടെ അവിടെ സ്ത്രീ അപ്രസക്തമായിരുന്നു. കാരണങ്ങൾ പലതാണ്. സഹസ്രാബ്ദങ്ങളായി അനുഭവിച്ചു പോരുന്ന അടിമത്തം, പിതാവിന്റെയോ ഭർത്താവിന്റെയോ മകന്റെയോ സംരക്ഷണയിലല്ലാതെ സ്ത്രീക്ക് സ്വതന്ത്രമായി അസ്തിത്വമില്ലായ്മ, അബലയാണെന്ന മിഥ്യാബോധം, ആർത്തവം, പ്രസവം തുടങ്ങിയ ശുദ്ധാശുദ്ധിയുടെ പ്രശ്നങ്ങൾ, അന്യപുരുഷന്മാരെ സ്പർശിക്കുകയോ ദർശിക്കുകയോ ഒക്കെ ചെയ്യേണ്ടിവരുന്നതിലെ ഏടാകൂടങ്ങൾ തുടങ്ങി അനവധി കാരണങ്ങൾ സ്ത്രീയിലേക്ക് വിജ്ഞാനം പകരാതിരിക്കാനുള്ള ന്യായങ്ങളായി മാറി.

പത്തോ പതിനാലോ വയസ്സിൽ വല്ലവന്റെയും തലയിൽ ഏൽപിച്ചുകൊടുക്കേണ്ടവളെ എങ്ങനെ ശിഷ്യയാക്കും മുൻകാലത്ത്? ചികിത്സിക്കണമെങ്കിൽ ഭർതൃവീട്ടുകാരുടെ സമ്മതം വേണം. വിവാഹത്തോടെ പിതൃപാരമ്പര്യം അവൾക്കു നഷ്ടമാവുകയും ചെയ്യും.

തലമുറകളായി ആണുങ്ങളിലേക്ക് മാത്രം കൈമാറി വന്ന വിഷചികിത്സയിലെ അറിവ് പതിവുകളെ തെറ്റിച്ച് ഒരു പെൺകുട്ടിയിലേക്ക് കൈമാറാൻ കാരണമെന്തായിരുന്നിരിക്കാം? മുകളിൽ പറഞ്ഞ ന്യായങ്ങളിൽ ഏതാണെന്നെ സ്വതന്ത്രയാക്കിയത്? തീർച്ചയായും അത് നവോത്ഥാനത്തിനു ശേഷമുള്ള, സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള സ്ത്രീ മുന്നേറ്റങ്ങളിലൂടെ, സ്ത്രീ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ പൊതുബോധത്തിലുണ്ടായ മാറ്റം കൊണ്ടാണ്. സ്ത്രീ ഒറ്റയ്ക്ക് സഞ്ചരിക്കാൻ പ്രാപ്തയായിരിക്കുന്നു, ജോലിയെടുത്ത് സമ്പാദിക്കുന്നു, പൊതുവിദ്യാഭ്യാസം നേടുന്നു, രാഷ്ട്രീയ രംഗത്തും സാമൂഹ്യരംഗത്തും നാമമാത്രമെങ്കിലും അവളുടെ പ്രാതിനിധ്യമുണ്ടാവുന്നു... അങ്ങനൊരു കാലത്ത് വംശനാശം വന്നുകൊണ്ടിരിക്കുന്ന ഒരു ചികിത്സാശാസ്ത്രം പഠിപ്പിക്കാമോ എന്ന് ഒരു കൊച്ചുമകൾ ചോദിക്കുമ്പോൾ മുത്തച്ഛന് സമ്മതിക്കേണ്ടി വരികയാണ്. അത് ആധുനിക കാലം ആവശ്യപ്പെട്ടമാറ്റമായിരുന്നുവെന്ന് ഉറച്ചു വിശ്വസിക്കുന്നു.

ചികിത്സയിൽ ഒപ്പം നിർത്തിയും ഔഷധസസ്യങ്ങൾ പരിചയപ്പെടുത്തിയും മന്ത്രം പകർന്നുനൽകിയുമൊക്കെ ഒരുപാട് സമയമെടുത്താണ് പഠിപ്പിക്കുന്നത്. ഏതെങ്കിലും ഒററമൂലി പ്രയോഗമല്ല. ശരീരശാസ്ത്രമറിയണം, സസ്യങ്ങളുടെ ഔഷധഗുണമറിയണം, ജീവികളെ അറിയണം. വിഷജീവികളെ പിന്നെ മരുന്നിനുപയോഗിക്കുന്ന ജീവികളെ (കൊമ്പ്, പല്ല്, മൂത്രം, രോമം, പാൽ, കാട്ടം, രക്തം തുടങ്ങിയവ ശേഖരിക്കുന്നതിനും മറ്റും). അത്യാവശ്യം രാസവസ്തുക്കളറിയാം. ഇതൊന്നും കൂടാതെയാണ് ദൂതലക്ഷണം, മനശ്ശാസ്ത്രം, ജ്യോതിഷം, മുഖലക്ഷണം എന്നിവയെപ്പറ്റിയുള്ള സാമാന്യ ജ്ഞാനമുണ്ടായിരിക്കേണ്ടത്. (ഇവയൊന്നും ആധുനികശാസ്ത്രമല്ല പാരമ്പര്യ



അറിവുതന്നെ) ഒപ്പം പ്രകൃതിയിലേക്കുള്ള വാതിലുകളാണ് തുറക്കുന്നത്. വിവിധയിനം പാമ്പുകൾ, പഴുതാര , ചിലന്തി, തേൾ... മറുവശത്ത് ഔഷധങ്ങൾ ചൂണ്ടി കാണിക്കുകയാണ് മുറുക്കുന്നത്ത. അടയാള പ്രഭാവ സിദ്ധാന്തമൊക്കെ പറഞ്ഞു തരികയാണ് . പരിചയമില്ലാത്തൊരു ചെടി കാണുമ്പോൾ ഏതെങ്കിലും വിഷജീവിയുടെ രൂപസാദൃശ്യമുണ്ടോന്ന്, അവയവങ്ങളുമായോ, രോഗലക്ഷണവുമായി സാദൃശ്യമുണ്ടോന്നൊക്കെ സൂക്ഷ്മമായി നിരീക്ഷിക്കാൻ ശീലിക്കുകയാണ്. പ്രകൃതിയുടെ അത്ഭുതങ്ങളിലേക്ക് നിഗൂഢതകളിലേക്ക് ആഴ്ന്നിറങ്ങാൻ പ്രേരിപ്പിക്കുകയാണ്...

* * *

മുറുക്കുന്നത്തയുടെ മരണശേഷം ഒറ്റക്കു ചികിത്സ ചെയ്യാൻ തുടങ്ങിയപ്പോൾ പെണ്ണ് എന്ന നിലയിൽ പലചോദ്യങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്.

ചികിത്സ തേടി വരുന്നവരോ ബന്ധുക്കളോ ഒക്കെയായിരിക്കും ചോദിക്കുന്നത്.

പലരും ചോദിക്കുന്ന ഒന്ന് 'കല്ല്യാണം കഴിക്കാൻ പറ്റുമോ' എന്നായിരുന്നു.

ആദ്യമൊക്കെ ആ ചോദ്യത്തിലെ യുക്തിയെ ഓർത്ത് പകച്ചു നിന്നിട്ടുണ്ട്. പിന്നീട് ഞാനും ആലോചിക്കാൻ തുടങ്ങി. എന്തുകൊണ്ടാവാം അങ്ങനെയൊരു ചോദ്യമെന്ന്.

ഞാനടക്കമുള്ള തലമുറയുണ്ടാവാമെങ്കിൽ എനിക്കെന്താ കല്ല്യാണം കഴിച്ചുകൂടെ?

എനിക്കുമുമ്പു വരെ പാരമ്പര്യം

**ആർത്തവമുള്ളപ്പോൾ ചികിത്സിക്കാമോ എന്നാണ് മറ്റൊന്ന്. മാസമുറക്കാലത്ത് മരുന്നെടുക്കാനോ മന്ത്രമോതാനോ ആവുമോ എന്നാണ്. മാസമുറക്കാരിയെ ഒരു വിഷജീവിക്ക് കടിക്കാമെങ്കിൽ മറ്റൊരു മാസമുറക്കാരിക്ക് ചികിത്സിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല എന്നാണ് ന്യായം.**


നിലനിർത്തിപ്പോന്നത് പുരുഷന്മാരായിരുന്നു. അവർക്ക് വിവാഹം കഴിക്കുന്നതിനോ സന്താനോല്പാദനത്തിനോ ഒരു കുഴപ്പവുമില്ലായിരുന്നു.

അപ്പോൾ ഒരു പെണ്ണായെന്ന് വെച്ച് എനിക്കെന്താണു കുഴപ്പം? എന്നെ ഒരു സന്യാസിനിയോ മന്ത്രവാദിനിയോ ആയി ധരിച്ചിട്ടുണ്ടാവുമോ ഇവർ?

സർപ്പവും പ്രകൃതിയും വിശ്വാസവും വെച്ചു ചോദിക്കുന്നതാണ്. പാരമ്പര്യമായി നടത്തിപ്പോന്ന കാര്യങ്ങൾ ഒരു പെൺകുട്ടിയിലേക്ക് കൈമാറ്റപ്പെടുമ്പോൾ അവൾ വിവാഹിതയാവുമ്പോൾ ഇതെല്ലാം നിന്നു പോകില്ലേ എന്ന് ഒരു കൂട്ടർ. അങ്ങനെ നിന്നുപോയാൽ ശാപമേല്ക്കേണ്ടി വരില്ലേ എന്നും.

പക്ഷേ, കുറച്ചുകൂടി മുതിർന്നപ്പോൾ മനസ്സിലാക്കി അപൂർവ്വമായി ചികിത്സിക്കുന്ന സ്ത്രീകളുണ്ട്ആധുനികകാലത്തും. കുടുംബത്തിൽ ആൺമക്കളില്ലാത്തതുകൊണ്ട് ചികിത്സാരഹസ്യം കൈമാറാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പഠിപ്പിച്ചതാണ്. എന്നാലോ ആ സ്ത്രീകൾ വിവാഹിതരായിരുന്നില്ല. വിവാഹം നിഷിദ്ധമായിരുന്നത്രേ!

മറ്റൊന്ന് ചികിത്സ ചെയ്യുന്നതുകൊണ്ട് എനിക്കും വീട്ടുകാർക്കും എന്തെങ്കിലും ദോഷമുണ്ടോ എന്നാണ്. ചില വിഷഹാരികൾ വിഷമിറക്കിക്കഴിഞ്ഞാൽ തൊഴുത്തിൽ പുല്ലുതിന്നോണ്ട് നിന്ന പശു ചത്തു വീഴുന്നു.



ഭാര്യക്ക് ഇടിവെട്ടേൽക്കുന്നു. കൊച്ച് കിണറ്റിൽ വീണു മരിക്കുന്നു. പുരക്ക് തീപിടിക്കുന്നു.

ഇതിനു കാരണം പറയുന്നത് സർപ്പദംശനമുണ്ടാവുന്നത് കാലകടിയായിട്ടാണ് എന്നതാണ്. പ്രകൃതിനിയമമാണ് മൃത്യു. മൃത്യുകാരണമാകുന്നു സർപ്പങ്ങൾ. മനുഷ്യൻ മരിക്കാനായി ദൈവം സർപ്പത്തിൽ വിഷം നിറച്ചു. മരണത്തെ ഗതിമാറ്റിവിട്ട് വിഷം ഇറക്കിയതിനുള്ള ശിക്ഷയാണ് മുകളിൽ പറഞ്ഞതൊക്കെയും. വിഷത്തെ നിർവീര്യമാക്കി ഒരാളെ ജീവിതത്തിലേക്ക് കൊണ്ടുവരുമ്പോൾ അതു പ്രകൃതിക്കു വിരുദ്ധമാണ് ചുരുക്കത്തിൽ വിഷമിറക്കാൻ പാടില്ല എന്നു സാരം. പക്ഷേ, ഇത്തരം കാര്യങ്ങളൊന്നും എന്നെ ഭയപ്പെടുത്തിയില്ല.

ആർത്തവമുള്ളപ്പോൾ ചികിത്സിക്കാമോ എന്നാണ് മറ്റൊന്ന്. മാസമുറക്കാലത്ത് മരുന്നെടുക്കാനോ മന്ത്രമോതാനോ ആവുമോ എന്നാണ്. മാസമുറക്കാരിയെ ഒരു വിഷജീവിക്ക് കടിക്കാമെങ്കിൽ മറ്റൊരു മാസമുറക്കാരിക്ക് ചികിത്സിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല എന്നാണ് ന്യായം.

പാരമ്പര്യമായ അറിവുകൾ സ്ത്രീയിലേക്ക് കൈമാറ്റപ്പെടുമ്പോൾ പൊതുബോധം അസ്വസ്ഥമാകുന്നു. അതാണ് ഇത്തരം ചോദ്യങ്ങൾക്കുപിന്നിലുള്ളത്.

**ഭാവിയെപ്പറ്റി അല്പം ചരിത്രം**

പിതൃകുടുംബത്തിൽ നിന്ന് കൈമാറിക്കിട്ടിയ അറിവ് അടുത്ത തലമുറയിലേക്ക് കൈമാറുമോ എന്ന ചോദ്യം കൂടിയുണ്ട്. ഗുരുവിനൊപ്പം നിന്ന് പ്രയോഗത്തിലൂടെയാണ് ഞാൻ പഠിച്ചത്. ഇന്ന് കാലം മാറി. എങ്കിലും ആണിൽ നിന്ന് ആണിലേക്ക് എന്ന നിയമം തെറ്റിച്ച് ഒരു പെണ്ണിലേക്കെത്തിയ ചികിത്സാവിജ്ഞാനത്തെ താത്പര്യമുള്ള ആരിലേക്കും പകർന്നു നൽകാൻ തയ്യാറാണ്.

പക്ഷേ, ചികിത്സ പഠിക്കാൻ ആഗ്രഹിക്കുന്നവർ അല്പം ചരിത്രം മനസ്സിലാക്കുന്നത് നന്നായിരിക്കും.

ദാനയാദികർമ്മങ്ങൾ പലതും ചെയ്തിലും സദാ

വിഷാർത്ത രക്ഷണത്തോട് സാമ്യമില്ലെന്ന് കേൾപ്പിത്

ദാനയാദികർമ്മങ്ങളേക്കാൾ മഹത്തരമാണ് വിഷദംശനത്തിൽ നിന്ന് രക്ഷിക്കലെന്ന് ആയുർവ്വേദ ഗ്രന്ഥങ്ങൾ ഉദ്ഘോഷിക്കുന്നു.

ആദികാലം മുതൽ ധർമ്മ സ്ഥാപനം എന്ന നിലയിലാണ് വിഷചികിത്സയെ കേരളീയർ കണ്ടത്. അതുകൊണ്ട് പ്രഭു കുടുംബങ്ങളും മറ്റുമാണ് വിഷചികിത്സ അഭ്യസിച്ചിരുന്നതും ചെയ്തു വന്നതും. ഒരോ തറവാട്ടിലെയും ഒരംഗത്തെയെങ്കിലും വിഷചികിത്സ ചെയ്യാൻ നിയോഗിച്ചിരുന്നു. എന്നാൽ നവോത്ഥാന കാലഘട്ടം മുതൽ പ്രഭുത്വത്തിനു ക്ഷയം വന്നതോടു കൂടി അതിനു കാരണം വിഷചികിത്സയാണ് എന്ന് പ്രചരിപ്പിച്ചു. വിഷചികിത്സ ചെയ്യുന്നത് ശാപമാണ്, ദോഷമാണ് എന്നെല്ലാമുള്ള വിശ്വാസത്തിൽ നിന്ന് പല തറവാടുകളും വിഷചികിത്സയിൽ നിന്നൊഴിഞ്ഞു മാറി.

ആ പ്രഭു കുടുംബങ്ങളിലെ ശിഷ്യന്മാരായ സാധാരണക്കാർ ശാസ്ത്രത്തിലുള്ള പ്രതിപത്തികൊണ്ടു മാത്രം കഴിഞ്ഞ രണ്ടു തലമുറകളിൽ വിഷവൈദ്യം കഷ്ടിച്ച് നിലനിർത്തി.

വിഷചികിത്സ ധനാർജ്ജനോ പാധിയായിരുന്നില്ല. അതൊരു ധർമ്മപ്രവൃത്തിയായിരുന്നു. എന്നാൽ നിത്യവൃത്തിക്ക് നിവൃത്തിയില്ലാത്ത ശിഷ്യന്മാർ ഈ ചികിത്സാ പദ്ധതി ഏറ്റെടുക്കുന്നതോടെ അതിന്റെ സുവർണ്ണകാലം അസ്തമിച്ചെന്നു പറയാം.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ കേരളീയ പാരമ്പര്യ വിഷചികിത്സയുടെ ഭാവിയെപ്പറ്റി അതിന്റെ പ്രയോക്താക്കൾ സംശയം പ്രകടിപ്പിച്ചു തുടങ്ങിയതാണ്. ഒരുപക്ഷേ, ആധുനിക വൈദ്യശാസ്ത്രത്തിലെ ആന്റിവെനം ചികിത്സ കേരളത്തിൽ സജീവമാകും മുമ്പേ ഇവിടെ ഈ ആശങ്ക നിലനിന്നതായി കാണാം. 1903–04 കാലഘട്ടത്തിലിറങ്ങിയ ധന്വന്തരി മാസികയിൽ മുതൽ വി.എം.കുട്ടികൃഷ്ണമേനോന്റെ ലേഖനങ്ങളിൽ വരെ ഈ സംശയം നിലനില്ക്കുന്നതായി കാണാം. ആന്റി സ്നേക് വെനത്തിന്റെ പ്രചാരവും ഫലപ്രാപ്തിയും കൊണ്ടല്ല കേരളീയ വിഷവൈദ്യം ജീർണ്ണതയിലേക്ക് നീങ്ങിയതെന്ന് വ്യക്തമാണ്. എന്നാൽ, 1960 കളിൽ നടന്ന ചില സംവാദങ്ങൾ കേരളീയ വിഷവൈദ്യത്തിന്റെ ജീർണ്ണതയ്ക്കു പിന്നിൽ ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയാണെന്ന തെറ്റിദ്ധാരണ പ്രചരിക്കാൻ ഇടവന്നു. അത് ഇന്നും നിലനില്ക്കുന്നു.

പ്രതിഫലേച്ഛ കൂടാതെ വേണം ചികിത്സിക്കാൻ എന്നതും വിഷചികിത്സ ശാപഗ്രസ്തമാണെന്നുമുള്ള സങ്കൽപ്പങ്ങൾ ഈ ചികിത്സ പഠിക്കുന്നതിനും മുന്നോട്ടു കൊണ്ടുപോകുന്നതിനും യുവതലമുറയിൽ താത്പര്യമില്ലാതാക്കി. പാമ്പുകളുടെയും വിഷജീവികളുടേയും വിഹാരകേന്ദ്രമായിരുന്ന കേരളത്തിൽ ആയിരക്കണക്കിന് വർഷമെടുത്താണ് തനതു ചികിത്സാരീതികൾ രൂപം കൊണ്ടത്. പ്രഭുത്വം നശിക്കുകയും ആ നാശത്തിനു കാരണം വിഷചികിത്സയാണെന്ന വിശ്വാസം വളരുകയും

**ഇന്ന് വിഷവൈദ്യം ചെയ്യുന്ന ഭൂരിപക്ഷം വൈദ്യന്മാരുടേയും പ്രായം അറുപതിനു മുകളിലാണ്. അവരുടെ പുതു തലമുറക്കാർക്ക് കാശിനു കൊള്ളാത്ത ഈ ചികിത്സ പഠിക്കാൻ ഒരു താത്പര്യവുമില്ല. ആധുനിക വൈദ്യശാസ്ത്രവും ആധുനികവിദ്യാഭ്യസവും പ്രബലമായിരിക്കുന്ന ഇക്കാലത്ത് കേരളീയ വിഷവൈദ്യത്തിന് ഒരു പ്രസക്തിയുമില്ലെന്നും അതുകൊണ്ട് അത് പഠിപ്പിക്കാൻ വൈദ്യന്മാർ ഇഷ്ടപ്പെടുന്നില്ലെന്നതുമാണ് നേര്.**

ചെയ്തു. യഥാർത്ഥത്തിൽ നവോത്ഥാന കാലഘട്ടത്തോടു കൂടി പ്രഭുത്വവും ജന്മിത്വവും ഇല്ലാതാകുന്നതിന് ചരിത്രപരമായി പല കാരണങ്ങളുണ്ടായിട്ടുകൂടി വിഷ ചികിത്സ നടത്തിയിരുന്ന കുടുംബങ്ങൾ സർപ്പശാപമാണ് അധഃപതനത്തിന് കാരണമെന്ന് കരുതി. വിശ്വാസവും ചരിത്രപരമായ വസ്തുതകളെയും തമ്മിൽ ബന്ധിപ്പിച്ച് നോക്കാനോ യുക്തിപരമായി ചിന്തിക്കാനോ ഒരിക്കലും ശ്രമിച്ചില്ല. എന്നാൽ ആ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് പിന്നീടുണ്ടായ തലമുറകളെല്ലാം തന്നെ ചികിത്സ പഠിക്കാനോ പ്രായോഗികമാക്കാനോ താത്പര്യം പ്രകടിപ്പിച്ചില്ല. താത്പര്യം പ്രകടിപ്പിച്ചവരാകട്ടെ പ്രതിഫലേച്ഛ കൂടാതെയുള്ള ചികിത്സയിൽ കൂടുതൽ ദുരിതത്തിലുമായി. അതു വീണ്ടും ശാപഗ്രസ്തമാണെന്ന വിശ്വാസത്തെ ഊട്ടിയുറപ്പിക്കുവാനേ സഹായിച്ചുള്ളു. പിന്നീട് ആന്റിവെനിൻ പ്രചാരത്തിൽ വരികയും കൂടുതലാളുകൾ അതിൽ വിശ്വാസമുറപ്പിക്കുകയും ചെയ്തു. പാരമ്പര്യ ചികിത്സ ചെയ്യുന്നവരാകട്ടെ പലപ്പോഴും ദൂതലക്ഷണത്തെയും മന്ത്രത്തെയും മറ്റും കൂട്ടുപിടിച്ച് ഈ ചികിത്സാപദ്ധതി അശാസ്ത്രീയവും അസംബന്ധവുമാണെന്ന പേരു വരുത്തി. വിഷമേറ്റിട്ടുണ്ടെങ്കിൽ തന്നെ പരിഹരിക്കാൻ കഴിവുള്ള മരുന്നുകളൊന്നും പാരമ്പര്യവൈദ്യത്തിലില്ലെന്നും ആധുനിക ശാസ്ത്രകാരന്മാർ പ്രചരിപ്പിച്ചു.

എന്തുകൊണ്ടോ കേരളീയ വിഷവൈദ്യ പാരമ്പര്യം എന്നാൽ പാമ്പുവിഷത്തിനു മാത്രമുള്ളതാണെന്ന ചിന്തയാണ് ഇത്തരം പ്രശ്നങ്ങളിലേക്കെത്തിച്ചത് എന്നു പറയാം.

ഇന്ന് വിഷവൈദ്യം ചെയ്യുന്ന ഭൂരിപക്ഷം വൈദ്യന്മാരുടേയും പ്രായം അറുപതിനു മുകളിലാണ്. അവരുടെ പുതു തലമുറക്കാർക്ക് കാശിനു കൊള്ളാത്ത ഈ ചികിത്സ പഠിക്കാൻ ഒരു താത്പര്യവുമില്ല. ആധുനിക വൈദ്യശാസ്ത്രവും ആധുനികവിദ്യാഭ്യസവും പ്രബലമായിരിക്കുന്ന ഇക്കാലത്ത് കേരളീയ വിഷവൈദ്യത്തിന് ഒരു പ്രസക്തിയുമില്ലെന്നും അതുകൊണ്ട് അത് പഠിപ്പിക്കാൻ വൈദ്യന്മാർ ഇഷ്ടപ്പെടുന്നില്ലെന്നതുമാണ് നേര്. ഏതു ചികിത്സയും കർമ്മവും കൊണ്ടു നടക്കുന്നവർക്ക് പൂർവ്വസൂരികൾ പറഞ്ഞുവെച്ച ചില ചിട്ടകളും നിയമങ്ങളുമുണ്ട്. അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയുന്നവർക്കേ ചികിത്സാരഹസ്യം കൈമാറൂ എന്ന് ചിലർ വിശ്വസിക്കുന്നു. അങ്ങനെയുള്ള ശിഷ്യരെ കിട്ടാത്തതുകൊണ്ട് പഠിപ്പിക്കാത്തവരുമുണ്ട്. പാരമ്പര്യ ചികിത്സ ചെയ്യാൻ ഇപ്പോൾ സർക്കാരിന്റെ അംഗീകാരമില്ല. അക്കാദമിക് ബിരുദമുള്ളവർക്കു മാത്രമേ ഇപ്പോൾ ചികിത്സിക്കാൻ അവകാശമുള്ളു. അതുകൊണ്ടു തന്നെ ദുഷ്ക്കരമായ ചികിത്സ ചെയ്യാൻ പാരമ്പര്യ ചികിത്സ പഠിച്ചവർക്ക് സാധ്യമല്ല. 2004 ലെ ഹൈക്കോടതി വിധി ബി.എ.എം.എസ് ഇല്ലാത്ത ആയുർവ്വേദ ചികിത്സകരെ വ്യാജവൈദ്യന്മാരായി കാണുന്നു. മാത്രമല്ല പദ്യരൂപത്തിലും കാരികരൂപത്തിലുമുള്ള പ്രാചീനമധ്യകാലീന മലയാള കൃതികൾ വായിച്ചു മനസ്സിലാക്കുക പ്രയാസവുമാണ്.

ചികിത്സ പഠിക്കുവാനും പഠിപ്പിക്കുവാനും താത്പര്യമില്ലാത്തവരായി ഇവർ മാറുമ്പോൾ സ്വാഭാവികമായും ആയിരക്കണക്കിന് വർഷങ്ങളെടുത്തുണ്ടായ ഒരു ചികിത്സാ പദ്ധതി അന്യം നിന്നു പോവുകയാണ് ചെയ്യുന്നത്. അക്കാദമിക് ബിരുദമുള്ളവരാണെങ്കിൽ വിഷ ചികിത്സയെ കാര്യമായെടുക്കുകയോ പ്രയോഗിക്കുകയോ ചെയ്യുന്നില്ല.

നാട്ടറിവുകളും ഔഷധങ്ങളെ തിരിച്ചറിയാനുള്ള കഴിവുമുള്ളവർ ഇന്നത്തെ തലമുറയിൽ പരിമിതമാണ്. അറിവുകൾ കൊഴിഞ്ഞുപോകുന്നത് അത്യന്തം ദുഖകരമാണ്. പല തറവാടുകളിലും മാനുസ്ക്രിപ്റ്റ് ലൈബ്രറികളിലുമായി അനേകം താളിയോലകൾ പൊടിപിടിച്ചും മാറാല പിടിച്ചും കിടക്കുന്നു. ഇതിനൊന്നും ആവശ്യക്കാരില്ലെങ്കിൽ ഒരു പ്രയോജനവുമുണ്ടാവില്ല. മാത്രമല്ല, പ്രായോഗിക ജ്ഞാനമില്ലാതെ ഈ ഗ്രന്ഥങ്ങളിലെ പ്രയോഗങ്ങൾ കൊണ്ട് നേട്ടവുമില്ല.



രാധ

# വായനയുടെ നടത്തിപ്പുകാരി

ഞാൻ കാഞ്ഞൂർ പഞ്ചായത്തിലെ തുറവുങ്കര എന്ന ഗ്രാമത്തിൽ ഒരു പാവപ്പെട്ട വീട്ടിലാണ് ജനിച്ചത്. അക്ഷരാഭ്യാസമില്ലാത്ത മാതാപിതാക്കൾ. ഏഴുമക്കളായിരുന്നു എന്റെ അമ്മയ്ക്ക്. എനിക്കും, എന്നേക്കാളും മൂത്ത സഹോദരനുമാണ് വിദ്യാഭ്യാസം ഉണ്ടായിരുന്നത്. മറ്റു സഹോദരങ്ങൾ ആരും പഠനം പൂർത്തീകരിച്ചിരുന്നില്ല. അവരെല്ലാം പണിക്കുപോയിരുന്നു. വീട്ടിൽ നിന്നും പുറത്തിറങ്ങാത്ത നാണംകുണുങ്ങിയായിരുന്നു ഞാൻ. ആരുമായും ചങ്ങാത്തം ഉണ്ടായിരുന്നില്ല. നാട്ടിൽ ആരും തന്നെ എന്നെ അറിയുകപോലുമില്ല. ആകെക്കൂടി ഞാൻ പുറത്തുപോയിരുന്നത് സ്കൂളിൽ മാത്രം. അല്ലാതെ തനിച്ച് ഞാൻ ഒരിടത്തും പോയിരുന്നില്ല. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അങ്കമാലിയിൽ മോണിംഗ് സ്റ്റാർ കോളേജിലും ചാലക്കുടി വനിതാ ഐടിസിയിലുമാണ് ഞാൻ പഠിച്ചത്. എല്ലായിടത്തും വനിതകൾ മാത്രമുള്ളയിടമായിരുന്നു. പഠിക്കാൻ പോകുമ്പോൾ വീട്ടിൽ അമ്മയ്ക്കു പേടിയായിരുന്നു. തനിച്ചാണ് പോകുന്നത്. ഏതാണ്ട് വിദേശത്ത് പഠിക്കാൻ പോകുന്നതുപോലെയാണ് അമ്മയുടെ സംസാരം കേട്ടാൽ. എന്ത് പഠിക്കണമെന്നോ എങ്ങനെ പഠിക്കണമെന്നൊ ഒന്നും പറഞ്ഞുതരുവാൻ ആരും ഉണ്ടായിരുന്നില്ല. പാഠപുസ്തകങ്ങൾ അല്ലാതെ മറ്റു പുസ്തകങ്ങൾ വായിക്കുവാൻ സമ്മതിക്കുമായിരുന്നില്ല. വീടിന് അടുത്തുതന്നെ ഒരു



ലൈബ്രറി ഉണ്ടായിരുന്നു. തുറവുങ്കര യൂസഫ് മെമ്മോറിയൽ ലൈബ്രറി. ഞാൻ അവിടെ പോകുകയോ പുസ്തകങ്ങൾ എടുക്കുകയോ ചെയ്തിട്ടില്ല. ലൈബ്രറിയെക്കുറിച്ച് ഒന്നുംതന്നെ എനിക്ക് അറിവുണ്ടായിരുന്നില്ല.

വിവാഹത്തിനുശേഷമാണ് ശരിക്കും പറഞ്ഞാൽ പുറംലോകം കാണുന്നത്. എന്റെ ഭർത്താവ് കാലടി എസ്. മുരളീധരൻ ഒരു ലൈബ്രറി പ്രവർത്തകനാണ്. അദ്ദേഹം തന്റെ ജീവിതം ലൈബ്രറിയ്ക്കും പുസ്തകങ്ങൾക്കും വേണ്ടി ഉഴിഞ്ഞുവെച്ചു. കാലടി എസ്.എൻ.ഡി.പി. ലൈബ്രറിയിൽ അദ്ദേഹം എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ എത്തിയതാണ്. തുടർന്നങ്ങോട്ട് അവിടെത്തന്നെയാണ് ജീവിതം. വിവാഹത്തിനുശേഷം ഞാനും, കുട്ടികളായതിനുശേഷം കുട്ടികളും ലൈബ്രറിയിൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്. എന്നെ നിർബന്ധപൂർവ്വമായിരുന്നു ആദ്യം ലൈബ്രറിയിൽ കൊണ്ടുപോയിരുന്നത്. ആളുകൾ അറിയുന്ന ഒരു വ്യക്തിയാക്കി എന്നെ മാറ്റണമെന്നും എല്ലാ കാര്യങ്ങളും സ്വന്തമായി ചെയ്യുവാൻ പ്രാപ്തിയുണ്ടാകണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അതിനുവേണ്ടി അദ്ദേഹം നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്നു. നിരന്തരം വായിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. വായനയിലൂടെ മാത്രമേ നമ്മളിൽ മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളു. സ്ത്രീ എന്നാൽ വീട്ടുപണികൾ ചെയ്യുന്ന, ഭർത്താവിന്റെയും കുട്ടികളുടെയും വസ്ത്രങ്ങൾ അലക്കുന്ന, ഭക്ഷണം വെച്ചുവിളമ്പിക്കൊടുക്കുന്നതിനു മാത്രമുള്ളതല്ല. വീട്ടുജോലികൾ എങ്ങനെയെങ്കിലും നടന്നുകൊള്ളും. നമ്മൾ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നിടത്തോളം കാലം സമൂഹത്തിനോട് പ്രതിബദ്ധതയുള്ള ആളായിരിക്കണം. നമ്മൾ ഈ സമൂഹത്തിൽ ജീവിച്ചിരുന്നു എന്ന് എല്ലാകാലത്തും ആളുകൾ ഓർക്കണം. ഇത്തരത്തിലുള്ള അറിവുകളും പുതിയ പുതിയ അറിവുകളും എന്നിലേയ്ക്ക് നിറച്ചുകൊണ്ടിരുന്നു. എന്നെ യാത്രചെയ്യുവാൻ പ്രേരിപ്പിച്ചു. എല്ലാ കാര്യത്തിനും എന്നെ തന്നെ വിട്ടു. ആദ്യം ഞാൻ മടിപറയുമെങ്കിലും അത് നിനക്ക് സാധിക്കും, സാധിക്കാത്തതായി ഒന്നുമില്ല എന്നു പറയും. നിരന്തരമായ ഇടപെടലിലൂടെ എന്നിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരുന്നു. അതിന്റെ ഭാഗമായി ഞാൻ എസ്.എൻ.ഡി.പി. ലൈബ്രറിയിൽ ആറുവർഷം ലൈബ്രേറിയനായി ജോലിചെയ്തു. അതിനുശേഷം ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റുകോഴ്സു ചെയ്യുന്നതിന് തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ പഠിക്കാൻ ചേർന്നു. ആറുമാസം അവിടെ പഠിച്ചു. അതിനുശേഷം വനിതാപുസ്തകവിതരണപദ്ധതി എസ്.എൻ.ഡി.പി. ലൈബ്രറിയിൽ നടപ്പിലാക്കി. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പദ്ധതിയാണ്. പുസ്തകങ്ങൾ വീടുകളിൽ എത്തിച്ച് വീട്ടമ്മമാരെ വായിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. അങ്ങനെ ഞാൻ സഞ്ചരിക്കുന്ന ലൈബ്രേറിയനായി. ഇന്ന് വായിക്കുന്നതിനും അറിവ് സമ്പാദിക്കുന്നതിനും നിരവധി മാർഗ്ഗങ്ങൾ ഉണ്ട്. എന്നാൽ സാധാരണക്കാരായ വീട്ടമ്മമാർക്ക് അതാത് ദിവസത്തെ പത്രങ്ങൾ വായിക്കുന്നതിനോ, ലൈബ്രറിയിൽ വന്ന് പുസ്തകങ്ങൾ എടുത്ത് വായിക്കുന്നതിനോ സാധിക്കുമായിരുന്നില്ല. ഇത്തരത്തിലുള്ള വീട്ടമ്മമാർ സമയംപോകാൻ കണ്ടെത്തിയ മാർഗ്ഗം സീരിയൽ കാണുകയെന്നതായിരുന്നു. എന്നാൽ ഇതൊന്നും കാണാൻ ഇഷ്ടപ്പെടാത്ത ധാരാളം വീട്ടമ്മമാർ ഉണ്ടായിരുന്നു. കുടുംബം ശിഥിലമാകുന്ന തരത്തിലുള്ള അമ്മായിയമ്മപ്പോരും നാത്തൂൻപോരും കുടുംബങ്ങൾ തമ്മിലുള്ള പോരും. ഇത്തരത്തിലുള്ള സീരിയലുകൾ കാണുന്ന വീട്ടമ്മമാർക്ക് എവിടെയാണ് പുസ്തകങ്ങൾ വായിക്കുന്നതിന് സമയം കിട്ടുന്നത്. ഇവർക്ക് ഏതുതരത്തിലുള്ള അറിവാണ് കിട്ടുന്നത്. എന്നാൽ ഇതെല്ലാം വേണ്ടായെന്നുവച്ച് പുസ്തകങ്ങൾ വായിക്കുന്ന വനിതകൾക്ക് ലഭിക്കുന്ന അറിവ് അവരുടെ ജീവിതത്തിൽ മാത്രമല്ല സമൂഹത്തിനും പ്രയോജനപ്പെടുന്നു.



ആവശ്യമായ പുസ്തകങ്ങൾ അവരുടെ വീടുകളിൽ എത്തിക്കുമ്പോൾ അവർ വായനയിൽ സുഖം കണ്ടെത്തുന്നു. വായനയിലൂടെ മാത്രമേ വലിയ ഹൃദയവിശാലത ലഭിക്കുകയുള്ളൂ. അറിവുള്ള സ്ത്രീകൾക്കു മാത്രമേ ഈ സമൂഹത്തിനു വേണ്ടി എന്തെങ്കിലും ചെയ്യുവാൻ സാധിക്കുകയു

ളളു. നമ്മുടെ അറിവില്ലായ്മയാണ് സമൂഹത്തിൽ നടക്കുന്ന എല്ലാ അരാജകത്വത്തിനും കാരണം. ആളുകൾ ആവശ്യപ്പെടുന്ന പുസ്തകങ്ങൾ നൽകുമ്പോൾ, അത് വായിക്കുമ്പോൾ, അവർക്ക് ലഭിക്കുന്ന സന്തോഷത്തിൽ ഞാൻ വളരെയധികം സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നു. കുട്ടികൾ എല്ലാം പ്രത്യേകിച്ച് പെൺകുട്ടികൾ എല്ലാം വായനാശീലം വളർത്തണം. എന്നാൽ മാത്രമേ അവർക്ക് തിരിച്ചറിവ് ഉണ്ടാകുകയുള്ളൂ. പുരോഗമനപരമായ ചിന്തയിലൂടെ മാത്രമേ സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുകയുള്ളൂ.

വീട്ടമ്മമാർക്ക് അടുത്തുള്ള ലൈബ്രേറിയിൽ പോയി പുസ്തകങ്ങൾ എടുക്കുന്നതിന് സമയം കണ്ടെത്താൻ സാധിക്കാറില്ല. സമയം ഉണ്ടെങ്കിൽതന്നെ അതിന് മെനക്കെടാറില്ല. പുസ്തകങ്ങൾ വായിക്കാൻ ആഗ്രഹിക്കുന്ന വീട്ടമ്മമാർ പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുമ്പോൾ വളരെയധികം സന്തോഷം കണ്ടെത്തുന്നു. വായനശാലയിൽ പുസ്തകങ്ങൾ നൽകുന്നതുപോലെ രണ്ട് പുസ്തകങ്ങൾ ആഴ്ചകളിൽ നൽകുന്നു. അടുത്തയാഴ്ച ചെല്ലുമ്പോൾ എടുത്ത പുസ്തകങ്ങൾ വായിച്ച് തിരികെ തരികയും വീണ്ടും പുതിയ രണ്ട് പുസ്തകങ്ങൾ എടുക്കുന്നു. സമയം ഇല്ല, എപ്പോഴും തിരക്കാണ് എന്നുപറയുന്ന വീട്ടമ്മമാരാണ് രണ്ട് പുസ്തകങ്ങൾ വായിച്ചുതീർത്ത് അടുത്തയാഴ്ചത്തേയ്ക്കുവേണ്ടി കാത്തിരിക്കുന്നത്. കുട്ടികൾക്ക് പരീക്ഷയ്ക്ക് നിങ്ങൾ വായിച്ച പുസ്തകത്തെക്കുറിച്ച് ആസ്വാദനം എഴുതുവാൻ ആവശ്യപ്പെടുമ്പോൾ അവർക്ക് അത് വളരെയധികം നന്നായി എഴുതുവാൻ സാധിച്ചിരുന്നു. സ്ത്രീകളിലെ വായനാശീലം കൂടുമ്പോൾ ഈ സമൂഹത്തിനാണ് മാറ്റമുണ്ടാകുന്നത്. ഇത് വഴി സമൂഹത്തിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കാൻ സാധിക്കും. ഇന്ന് സമൂഹത്തിൽ ഏറ്റവും അധികം ചൂഷണം ചെയ്യപ്പെടുന്നത് സ്ത്രീകളും കുട്ടികളുമാണ്. അവരുടെ അറിവില്ലായ്മയാണ് അവരെ ഈ ചൂഷണത്തിനിരയാക്കുന്നത്.

വീടുകളിൽ പുസ്തകങ്ങൾ എത്തിക്കുമ്പോൾ ആ പുസ്തകങ്ങൾ വായിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ ഉണ്ട്. എന്നാൽ പാഠപുസ്തകങ്ങൾ അല്ലാതെ മറ്റു പുസ്തകങ്ങൾ വായിക്കുവാൻ സമ്മതിക്കാറില്ല. സങ്കടം വന്നിട്ടുണ്ട്. എന്തുകൊണ്ടാണ് വായിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളെ പുസ്തകങ്ങൾ വായിക്കാൻ സമ്മതിക്കാത്തത്. വായിക്കുന്നതിലൂടെ കിട്ടുന്ന അറിവ് കുട്ടികളെ കൂടുതൽ വളർച്ചയിലേയ്ക്കും തിരിച്ചറിവിലേയ്ക്കും നയിക്കും എന്ന അറിവ് ആ അമ്മമാർക്ക് ഇല്ലാതെ പോകുന്നു.

ഞാൻ ഇപ്പോൾ പത്തുവർഷമായി കാലടിപഞ്ചായത്തിലെ ലൈബ്രേറിയനായി ജോലിചെയ്യുന്നു. രാവിലെയും വൈകീട്ടുമാണ് അവിടത്തെ പ്രവർത്തനസമയം. ഈ പഞ്ചായത്തിലുള്ള രണ്ട് ഗവ. സ്കൂളുകളിൽ പുസ്തകങ്ങൾ നൽകാറുണ്ട്. കാലടി എസ്.എൻ.ഡി.പി. ലൈബ്രേറിയിൽ നടക്കുന്ന എല്ലാ ബുധസംഗമത്തിലും ഞാൻ പങ്കെടുക്കും. 419 ആഴ്ചകളിൽ 419 വ്യത്യസ്ത വിഷയങ്ങളിൽ 419 വ്യത്യസ്ത ആളുകൾ അവിടെ സംസാരിച്ചു. അറിവുള്ള ആളുകളുടെ വാക്കുകൾ ശ്രദ്ധിച്ചാൽ എനിക്ക് ഒരു പുസ്തകം വായിച്ചപോലെയാണ്. നമ്മൾക്ക് അറിവ് ലഭിക്കുന്നത് വ്യത്യസ്ത തലത്തിലൂടെയാണ്. ദിവസവും ഏതെങ്കിലും പുസ്തകങ്ങൾ വായിക്കുകയും അതിന്റെ കുറിപ്പ് എഴുതുകയും ചെയ്യാറുണ്ട്. പുറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ എനിക്ക് വളരെ അത്ഭുതമാണ്. ആരും അറിയാതിരുന്ന, വീട് സ്വന്തം ലോകമായി കരുതിയിരുന്ന ഞാൻ, ഇന്നത്തെ എന്റെ സ്ഥാനം എന്താണെന്ന് മനസ്സിലാക്കുന്നു.

അഞ്ചുവർഷം കേരളകൗമുദി പത്രത്തിന്റെ പ്രാദേശിക ലേഖികയായി പ്രവർത്തിച്ചപ്പോൾ ഒത്തിരി ആളുകളെ പരിചയപ്പെടാൻ കഴിഞ്ഞു. എവിടെയും സ്വാതന്ത്ര്യത്തോടെ കടന്നുചെല്ലുവാനും സാധിക്കുമായിരുന്നു. ലൈബ്രേറിപ്രവർത്തനവുമായി ബന്ധപ്പെട്ട് ധാരാളം ലൈബ്രേറിപ്രവർത്തകരേയും എഴുത്തുകാരേയും പരിചയപ്പെടാനും ഇപ്പോഴും ഇവരുടെ നല്ല വാക്കുകൾ കേൾക്കുവാനും സാധിക്കുന്നു. ഇപ്പോൾ ഞാൻ ആലുവ താലൂക്ക് ലൈബ്രേറി കൗൺസിലിന്റെ എക്സിക്യൂട്ടീവ് അംഗമാണ്. കൂടാതെ ശാസ്ത്രസാഹിത്യപരിഷത്തിന്റെ ജില്ലാക്കമ്മറ്റിയംഗം, മേഖല കമ്മറ്റിയംഗം, യൂണിറ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. പുരോഗമനകലാസാഹിത്യ സംഘം കാലടി യൂണിറ്റ് കമ്മറ്റിയംഗം, വനിതാ സാഹിതി ജില്ലാക്കമ്മറ്റിയംഗം, എറണാകുളം ജില്ലാ ലൈബ്രേറിയൻസ് യൂണിയൻ ജില്ലാക്കമ്മറ്റിയംഗം, ആലുവ താലൂക്ക് ലൈബ്രേറിയൻ യൂണിയൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. പുരോഗമനപരമായി ചിന്തിക്കുന്നതും, നിരന്തരം നല്ല ആളുകളുമായി സമൂഹത്തിൽ ഇടപെടുന്നതും, വായനയുമാണ് എന്റെ ജീവിതത്തെ ഇങ്ങനെ മാറ്റിമറിച്ചതെന്ന് ഞാൻ കരുതുന്നു.

ചർച്ചാവിഷയം



സംഗീത തിരുവൾ പി.പി.

# സ്ത്രീവൈജ്ഞാനികതയും സാമൂഹ്യനിർമ്മിതിയും

ഏറ്റവും പഴക്കമുള്ള പാശ്ചാത്യ ജ്ഞാനദ്വന്ദങ്ങളിൽ പ്രധാനപ്പെട്ടവയാണ് പ്രകൃതി/സംസ്കാരം, സ്ത്രീ/പുരുഷൻ, ഗാർഹികം/പൊതു മുതലായവ. ആൺകോയ്മാ സമൂഹത്തിന്റെ ഒരു നിർമ്മിതിയായിരുന്നു ഇത്തരം സങ്കല്പനങ്ങൾ. രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ മേഖലകൾ പുരുഷന്റെ പ്രവർത്തന മണ്ഡലങ്ങളായി സങ്കല്പിക്കപ്പെട്ടപ്പോൾ സ്ത്രീയുടെ ലോകം ഗാർഹികമണ്ഡലമായി ചുരുങ്ങി.

ജൈവപരമായ ആവശ്യങ്ങളേക്കാൾ ഉപരിയായി സാമൂഹികമായ സൗകര്യങ്ങൾക്കു വേണ്ടിയാണ് സ്ത്രീയേയും കുഞ്ഞുങ്ങളേയും കേന്ദ്രമാക്കി ഗാർഹികമണ്ഡലം രൂപം കൊണ്ടതും, പുരുഷനെ കേന്ദ്രമാക്കി പൊതുമണ്ഡലം രൂപം കൊണ്ടതും. സാമൂഹികവും സാംസ്കാരികവുമായ രംഗപ്രവേശം പൊതുമണ്ഡലത്തിലൂടെ പുരുഷനു സാദ്ധ്യമാകുമ്പോൾ ഗാർഹികമണ്ഡലം സ്ത്രീയുടെ സ്വകാര്യഇടമായി നിസ്സാരവത്ക്കരിക്കപ്പെടുന്നു.


സ്ത്രൈണം എന്നു കള്ളിതിരിച്ചു നിർത്തപ്പെട്ട ഗാർഹിക മേഖല കേവലം അതിൽ ഒതുങ്ങുന്നതാണോ? ശിശുപാലനം, വൃദ്ധജനപരിപാലനം, ഗൃഹകൃത്യങ്ങൾ, തുന്നൽ, തയ്യൽ, ചിത്രമെഴുത്ത്, സംഗീതം, നൃത്തം ഇത്യാദികളാണ് സ്ത്രീയുടെ പ്രവർത്തനമേഖലയായി നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. ഇവ കേവലം ഗൃഹകർമ്മങ്ങളും സുകുമാരകലകളും മാത്രമാണോ അതോ ഇവയുടെ വൈജ്ഞാനികമൂല്യവും സാമ്പത്തികമൂല്യവും സാമൂഹികനിർമ്മിതിയ്ക്കുതകുന്നുണ്ടോ എന്നും ആദ്യകാല സ്ത്രീമാസികകളിലെ സ്ത്രീലേഖനങ്ങളെ മുൻനിർത്തിയുള്ള ഒരു ആലോചനയാണിവിടെ നടത്തുന്നത്.

ആദ്യകാല സ്ത്രീ മാസികകളിൽ ഏറെ പ്രശസ്തമായ ഒന്നാണ് 1905 ൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ ശാരദ. സ്ത്രീ സംബന്ധിയായ നിരവധി വിഷയങ്ങളെ കേരളീയ സ്ത്രീ സമൂഹത്തിനു പരിചയപ്പെടുത്തിയത് ശാരദയാണ്. 'Talk on Health' എന്ന Mrs. Isabel Branderരുടെ ഇംഗ്ലീഷ് ലേഖനം ആരോഗ്യശാസ്ത്രം എന്ന പേരിൽ പരിഭാഷപ്പെടുത്തി ശാരദയിൽ പ്രസിദ്ധീകരിച്ചിരുന്നു. മനുഷ്യശരീരത്തിലെ വിവിധ അവയവങ്ങൾ, വ്യായാമം, ശുചിത്വം, പലതരം ആരോഗ്യ പ്രശ്നങ്ങൾ, ശിശുജന്യമായ അസുഖങ്ങൾ, ജലസ്രോതസ്സുകളുടെ ശുചീകരണം, ആഹാരചിന്തകൾ, വിവിധ ആഹാരങ്ങളിലടങ്ങിയ പ്രോട്ടീൻസ്നില എന്നിങ്ങനെ വിവിധ വിഷയങ്ങൾ പ്രതിപാദിച്ചിരുന്ന ആരോഗ്യശാസ്ത്രം ശാരദയുടെ ഒരു മുഖ്യ ഇനമായിരുന്നു.


'ഗൃഹചികിത്സ' എന്ന പംക്തിയിൽ പല്ലുവേദന,

തലവേദന, ചെന്നിക്കുത്ത്, നേത്രരോഗങ്ങൾ എന്നിവയ്ക്കുള്ള ചികിത്സ പ്രതിപാദിച്ചിരുന്നു 'ഗൃഹകാര്യങ്ങൾ' എന്ന(മാർച്ച് 1908 ശാരദ) പംക്തിയിൽ തൊണ്ടയടപ്പ്, ദഹനക്കേട് എന്നീ രോഗങ്ങളുടെ ഒറ്റമൂലികളെ നിർദ്ദേശിക്കുന്നുണ്ട്. ഒപ്പം തന്നെ ദഹനക്കേട് മാറുന്നതിന് 'കോൺഫ്ളവർ' കൊണ്ട് ഉണ്ടാക്കാവുന്ന പലഹാരത്തിന്റെ കുറിപ്പും നൽകുന്നുണ്ട്.

NEEDLE WORK (D.H.W) എന്ന ഇംഗ്ലീഷ് ലേഖനത്തിന്റെ മലയാള തർജ്ജമയിൽ കലാവിദ്യകളിൽ ഏറ്റവും പുരാതനമായ തുന്നൽക്കലയെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. എല്ലാ കാലങ്ങളിൽ നിന്നുമുള്ള സാഹിത്യത്തിൽ സ്ത്രീകൾ തുന്നൽ സംബന്ധിയായ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നതിന്റെ ഉദാഹരണങ്ങൾ ഈ ലേഖനം നിരത്തുന്നുണ്ട് ''ട്റോയി പട്ടണത്തിന്റെ അഭിരോധകാലത്തു ഹെലനും ആന്റ്റോമക്കെയും വിചിത്ര തയ്യൽ (Embroidery) പണിയിൽ ഏർപ്പെട്ടിരുന്നതായി ഹോമർ എന്ന കവി പറഞ്ഞിരിക്കുന്നു. വില്യം 3-ാമന്റെ ഭാര്യ ആളിമാരോടു കൂടി തിരശ്ശീലയിൽ ചിത്രവേലകൾ ചെയ്തു കൊണ്ടിരിക്കുന്നതായി വർണ്ണിച്ചിരിക്കുന്നു. പേർഷ്യയിലെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ജനസമൂഹത്തിലെ സ്ത്രീകൾ ഒഴിവുസമയത്ത് പരവതാനികളിൽ അലങ്കാര വേലകൾ ചെയ്തു വന്നതായി പറയപ്പെടുന്നു. ഇക്കാലത്തെ സത്രീകൾ ഈ കലയെ അവശ്യം പരിശീലിക്കേണ്ട ഒരു വിദ്യയായി ഗണിച്ച് അഭ്യസിക്കുന്നു''(ശാരദ 1908 ജൂലൈ). ഒരു വിദ്യ എന്ന നിലയിലാണ് ആദ്യകാല സ്ത്രീമാസികകൾ തയ്യലിനെയും തുന്നലിനെയും നോക്കിക്കണ്ടിരുന്നത്. ''ഈ ജോലി സ്ത്രീകൾക്കുതകിയതാണെന്നും അവർക്കതിൽ പ്രത്യേകമായ വാസനയും അഭിരുചിയും ഉണ്ടെന്നും പ്രസിദ്ധമായുള്ളതാണ്. ഇംഗ്ലീഷിൽ സ്ത്രീ എന്നർഥമുള്ള 'വുമൺ' എന്നവാക്കും നെയ്യുക എന്നർത്ഥമുള്ള 'വീവ്'എന്ന വാക്കും ഒരേ ധാതുവിൽ നിന്നുണ്ടായതാണ് ''എന്ന് ശ്രീമതി കെ. ലക്ഷ്മിക്കുട്ടിനേത്യാരമ്മ നിരീക്ഷിക്കുന്നുണ്ട് (സ്ത്രീ 1933). ഈ ജോലി ദരിദ്രന് ഉപജീവനമാർഗ്ഗമായും സമ്പന്നനു മനോവികാസത്തിനും വിനോദത്തിനും കാരണവുമായിത്തീരുന്നു. ഒരു ഗൃഹനായികയ്ക്ക് തുന്നൽ വിദ്യ വശമുണ്ടെങ്കിൽ ഗൃഹഭരണത്തിൽ സാമ്പത്തികമായും സൗന്ദര്യപരമായും ഉന്നമനം സാദ്ധ്യമാകും. 'അടുക്കളയിൽ' എന്ന ലേഖനത്തിൽ (സ്ത്രീ 1933-1108 ഇടവം ലക്കം) ഒരു സ്ത്രീ എന്ന പേരിൽ എഴുതിയ പാചകം, കല എന്നീ വിദ്യകളെക്കുറിച്ചുള്ള ചർച്ച ഏറെ പ്രാധാന്യമർഹിക്കുന്നു. 'പരിഷ്കൃതങ്ങളായ പാശ്ചാത്യ രാജ്യങ്ങളിൽ ഈ ശാസ്ത്രവും കലയും പഠിപ്പിക്കുവാൻ കേളേജുകൾ ഉണ്ട്. അവിടങ്ങളിൽ എത്ര ധനിക ഗൃഹങ്ങളിലെ സ്ത്രീകളും പാചകവിദ്യ പഠിച്ചവരായിരിക്കും. ആ പഠിപ്പില്ലാത്തത് അവരുടെ ഇടയിൽ ഒരു കുറവായിട്ടു കരുതുന്നു'(സ്ത്രീ 1933). ഇപ്രകാരം അടുക്കള ജോലികൾ എന്നു നിസ്സാരവ



15. ലക്ഷ്മീഭായി



ത്ക്കരിക്കുന്ന വിഷയങ്ങളാണ് 'ഹോം സയൻസ്സ്' എന്ന പേരിൽ കലാലയങ്ങളിൽ ബിരുദബിരുദാനന്തര പഠനത്തിന് വിഷയമായി ഭവിക്കുന്നത്. പാശ്ചാത്യ നോവലിന്റെ മാതൃകയിൽ മലയാളത്തിൽ രചിക്കപ്പെട്ട ചന്തുമേനോന്റെ ഇന്ദുലേഖയിലും നായികയായ ഇന്ദുലേഖയ്ക്കും തുന്നൽ വിദ്യയറിയാം. ഇന്ത്യയിലെ പ്രാചീന നവീന വിദ്യാഭ്യാസം എന്ന ലേഖനത്തിൽ തിയ്യാടിൻ കൊച്ചുകുട്ടിയമ്മയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. ''ചിത്രമെഴുത്ത്, സംഗീതം, ഗൃഹഭരണം മുതലായവയിൽ പ്രാചീന സ്ത്രീകൾക്ക് പാടവമുണ്ടായിരുന്നു. എന്നാൽ അച്ചടി, വർത്തമാനക്കടലാസ്സ്, മാസിക എന്നിവ ഇല്ലാതിരുന്നതിനാൽ അവരുടെ പേര് പുറത്തുവന്നില്ല. എന്നല്ലാതെ പണ്ട് നമ്മുടെ നാട്ടിൽ വിദുഷികൾ ധാരാളമായി ഇല്ലായിരുന്നു എന്നുവിചാരിക്കാൻ തരമില്ല''(മഹിള 1921 ജനുവരി).

പ്രത്യുല്പാദനം, ഗൃഹഭരണം എന്നിവ തൊഴിൽ വിപണിയുമായി ചേർത്തുവച്ച് ചിന്തിക്കേണ്ട സുപ്രധാന മേഖലകളാണെന്ന് സാമ്പത്തിക ശാസ്ത്രജ്ഞനായ ജെ. മിൻസർകണ്ടെത്തുകയുണ്ടായി (Mincer J. Labour Force Participation of Married Women in Aspect of Labour Economics) ഗൃഹഭരണത്തിനായി സ്ത്രീ ചെലവഴിക്കുന്ന സമയം, ഗൃഹകൃത്യങ്ങൾ എന്നിവ കൂട്ടിച്ചേർത്ത് പരമ്പരാഗത തൊഴിൽ സിദ്ധാന്തത്തെ മിൻസർ വിപുലീകരിച്ചു. ഗൃഹഭരണത്തോടൊപ്പം തൊഴിൽ വിപണിയിൽ പ്രവേശിച്ച് കുടുംബ വരുമാനം വർദ്ധിപ്പിക്കാൻ സ്ത്രീയെ അവളുടെ സാഹചര്യം നിർബന്ധിതയാക്കുന്നു.

തൊഴിൽ കഴിഞ്ഞെത്തുന്ന പുരുഷന്റെ ശേഷിച്ച മണിക്കൂറുകൾ വിശ്രമവേളകളായി മാറുമ്പോൾ സ്ത്രീയുടെ വിശ്രമവേളകൾ വീണ്ടും വീണ്ടും വീട്ടിലെ ഉല്പാദനത്തിനായി മാറ്റിവയ്ക്കേണ്ടിവരുന്നു. ഇത്തരത്തിൽ സ്ത്രീ നിർവ്വഹിക്കേണ്ടതായി വരുന്ന ഇരട്ട അദ്ധ്വാനം പണമൂല്യത്തിൽ വരുന്നുമില്ല. സ്ത്രീയുടെ വിശ്രമവേളകളും പൊതുപരിപാടികളും താത്പര്യങ്ങളും ബലികഴിച്ച് ആ സമയം വീട്ടിലെ ഉത്പാദനത്തിനായി മാറ്റിവയ്ക്കുന്നു. ഈ ഇരട്ട അദ്ധ്വാനത്തിൽ കുടുംബത്തിന്റെ പണപരമായ മൂല്യത്തിൽ വ്യതിയാനം സംഭവിക്കുന്നുണ്ട് എങ്കിലും അത് കണക്കാക്കപ്പെടുന്നില്ല. അടുക്കളയിൽ നിന്ന് അരങ്ങത്തെത്തിയ സ്ത്രീയ്ക്ക് ഇന്ന് ഇത്തരം ഇരട്ട ഉത്പാദനത്തിന്റെ സമ്മർദ്ദങ്ങളിൽപ്പെട്ട് അകാലവാർദ്ധക്യത്തേയും മാരകമായ അസുഖങ്ങളേയും നേരിടേണ്ടതായി വരുന്നു. പരമ്പരാഗത തൊഴിൽ സിദ്ധാന്തമനുസരിച്ച് ഒരു തൊഴിൽ ദിനത്തിൽ രേഖപ്പെടുത്താത്ത സമയം വിശ്രമസമയമാണ്. എന്നാൽ മിൻസറുടെ സിദ്ധാന്തപ്രകാരം സ്ത്രീയുടെ ഉല്പാദനക്ഷമങ്ങളായ മണിക്കൂറുകളാണ് ഗൃഹഭരണത്തിനായി നീക്കിവയ്ക്കുന്നത്. ഈ സിദ്ധാന്തപ്രകാരം ഗൃഹഭരണവും തൊഴിലിന്റെ പട്ടികയിലേയ്ക്കു പ്രവേശിച്ചു. ഗൃഹനായികയായിത്തീരുന്ന സ്ത്രീയുടെ ഉത്തരവാദിത്വത്തെ 1923 മഹിളയിലെ 'രാജ്യത്തെ സൃഷ്ടിക്കുന്നതാര്? എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. ''ശുശ്രൂഷയിൽ വിശിഷ്യവൈദുഷ്യവും പരിചയവും ഗൃഹബോധന ശാസ്ത്രത്തിലും ലോക വ്യവഹാരങ്ങളിലും നൈപുണ്യവുമുള്ള ഒരു വിദുഷിയും പ്രായോഗിക കലാവിദ്യകളിൽ സാമർത്ഥ്യമുള്ള ഒരു ഭരണകർത്രിയും, ഒരു ജനറൽ മാനേജരും, സാമാനങ്ങൾ വാങ്ങുന്ന ഒരു ഏജന്റും, അതേ സമയത്തു തന്നെ ഒരു രക്ഷാധികാരിണിയും അദ്ധ്യാപികയുമാകേണ്ടതാകുന്നു.''(മഹിള 1923 ലക്കം 4). ഇപ്രകാരം സമസ്ത മേഖലകളിലും പ്രാവീണ്യം സിദ്ധിച്ച സ്ത്രീകൾ നമ്മുടെ നാട്ടിലുണ്ടാകണമെങ്കിൽ സ്ത്രീ വിദ്യാഭ്യാസത്തിനായി ഒരു പ്രത്യേക പാഠ്യ പദ്ധതി നിർമ്മിക്കേണ്ടതുണ്ട് എന്ന അവബോധവും ആദ്യകാല മാസികയിലെ സ്ത്രീ എഴുത്തുകാർ പുലർത്തുന്നുണ്ട്. ഒരു സ്ത്രീ വിദ്യാഭ്യാസ പാഠ്യപദ്ധതി അവർ ലക്ഷ്യം വയ്ക്കുന്നുണ്ടായിരുന്നു. 1921 ജനുവരി ലക്കം മഹിളയിൽ മിസിസ്സ് എസ്. ശ്രീനിവാസഅയ്യർ സ്ത്രീ പാഠ്യപദ്ധതിയെക്കുറിച്ച് ഇപ്രകാരം പറയുന്നു ''ശിശുസംരക്ഷണം, ബാലചികിത്സ, എന്നിവയുടെ പ്രഥമ പാഠങ്ങൾ, സംഗീതം, ചിത്രമെഴുത്ത്, കണക്ക് വ്യായാമം ഇതുക്കൾ അഭ്യസിപ്പിക്കുന്നതിന് നമ്മുടെ സ്ത്രീകൾക്കു ചേർന്ന ഒരു സ്കീം, തയ്യാറാക്കണം.'' പാശ്ചാത്യരീതിയെ അനുകരിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സ്ക്കീം അല്ല ഇവിടെ പരാമർശിക്കപ്പെടുന്നത്. കേരളത്തിന്റെ പ്രത്യേക ആവശ്യങ്ങളെ മുൻനിർത്തിയുള്ള ഒരു പദ്ധതിയെയാണ്. ശിശുമരണനിരക്ക് അക്കാലത്ത് കേരളത്തിൽ അധികമായിരുന്നു. ആയതിനാൽ ശിശുചികിത്സ, ശിശുപരിചരണം എന്നിവയ്ക്ക് ആദ്യകാല സ്ത്രീമാസികകൾ കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. യഥാർത്ഥ ജീവിതത്തിനുതകുന്ന വിദ്യാഭ്യാസമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കപ്പെട്ടത്. അലഹബാദിലെ സ്ത്രീ സർവ്വകലാശാലയിലെ പ്രധാന പാഠ്യവിഷയങ്ങൾ ചരിത്രം, ഭൂമിശാസ്ത്രം, ഗൃഹഭരണ തന്ത്രം, ആരോഗ്യശാസ്ത്രം, രസതന്ത്രം, സംഗീതം, ചിത്രമെഴുത്ത് എന്നിവയാണ്. അഭ്യസന മാധ്യമം മാതൃഭാഷയാണ്. (മഹിളാ ഭാഷണം 1922 മഹിള ജൂലൈ ആഗസ്റ്റ്). ഇപ്രകാരം ആദ്യകാല സ്ത്രീമാസികകളിലൂടെ വിഭാവനം ചെയ്യുന്ന ജ്ഞാനപദ്ധതികളിൽ മുഖ്യമായ ഒന്ന് ഗൃഹഭരണജ്ഞാനമാകുന്നു.

ഒരു രാജ്യം വികസിതമാണോ അവികസിതമാണോ എന്നു നിശ്ചയിക്കുന്നത് അവിടുത്തെ ജനങ്ങളുടെ ജീവിതനിലവാരം, പ്രതിശീർഷ വരുമാനം, വിദ്യാഭ്യാസം, ആരോഗ്യം, ശിശുമരണ നിരക്ക്, ആയുർദൈർഘ്യം എന്നിവ കണക്കിലെടുത്തുകൊ

ണ്ടാണ്. ധനശാസ്ത്ര പ്രകാരം പണം ഒരു പ്രധാന ഉപകരണമാണ്. കരുതലോടു കൂടിയ ഗൃഹഭരണം പണത്തിന്റെ വിനിയോഗം കാര്യക്ഷമമാക്കും. വീട്ടു ചെലവിൽ മിച്ചം വരുന്ന പണം ചിട്ടിയിലും, ബാങ്കിലും നിക്ഷേപിച്ച് ഇത്തരം പൊതു സംരഭങ്ങളിൽ സ്ത്രീകൾ പങ്കാളികളാകുന്നു. എറണാകുളം വടക്കേക്കര ഭാഗത്ത് പഴയകാലത്ത് വീട്ടമ്മമാർക്കായി അരിച്ചിട്ടികൾ നടത്തിവന്നിരുന്നു. ദിവസവും വേവിക്കാൻ എടുക്കുന്ന അരിയിൽ നിന്നും ഒരു പിടി മാറ്റി സംഭരിച്ച് ആഴ്ചയിൽ ഒരുനാഴി എന്നമുറയ്ക്ക് പ്രദേശത്തെ സ്ത്രീ പ്രതിനിധിയെ ഏൽപ്പിക്കുന്നു. ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ അളവിനു തുല്യമായ അരി തിരിച്ചു വിതരണം ചെയ്തു പോന്നിരുന്നു. വിശേഷാവസരങ്ങളിൽ കൂലിപ്പണിക്കാരുടെ ഭവനങ്ങളിലെ പട്ടിണി ഒഴിവാക്കാൻ ഇത്തരം സ്ത്രീ സംഘങ്ങൾ ഒരു പരിധിവരെ സഹായിച്ചിരുന്നു. പ്രായോഗിക ജീവിതത്തിൽ നിന്നും ആർജ്ജിച്ച ജ്ഞാനമാണ് സാധാരണക്കാരായ വീട്ടമ്മമാരെ ഇത്തരം സ്ത്രീസംഘങ്ങൾ രൂപീകരിക്കാൻ പ്രേരിപ്പിച്ചത്. തുന്നൽ, നൂൽ നൂൽപ്പ്, കയറുപിരി, ചായപ്പണികൾ, അടുക്കളത്തോട്ടം, ആടുമാടുകളുടെ വളർത്തൽ എന്നിവയിൽ നിന്നുള്ള വരുമാനം കൊണ്ട് ഒരു വീട്ടിലെ സമ്പാദ്യം വർദ്ധിപ്പിക്കാൻ ആ വീട്ടിലെ സ്ത്രീകൾക്കു സാധിക്കുന്നു. എന്നാൽ ഇത് കേവലം വീട്ടുപ്രവർത്തനം മാത്രമായി ഒതുങ്ങുന്നു.

രോഗീശുശ്രൂഷ, വൃദ്ധജനപരിപാലനം, ശിശുപരിചരണം എന്നിവയും വീട്ടമ്മയുടെ പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന മേഖലകളാണ്. ഇക്കാര്യത്തിലുള്ള സ്ത്രീയുടെ ജ്ഞാനവും പരിചയവും വീടിന്റേയും സമൂഹത്തിന്റേയും ശരാശരി ആയൂർദൈർഘ്യനിരക്കിനേയും ശിശുമരണ നിരക്കിനേയും നിലവാരപ്പെടുത്തുന്നു. ഇത് രാജ്യത്തെ മെച്ചപ്പെടുത്തും. മേൽപറഞ്ഞ മേഖലകളിൽ സ്ത്രീക്കുള്ള ജ്ഞാനത്തെ ഒരു ജ്ഞാനമായി സ്ത്രീകൾ പോലും തിരിച്ചറിയുന്നില്ല.

രാജ്യത്തിന്റെ മൊത്തവരുമാനം കണക്കാക്കപ്പെടുമ്പോൾ സ്ത്രീകളുടെ ഉല്പാദനത്തെയും വൈജ്ഞാനിക സമ്പത്തിനേയും കൂടി കണക്കിലെടുക്കേണ്ടതുണ്ട് എന്ന് റിക്കാർഡോ പറയുന്നുണ്ട്. ഇത്തരത്തിൽ ഗൃഹ്യം എന്നുകരുതി സമൂഹം പാർശ്വവത്കരിക്കുന്ന സ്ത്രീ കൃത്യങ്ങൾ, സ്ത്രീ വിജ്ഞാനങ്ങൾ എന്നിവ അവയുടെ കേവലതയെ മറികടന്ന് സാമൂഹ്യവും സാമ്പത്തികവും വൈജ്ഞാനികവും സാംസ്കാരികവുമായ ഒരു മാനം കൈവരിക്കുന്നുണ്ട്.

---

കവിത

# കലിക

വിജയരാജമല്ലിക



പുരുഷന്റെ കയ്യിൽ ഞെരിഞ്ഞമരേണ്ട
കലികയല്ലാ ഇവൾ കലികയല്ലാ
പുരുഷാന്തരങ്ങളിൽ കോൾമയിർ കൊള്ളേണ്ട
കവിതയല്ലാ ഇവൾ കവിതയല്ലാ
പകലെന്ന പൊരുൾ പോലെ ഇരവിന്റെ ഇരുൾ പോലെ
പതറാതെ കത്തുന്ന കൽവിളക്ക്
പരുഷമാം ജീവിതാനുഭവങ്ങളിലൂടെ
ഉരിത്തിരിഞ്ഞു വന്ന കാരിരുമ്പ്
പകയില്ല തെല്ലും പരിഭവമില്ല
പരിദേവനങ്ങളില്ലാകടലു
പരിരംഭണങ്ങളിൽ പ്രാണഹർഷങ്ങളിൽ
പുളകങ്ങൾ കൊള്ളാത്ത കൽത്തിടമ്പ്
പ്രണയത്തിനെ തന്റെ ഹൃദയത്തിനാലെ
പരാജിതയാക്കിയ കല്ലോലിനി
പ്രളയങ്ങളെപ്പോലും തൃണവൽക്കരിച്ച്
പരിഹാസ്യയായി പിന്നേ കാലപാലികയായ്
പണസഞ്ചിയും പണിയായുധങ്ങളും
പിടിച്ചടക്കി വെച്ച കാർഘോടകാ
പെണ്ണും പുരുഷനും സത്യമാണെങ്കിൽ
പ്രപഞ്ചം സൃഷ്ടിച്ചതാണെന്നേ



റാഷിദ

# ഒസ്സാത്തി: ജാതിപദവിയും ജ്ഞാനപദവിയും

ഗർഭസംബന്ധമായ ചികിത്സകളും പ്രസവമെടുപ്പും പ്രസവാനന്തര പരിചരണവുമെല്ലാം നടത്തിയിരുന്നത് പ്രാഗത്ഭ്യം സിദ്ധിച്ച സ്ത്രീകളായിരുന്നു. പേറ്റിച്ചി, പതിച്ചി, വയറ്റാട്ടി, ഒർസത്തി, ഓസ്സാത്തി എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ അവരറിയപ്പെട്ടിരുന്നു. സ്ത്രീയാധിപത്യം അവകാശപ്പെടാനുണ്ടായിരുന്ന ഒരു വിജ്ഞാന മേഖലയാണ് ഇതെന്ന് നിസ്സംശയം പറയാം. പാരമ്പര്യമായ് കൈമാറ്റം ചെയ്യപ്പെടുകയും അനുഭവത്തിലൂടെയും പ്രയോഗത്തിലൂടെയും നിരന്തരം നവീകരിക്കപ്പെടുകയും ചെയ്ത ഒന്നായിരുന്നു പേറ്റിച്ചികൾക്കു കൈമുതലായുണ്ടായ വിജ്ഞാനം. തടസ്സങ്ങളെയെല്ലാം ഇല്ലായ്മ ചെയ്ത് സുഖകരമായി പ്രസവിക്കുന്നതിന് അനുവദിച്ചിരുന്ന പേറ്റിച്ചികളുടെ പ്രസക്തിയെക്കുറിച്ച് നമുക്ക് ചർച്ചചെയ്യേണ്ടിവരുന്നത് വയറ് കീറി പ്രസവിപ്പിക്കാൻ ധൃതിവെക്കുന്ന ഒരു സാഹചര്യത്തിലാണ്. ഇന്നത്തെ കാലത്ത് പ്രസവത്തെ സംബന്ധിച്ച ആദ്യത്തെ അന്വേഷണം 'സിസേറിയനോ', 'സുഖപ്രസവമോ' എന്നതാണ്. അത്രയൊന്നും സുഖമല്ലാത്ത പ്രസവത്തെകൂടി അഭിമുഖീകരിക്കേണ്ടിവരുന്നു എന്നിടത്താണ് ഇത്തരം അന്വേഷണങ്ങൾ രൂപപ്പെട്ടുവരുന്നത് തന്നെ.

ഏതു നേരത്തും സേവനസന്നദ്ധരായിരുന്ന പേറ്റിച്ചിയുടെ സമൂഹത്തോടുള്ള ആത്മാർപ്പണത്തിന്റെ ഏറ്റവും ശക്തമായ പാഠങ്ങളാണ് നമുക്കു മുന്നിലുള്ളത്. പക്ഷെ പലപ്പോഴും സമൂഹത്തിൽ അപ്രസക്തരായി കഴിയേണ്ടി വന്നവർ കൂടിയാണവർ. മുസ്ലീം സമുദായത്തിലെ പ്രസവമെടുത്തിരുന്നവർ ഒസ്സാത്തികൾ എന്നറിയപ്പെട്ടിരുന്നവരായിരുന്നു. ജാതീയവും ലിംഗപരവുമായ അസമത്വങ്ങൾക്കിടയിലാണ് തങ്ങളുടെ വൈജ്ഞാനിക മേഖലയെ അവർക്ക് പ്രദർശിപ്പിക്കേണ്ടി വന്നിരുന്നത്. പ്രസവസമത്ത് അവർക്കുണ്ടായിരുന്ന പ്രസക്തിയോ പരിഗണനയോ പക്ഷെ മറ്റൊരു സാഹച



രൃത്തിലും അവർക്കനുഭവിക്കാൻ സാധിച്ചിട്ടില്ല. കേരളമുസ്ലീങ്ങൾക്കിടയിൽ രൂപപ്പെട്ട ഉപവിഭാഗങ്ങൾ പുലർത്തുന്ന സ്വഭാവസവിശേഷത കേരളത്തിലെ ജാതിപരമായി കാണപ്പെടുന്ന ഉപവിഭാഗങ്ങളോട് ഏറെക്കുറെ ചേർന്നുനിൽക്കുന്നവയാണ്. ഹൈന്ദവവിഭാഗങ്ങൾക്കിടയിൽ കണ്ടുവരുന്നത്ര ശക്തമോ ചൂഷണാത്മകമോ ആയിരുന്നില്ല മുസ്ലീം വിഭാഗങ്ങൾക്കിടയിൽ രൂപപ്പെട്ട ജാതീയത. എങ്കിലും രണ്ടിന്റേയും അടിസ്ഥാനം ഒന്നുതന്നെയായിരുന്നു. നാട്ടുനടപ്പുകളിലൂടെയും സിനിമ പേലുള്ള ജനപ്രിയ സംസ്കാരങ്ങളിലൂടെയും പൊതുബോധത്തിൽ ഉറപ്പിക്കപ്പെട്ട കേരളമുസ്ലീം ജനത എന്നത് സമൂഹത്തിലെ ഉപരിവിഭാഗമാണ്. അവർ സവർണമെന്ന് പറയപ്പെടുന്ന ശീലങ്ങളിലും സാമ്പത്തിക സാമൂഹിക ഘടനയിലുമാണു ഉള്ളത്. മതത്തിൽ താഴ്ന്ന പദവിയിലുള്ള ഒസ്സാൻമാർ, പഠാണികൾ, ലബ്ബമാർ, മാപ്പിളമാർ, മരയ്ക്കാന്മാർ, റാവുത്തർമാർ എന്നിവർ കൂടിച്ചേർന്നതാണ് കേരള മുസ്ലീം. ഇവർ തമ്മിൽ മേലുകീഴ്ബന്ധമാണുള്ളത്. വിവാഹബന്ധമോ പന്തീഭോജമോ ഇവർ തമ്മിൽ നടത്തുന്നില്ല എന്നതുതന്നെ കേരളമുസ്ലീങ്ങളിലെ ജാതിയുടെ നേർസാക്ഷ്യങ്ങളാണ്.

മതത്തിനകത്തെ കാതുകുത്ത്, ചേലാകർമ്മം, ക്ഷൗരവൃത്തി എന്നിവ കുലത്തൊഴിലായി സ്വീകരിച്ച മുസ്ലീം വിഭാഗമാണ് ഒസ്സാൻമാർ. 'മുറിക്കുന്നതിൽ പ്രാഗത്ഭ്യം ഉള്ളവൻ' എന്നർത്ഥത്തിൽ പ്രയോഗിച്ചിരുന്ന 'ഖത്താൻ' എന്ന അത്മ പദത്തിന്റെ തദ്ദേശീയ രൂപമാണ് ഒസ്സാഷ. ഒസ്സാത്തികളെന്നറിയപ്പെട്ടിരുന്ന ഇവരിലെ സ്ത്രീകൾ മുസ്ലിം വിഭാഗത്തിലെ പ്രസവമെടുപ്പ്, പ്രസവാനന്തര ശുശ്രൂഷ എന്നിവ തൊഴിലായി സ്വീകരിച്ചിരുന്നവരാണ്. ഇസ്ലാമിനെ സംബന്ധിച്ച് സവിശേഷ സാഹചര്യങ്ങളെ സാധ്യമാക്കിയിരുന്ന ഇവർ പക്ഷെ മുഖ്യധാരാ മുസ്ലീങ്ങളാൽ അവഗണിക്കപ്പെട്ടു കഴിഞ്ഞിരുന്നവരാരാണ്. പാർശ്വവത്കരിക്കപ്പെട്ട ഒസ്സാൻ വിഭാഗം കോളനികളായാണ് ആദ്യകാലങ്ങളിൽ താമസിച്ചിരുന്നത്. ഒരു പള്ളിക്കു കീഴിൽ ഒന്നിച്ചു നമസ്കരിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും എന്നാൽ വിവാഹം പോലുള്ള സാമൂഹ്യബന്ധങ്ങളിൽ നിന്നും അകറ്റി നിർത്തുകയും ചെയ്തിരുന്നു. അകത്ത് സാഹോദര്യത്തെക്കുറിച്ച് ചൊല്ലിപഠിപ്പിക്കുകയും പുറത്ത് അസമത്വം പ്രവർത്തിക്കുകയും ചെയ്തിരുന്നു എന്നതാണിതിലെ വൈരുദ്ധ്യാത്മകത. ഉത്തരേന്ത്യയിൽ കുറച്ചുകൂടി കടുത്ത രീതിയിലായിരുന്നു മുസ്ലീങ്ങൾക്കിടയിലെ ജാതീയത പ്രവർത്തിച്ചത്. പള്ളിക്കുപുറത്ത് കെട്ടിയുണ്ടാക്കിയ ചായ്പിലായിരുന്നു അവർണ മുസ്ലീങ്ങളെ പ്രാർത്ഥിക്കാനനുവദിച്ചിരുന്നത്.

മതപരമായ അറിവുകളോടൊപ്പം സവിശേഷമായൊരുജ്ഞാനം കൂടി അവകാശപ്പെടാനുണ്ടായിരുന്നവരാണ് ഒസ്സാത്തികൾ. അത്യന്തം സങ്കീർണമായ പ്രസവാവസ്ഥകളെപ്പോലും സുഗമമാക്കി ത്തീർക്കാൻ അവർക്കു കഴിഞ്ഞിരുന്നു. സ്കാനിംഗ് പോലുള്ള സാങ്കേതികവിദ്യയുടെ പിൻബലത്തോടെ ഇന്നും കുഞ്ഞിന്റെ സ്ഥാനം നിർണയിക്കുമ്പോൾ സ്പർശനത്തിലൂടേയും ഗർഭിണിയിൽ പ്രകടമാകുന്ന ലക്ഷണങ്ങളിലൂടെയും മറ്റും സ്ഥാന നിർണയം നടത്തുകയും സ്ഥാനം തെറ്റിക്കിടക്കുന്ന കുഞ്ഞുങ്ങളെ ഉഴിഞ്ഞ് യഥാസ്ഥാനത്തെത്തിക്കാനും കഴിഞ്ഞിരുന്ന ഒസ്സാത്തികൾ(പേറ്റിച്ചികൾ) ഉണ്ടായിരുന്നുവെന്നത് പ്രത്യേകമോർക്കേണ്ടുന്ന വസ്തുതയാണ്. പൊക്കിൾക്കൊടി മുറിക്കുന്നതിൽ അവർ പ്രകടിപ്പിച്ചിരുന്ന സൂക്ഷ്മതയും എടുത്തു പറയേണ്ടുന്ന ഒന്നാണ്. പ്രസവാനന്തരം അമ്മയുടെ മുറിവുണങ്ങുന്നതിനും വയറ് ശുദ്ധിയാക്കുന്നതിനും കുഞ്ഞിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും പ്രത്യേക പച്ചമരുന്നു പ്രയോഗവും അവർ നടത്തിയിരുന്നു എന്നു കാണാം. പൊക്കിൾകൊടി മുറിക്കുന്നതിനുപയോഗിച്ചിരുന്ന കത്തിയെ കൂടാതെ പ്രസവസമയത്ത് ഗർഭിണികൾക്കുണ്ടാകുന്ന മൂത്രതടസ്സത്തെ നീക്കുന്നതിനുള്ള മൂത്രക്കുഴലുകളും മരുന്നളക്കുന്നതിനുള്ള അളവ് പാത്രങ്ങളും അവരുടെ കൈവശം ഉണ്ടായിരുന്നു.

**കുഞ്ഞിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും പ്രത്യേക പച്ചമരുന്നുപ്രയോഗവും അവർ നടത്തിയിരുന്നു. പ്രസവസമയത്ത് ഗർഭിണികൾക്കുണ്ടാകുന്ന മൂത്രതടസ്സത്തെ കൃത്രിമമായി നീക്കം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വരെ ഒസ്സാത്തിമാരുടെ കൈവശമുണ്ടായിരുന്നു. പ്രസവസമയത്ത് നേരിട്ടിരുന്ന ഇത്തരം പ്രയാസങ്ങളെയെല്ലാം ലഘൂകരിച്ച് പ്രസവത്തെ എളുപ്പമാക്കുന്നതിനുള്ള ഒസ്സാത്തിമാരുടെ ഈ കഴിവിന്റെ പ്രസക്തി പ്രസവിക്കാനനുവദിക്കാതെ പ്രസവിപ്പിക്കുന്നതിനു കത്തിയെടുക്കുന്ന ഇന്നത്തെ സാഹചര്യത്തിലാണ് ചർച്ചചെയ്യപ്പെടേണ്ടിവരുന്നത്.**

ഒരു വ്യവസ്ഥാപിത മതത്തിന്റെ ചട്ടക്കൂടിനകത്തു നടക്കുന്ന ഒന്നായതുകൊണ്ട് തന്നെ ആത്മീയമായ (ദൈവികമായ) ഒരംശത്തെകൂടി ഇത്തരം

പ്രസവവേളകൾ ഉൾക്കൊള്ളുന്നുണ്ട്. പ്രസവം സങ്കീർണ്ണമാകുന്ന സാഹചര്യങ്ങളിൽ ഉറുക്കും നൂലും മന്ത്രിച്ചുകെട്ടുകയും പ്രത്യേക പ്രാർത്ഥന കളും മറ്റും നടത്തുകയും ചെയ്യാറുണ്ട്. മരണം വരെ സംഭവിക്കാവുന്ന അത്യന്തം ദുഷ്കരമായ ചില പ്രസവ സന്ദർഭങ്ങളിലാണ് 'രണ്ടിനേയും രണ്ടാക്കിത്തരണേ.....' പോലുള്ള പ്രാർത്ഥനകൾ ഉരുവം കൊള്ളുന്നത്. അതുകൊണ്ട് തന്നെ രണ്ടിനേം രണ്ടാക്കിയെടുത്തിരുന്ന ഒസ്സാത്തിമാരുടെ (പേറ്റിച്ചി) പ്രസക്തിയെ കുറച്ചു കാണാവുന്ന ഒന്ന ല്ല.

വളരെയധികം ക്ഷമയും കാത്തിരിപ്പും പ്രസവ വേളകൾ ആവശ്യപ്പെടുന്നുണ്ട്. വേദനയുടെ കാഠി ന്യവും കാത്തിരിപ്പിന്റെ വിരസതയും ഒഴിവാക്കുന്ന തിന് അത്തരം സന്ദർഭങ്ങളിൽ പാട്ടുകൾ കെട്ടിയു ണ്ടാക്കുകയും അവ പാടുകയും ചെയ്തിരുന്നു. 'നഫീസത്തുമാലയുടെ ഉത്ഭവവുമായി ബന്ധപ്പെട്ട സന്ദർഭവും മറ്റൊന്നല്ല. നഫീസത്തു ബീവിക്ക് പ്രസവ സമയത്തുണ്ടായ കഠിനമായ വേദനകണ്ട് സഹിക്കവയ്യാതെ ചങ്ങാതിയായ ഫാത്തിമാബീവി കയ്യിൽ നാണയം മന്ത്രിച്ചുകെട്ടിയെന്നും നഫീ സത്തു ബീവിയുടെ വേദനകുറക്കുന്നതിന് കെട്ടി യുണ്ടാക്കിയതാണ് നഫീസത്തു മാല' എന്നുമാണ് വിശ്വാസം.

'കുഞ്ഞുങ്ങൾ ദുനിയാവിലേക്ക് വരാൻ മടിക്കു മ്പോഴാണ് പ്രസവം വൈകുന്നത്. സ്വർഗ്ഗത്തിലെ പൂവ് കാണിച്ച് പ്രലോഭിപ്പിച്ച് മലക്കുകളാണ് ആ സമയം കുഞ്ഞുങ്ങളെ കൊണ്ട് വരുന്നത്. പ്രസവം വൈകുന്ന സന്ദർഭങ്ങളിൽ കാത്തിരിപ്പിന്റെ ആവ ശ്യകതയെ വിളിച്ചോതുന്ന ഇത്തരം കഥകളിലൂടെ ഭാവനാകുതുകികളായ പൂർവ്വികർ പ്രസവവേളകളെ ആനന്ദകരവും ആകാംഷാഭരിതവുമാക്കിയിരുന്നു. ഇന്ന് പക്ഷെ പ്രസവത്തിന്റെ സമയവും വേഗവും ഓപ്പറേഷൻ തീയറ്ററുകളിൽ തീരുമാനിക്കുന്ന അവ സ്ഥയാണുള്ളത്.

ആധുനികതയുടെ ആരോഗ്യബോധം ഗർഭാവ സ്ഥയെ രോഗമാക്കിത്തീർക്കുകയും പ്രസവം ആശുപത്രികളെ കേന്ദ്രീകരിച്ചു നടത്തുകയും ചെയ്യുകവഴി സ്വാഭാവികവും പരിചിതവുമായ ഒന്നിനെ അസ്വാഭാവികവും അപരിചിതവുമാക്കി ത്തീർക്കുകയാണുണ്ടായത്. അതോടെ സവിശേഷ സാഹചര്യങ്ങളിലെങ്കിലും ഒസ്സാത്തികൾക്കുണ്ടായി രുന്ന (പേറ്റിച്ചികൾ) പ്രാധാന്യം നഷ്ടമാകുന്നുണ്ട്. സവർണരുടെ ആവശ്യത്തിനുപകരിക്കുന്ന അവർണരുടെ അറിവ് എന്ന നിലയിൽ പലപ്പോഴും ചൂഷണാത്മകമായിത്തന്നെയാണ് ഒസ്സാത്തിമാരുടെ അറിവിനെ പരിഗണിച്ചിരുന്നത്. എങ്കിൽകൂടിയും അതിന്റെ പ്രയോഗ സന്ദർഭങ്ങളിൽ ആ അറിവിന് പ്രസക്തിയുണ്ടായിരുന്നതായി കാണാൻ സാധിക്കും. ആ അറിവാണ് ആധുനികതയുടെ ആരോഗ്യമൂല്യങ്ങൾക്കുമുൻപിൽ കുറ്റിയറ്റുപോയത്. പാരമ്പര്യത്തൊഴിലുകളെല്ലാം ആധുനികശാസ്ത്ര ബോധത്തിൽ അപ്പാടെ വേരറ്റുപോയ്. അക്കൂട്ട ത്തിൽ വയറ്റാട്ടികളും പെടും. തങ്ങൾ ചെയ്തി രുന്ന വിജ്ഞാനലോകത്തെ ഇന്നവർ തിരിച്ചറിയു ന്നുപോലുമില്ല. ഒസ്സാൻ കുടുംബത്തിലെ പുതിയ തലമുറയിൽ പെട്ടവരും ഇതേറ്റെടുക്കാൻ തയ്യാറല്ല. ഇവിടെ സാമ്പത്തികമല്ല പ്രശ്നം ജാതിയുടെ വെളിച്ചപ്പെടലാണ്.

പ്രസവമെടുപ്പും പ്രസവാനന്തര പരിചരണവും ഒസ്സാത്തിമാരുടെ കുലത്തൊഴിലെന്നോണം ഉറച്ചു പോവുകയും ജാതിപ്പേരിൽ അവരെ വിശേഷിപ്പി ക്കുകയും ചെയ്തിരുന്നു. പക്ഷെ ആ സ്വത്വത്തിൽ ജീവിക്കാനും അറിയപ്പെടാനും ഒസ്സാൻ വിഭാഗം ആഗ്രഹിച്ചിരുന്നില്ല. ജാതീയമായി അവരനുഭവിച്ചി രുന്ന വിവേചനങ്ങളെ വെളിപ്പെടുത്തുന്ന ഒന്നാണി ത്. ഇരുപതാം നൂറ്റാണ്ടോടുകൂടിയുണ്ടായ വർധിച്ച ഗൾഫ് കുടിയേറ്റങ്ങൾക്ക് ഇത്തരം അസമത്വങ്ങളെ ഏറെക്കുറെ ചെറുക്കാൻ സാധിച്ചിട്ടുണ്ട്. അപ്പോഴും സാമ്പത്തികമായ അടിത്തറ പരുവപ്പെടുത്തിയെടു ക്കുന്നതിനേ അതുപകരിച്ചുള്ളു. കുലത്തൊഴിലെന്ന ഊരാക്കുടുക്കിൽ നിന്നും അവരപ്പോഴും മോചിപ്പി ക്കപ്പെട്ടിട്ടില്ലായിരുന്നു. ഇന്ന് പക്ഷെ സ്ഥിതിഗതി കൾക്ക് കാര്യമായ വ്യത്യാസം അനുഭവപ്പെട്ടിട്ടുണ്ട്. കാതുകുത്തും ചേലാകർമ്മവും പ്രസവമെടുപ്പു മെല്ലാം ആശുപത്രികളെ കേന്ദ്രീകരിച്ച് ഇന്ന് എല്ലാ വിഭാഗത്തിൽപ്പെട്ടവരും ചെയ്തുവരുന്നുണ്ട്. പ്രസ വാനന്തരം നാല്പതു ദിവസത്തോളം നീണ്ടു നിൽക്കുന്ന പരിചരണത്തിലൂടെ അമ്മയേയും കുഞ്ഞിനേയും പൂർണ ആരോഗ്യവാന്മാരാക്കുന്ന ദൗത്യം ഒസ്സാത്തികളിൽ നിന്നും ബിരുദ ധാരിക ളായ നഴ്സുമാർ ഏറ്റെടുത്ത സാഹചര്യവും ഇന്ന് നിലവിലുണ്ട്. ഇന്ന് ഒരേ സമയം തദ്ദേശ്ശീയമായ തിനെ വീണ്ടെടുത്തു കമ്പോളവൽകരിക്കുന്ന ആധു നികാനന്തര പ്രവണതയുടെ ഭാഗമാണെന്നതും അതേസമയം കുലത്തൊഴിലായി ഉറച്ചുപോയ തിന്റെ ഉടച്ചുവാർക്കലാണെന്നതും ശ്രദ്ധേയമാണ്. എന്തിനേയും കമ്പോളവൽക്കരിക്കുന്ന ഉപഭോഗ സംസ്കൃതിയുടെ ഭാഗമായി വിൽപനച്ചരക്കായ തദ്ദേശ വിജ്ഞാനത്തെ ഈ ഘട്ടത്തിൽ കാണാം.

സാമ്പത്തികമായുണ്ടായവയുടെ മുന്നേറ്റവും കുലത്തൊഴിലായി ഉറച്ചുപോയവയുടെ തകർച്ചയും മുസ്ലീങ്ങൾക്കിടയിലെ ജാതീയമായ അസമത്വത്തെ പ്രത്യക്ഷത്തിൽ നിന്നും അകറ്റി എങ്കിൽകൂടിയും വിവാഹം പോലുള്ള സവിശേ ഷാവസരങ്ങളിൽ അവ തലപ്പൊക്കുന്നതായി കാണാം.

സാമ്പത്തിക പരാധീനതക്കടിപ്പെട്ട് ചെറിയ പ്രായത്തിൽ തന്നെ കുലത്തൊഴിലായ പ്രസവമെ

*ശേഷം പേജ് 28*



കെ. മുത്തുലക്ഷ്മി

# സ്ത്രീ വൈദ്യശാസ്ത്രം എഴുതുമ്പോൾ: നവതിയിലെത്തിയ ആര്യവൈദ്യൻ പി. മാധവിക്കുട്ടി

മാരാരാണ് എന്നെ വായിക്കാൻ പഠിപ്പിച്ചത്.... ആര്യവൈദ്യൻ പി. മാധവിക്കുട്ടി പറയുന്നു. മഹാഭാരതവും കാളിദാസകൃതികളും എന്നുവേണ്ട ചുറ്റുമുള്ള എന്തിനെയും തന്റേതായ രീതിയിൽ നിശിതമായി വായിച്ച, അവയിൽ ജീവിതം കണ്ട, കുട്ടിക്കൃഷ്ണമാരാരെ ഓർത്തുകൊണ്ട് അവർ പറഞ്ഞു. വൈകുന്നേരത്തിലെ നഗരത്തിരക്കിൽ നഗരനടുവിൽ നിൽക്കുന്ന ഫ്ളാറ്റിന്റെ അഞ്ചാം നിലയിൽ ജനലരികിലെ വെളിച്ചത്തിൽ ഗദനിഗ്രഹം, സോഢലൻ എന്ന ആചാര്യൻ 12–ാം നൂറ്റാണ്ടിൽ മരുന്നുകളെയും ചികിത്സയെയും കുറിച്ചെഴുതിയ, കേരളത്തിൽ അത്ര പ്രചാരമില്ലാത്ത സംസ്കൃതഭാഷയിലുള്ള പുസ്തകം വായിക്കുകയായിരുന്നു ആ ആയുർവേദശാസ്ത്രജ്ഞ. തൊണ്ണൂറാം വയസ്സിലും നീളുന്ന വൈജ്ഞാനികജീവിതം. വെറും ആയുർവേദശാസ്ത്രജ്ഞ മാത്രമല്ല മാധവിക്കുട്ടി, ഒരു ശാസ്ത്രസാഹിത്യകാരി കൂടിയാണ്. ആയുർവേദസംബന്ധിയായ ഗവേഷണപ്രബന്ധങ്ങൾ. മാതൃഭൂമി ആഴ്ചപ്പതിപ്പുകളിൽ വന്ന ഏതാനും ലേഖനങ്ങൾ, ചികിത്സാസമീപനം – പാഠങ്ങൾ, അപപാഠങ്ങൾ എന്ന പേരിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽനിന്നും പ്രസിദ്ധീകരിച്ച പുസ്തകം എന്നിവയാണ് മാധവിക്കുട്ടിയുടെ രചനകളിൽ പ്രധാനപ്പെട്ടവ. ഇവയോരോന്നിലും മാധവി




ക്കുട്ടിയുടെ തെളിഞ്ഞതും വിശകലനാത്മകവുമായ ചിന്തയുടെ അടയാളങ്ങൾ വ്യക്തമായിരിക്കുന്നു. ചികിത്സയെയും എഴുത്തിനെയും ആശയസംവാദങ്ങളെയും പരസ്പരപൂരകങ്ങളായി കണ്ട, ഒന്നിനെ മറ്റൊന്നിന്റെ തുടർച്ചയായിക്കണ്ട അപൂർവമായ ഒരു സ്ത്രീവ്യക്തിത്വം.

1902-ൽ പി.എസ്. വാരിയർ കോട്ടയ്ക്കലിൽ തുടക്കം കുറിച്ച ആര്യവൈദ്യശാല, 1903-ൽ ആരംഭിച്ച ആയുർവേദവൈദ്യന്മാരുടെ സംഘടനയായ ആര്യവൈദ്യസമാജം, തുടർന്ന് 1917-ൽ ആര്യവൈദ്യസമാജത്തിന്റെ 15-ാം വാർഷികത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട ആയുർവേദപാഠശാല, ആ പാഠശാലയിലെ നാല് വർഷത്തെ കോഴ്സിൽ വിജയിച്ചവർക്കു നൽകപ്പെട്ടിരുന്ന ആര്യവൈദ്യൻ എന്ന ബിരുദം-ഇത്രയും ചേർന്നതാണ് മാധവിക്കുട്ടിയെ ആര്യവൈദ്യനാക്കിത്തീർത്ത ആര്യവൈദ്യബിരുദം. 1946 മുതൽ 1950 വരെ, നാൽപ്പതിലേറെ ആൺകുട്ടികൾക്കൊപ്പം ഒരേയൊരു പെൺകുട്ടിയായി ആ ആയുർവേദപാഠശാലയിൽ ചേർന്ന് പഠിച്ചാണ് മാധവിക്കുട്ടി ആര്യവൈദ്യൻ എന്ന ബിരുദം കരസ്ഥമാക്കിയത്. പിന്നീട് 1964-ൽ ഭർത്താവ് ആര്യവൈദ്യൻ എൻ.വി.കെ. വാരിയരുമൊത്ത് ഷൊർണ്ണൂരിൽ ആര്യവൈദ്യ ഫാർമസി സ്ഥാപിച്ച് ചികിത്സാവൃത്തിയിൽ ഏർപ്പെട്ടു. സമൂഹവുമായി ഏറ്റവും ഇടപഴകൽ വേണ്ട വൈദ്യവൃത്തിയിൽ മാധവിക്കുട്ടി നീണ്ട



കാലം (ഏതാണ്ട് ഒരു വർഷം മുൻപ് വരെ) സജീവമായി പ്രവർത്തിച്ചു. അതിന്റെ തുടർച്ചയായി പുസ്തകങ്ങൾ എഴുതി. ശാസ്ത്രപഠനത്തിനായി തന്നെ സമീപിച്ച ശിഷ്യർക്ക്, ചിന്തയെ പ്രചോദിപ്പിക്കുന്ന ഗുരുവായി സെമിനാറുകളിൽ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആയുർവേദശാസ്ത്രത്തിന്റെ പ്രചാരണത്തിനായി വിദേശരാജ്യങ്ങളിൽ യാത്ര നടത്തി.

കേരളത്തിന്റെ വൈജ്ഞാനിക ചരിത്രത്തിൽ താല്പര്യമുള്ള ആർക്കും അവഗണിക്കാനാവാത്ത സ്ത്രീസാന്നിദ്ധ്യമാണ് മാധവിക്കുട്ടിയുടേത്. മലയാളസാഹിത്യത്തിലെ രചനാപരമായ ആധിക്യത്തിന്റെ ഇടയിൽ അവഗണിക്കപ്പെട്ടുകൂടാത്ത തനതായ ഇടം അവരുടേതായുള്ളത് നാം കാണാതിരുന്നുകൂട. കാരണം ആയുർവേദം പോലെയുള്ള പരമ്പരാഗതശാസ്ത്രത്തെ വിശകലനം ചെയ്തുകേൾക്കുന്ന ഒരേയൊരു സ്ത്രീശബ്ദമാണ് മാധവിക്കുട്ടിയുടേ




ത്. ആഴമേറിയ പരന്ന വായനയുടെയും സാമൂഹികമായ അവബോധത്തിന്റെയും പിൻബലം അവരുടെ രചനകളെ സമകാലികമാക്കുന്നു.

ചികിത്സാസമീപനം-പാഠങ്ങൾ, അപപാഠങ്ങൾ എന്ന പുസ്തകത്തിലെ ഓരോ ലേഖനവും അവസാനിക്കുന്ന രീതി ശ്രദ്ധിക്കുക. ചിലപ്പോൾ ചില ചോദ്യങ്ങൾ ഉയർത്തിക്കൊണ്ട്. മറ്റുചിലപ്പോൾ ഇനിയങ്ങോട്ട് ചെയ്യാനുള്ള ഉത്തരവാദിത്ത്വങ്ങളെ ഓർമിപ്പിച്ചുകൊണ്ട്. വേറെ ചിലപ്പോൾ ഇപ്പോൾ നടന്നുവരുന്ന രീതികളിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ട്. മറ്റുചില സന്ദർഭങ്ങളിൽ, അവതരിപ്പിക്കപ്പെട്ട ചർച്ചയുടെ പ്രസക്തി എന്തെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട്. ഇതു സൂചിപ്പിക്കുന്നത് ഈ പുസ്തകം നിൽക്കുന്നത് ഇടമുറിയാത്ത ചിന്തയുടെ തുടർച്ചയിലാണ് എന്നതാണ്.


ആയുർവേദത്തിലെ ചില വ്യാഖ്യാനവൈകല്യങ്ങൾ എന്ന ആദ്യലേഖനത്തിൽ ചർച്ചചെയ്യുന്നത് ആയുർവേദപാഠങ്ങളെ വ്യാഖ്യാനിക്കുമ്പോൾ വരുന്ന അബദ്ധങ്ങൾ മൂലം അവ കാലംപോകെ ആചാരങ്ങളായി മാറുന്ന അവസ്ഥയുണ്ടാകുന്നതിനെക്കുറിച്ചാണ്. സ്ത്രീയവസ്ഥകളുമായി ബന്ധപ്പെട്ട ചർച്ചകളാണ് ഈ ലേഖനത്തിൽ. ആർത്തവസമയത്തനുഷ്ഠിക്കേണ്ടതായി ആയുർവേദം ഉപദേശിക്കുന്ന ചര്യകൾ എന്ന നിലയിൽ പ്രചരിപ്പിക്കപ്പെടുന്ന കാര്യങ്ങളുടെ അടിസ്ഥാനം പാഠത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിൽ വന്ന തെറ്റാണെന്ന് വൈദ്യരത്നം പി.എസ്. വാരിയർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് മാധവിക്കുട്ടി എടുത്തുകാട്ടിത്തരുന്നു. ക്രമാനുഗതമായി പറഞ്ഞിട്ടുള്ള അനുഷ്ഠാനത്തിൽനിന്ന് തഞ്ചത്തിൽ എടുത്തുമാറ്റിയ ചില വരികളാണ് കാലാകാലമായി എല്ലാ സ്ത്രീകളുടെയും മേൽ

**ക്രമാനുഗതമായി പറഞ്ഞിട്ടുള്ള അനുഷ്ഠാനത്തിൽനിന്ന് തഞ്ചത്തിൽ എടുത്തുമാറ്റിയ ചില വരികളാണ് കാലാകാലമായി എല്ലാ സ്ത്രീകളുടെയും മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഋതുമതിചര്യക്കുള്ള അടിസ്ഥാനം–എന്നവർ പാഠസന്ദർഭങ്ങൾ എടുത്തുകാട്ടി ഉറപ്പിക്കുന്നു. മാത്രമല്ല, സ്ത്രീ എന്ന സാമാന്യനാമത്തിന് ഒരേ അച്ചിൽ വാർത്തെടുത്ത ഒരേ അർത്ഥം കൽപ്പിക്കുന്നതിലെ അനൗചിത്യത്തെക്കുറിച്ചും അവർ ഏറ്റവും ബോധവതിയാണ്.**



അടിച്ചേൽപ്പിക്കപ്പെട്ട ഋതുമതീചര്യക്കുള്ള അടിസ്ഥാനം–എന്നവർ പാഠസന്ദർഭങ്ങൾ എടുത്തുകാട്ടി ഉറപ്പിക്കുന്നു. മാത്രമല്ല, സ്ത്രീ എന്ന സാമാന്യനാമത്തിന് ഒരേ അച്ചിൽ വാർത്തെടുത്ത ഒരേ അർത്ഥം കൽപ്പിക്കുന്നതിലെ അനൗചിത്യത്തെക്കുറിച്ചും അവർ ഏറ്റവും ബോധവതിയാണ്. ഋതുമതികൾ പലതരക്കാരാവില്ലെ? അവിവാഹിതകളുണ്ടാകാം, വിധവകളുണ്ടാകാം, പത്തുപെറ്റ് മടുപ്പും ചെടിപ്പും വന്ന മദ്ധ്യവയസ്കകളുണ്ടാകാം. എന്നെയെന്നമ്മ താൻ വേട്ടാൽ മതി എന്നുപറഞ്ഞ പരുവത്തിൽനിന്ന് വളരെയൊന്നും പുരോഗമിച്ചിട്ടില്ലാത്ത പത്തുവയസ്സുകാരികൾ വരെയുണ്ടാകാം. ഇവർക്കെല്ലാം ഒരുപോലെ ബാധകമാകുന്ന ഒരു ഋതുചര്യയുടെ അനൗചിത്യത്തെക്കുറിച്ച് ഈ ശാസ്ത്രജ്ഞ തികച്ചും ബോധവതിയാണ്. ഇത്ര ഔചിത്യബോധമില്ലാത്തവരാണോ നമ്മുടെ ആയുർവേദാചാര്യന്മാർ എന്നവർ ചോദ്യം ഉയർത്തുന്നു. സ്വാഭാവികമായ ഒരു ജൈവപ്രതിഭാസത്തിന്റെ പേരിൽ മൂന്നു ദിവസത്തേക്ക് അശുദ്ധിയും തൊട്ടുകൂടായ്മയും കൽപ്പിച്ച് സ്ത്രീകളിൽ അധമത്വബോധവും ദൗർബല്യവും സൃഷ്ടിച്ചുവിട്ട ഈ അനാചാരങ്ങളുടെ കാര്യത്തിൽ ആയുർവേദത്തിന് വാസ്തവത്തിൽ ഒരു പങ്കുമില്ല. മാധവിക്കുട്ടി സാക്ഷ്യപ്പെടുത്തുന്നു.

ആയുർവേദത്തിലെ ബാലോപചരണീയം എന്ന അദ്ധ്യായത്തിൽ ജനിച്ച ഉടനെയുള്ള കുട്ടിക്ക് വേണ്ടതായ പരിചരണങ്ങളെയും പരിപാലനത്തെയും കുറിച്ചാണ് ചർച്ചചെയ്യുന്നത്. പല പുസ്തകങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പല കാര്യങ്ങളെയും തുലനം ചെയ്തുകൊണ്ടാണ് ഈ അദ്ധ്യായം മുന്നോട്ട് പോകുന്നത്. ചരകൻ എഴുതിയ ചരകസംഹിതയിൽ കുട്ടിക്ക് മുലപ്പാൽ കൊടുക്കേണ്ട രീതികളെക്കുറിച്ച് പറയുമ്പോൾ പത്തുദിവസം അമ്മയുടെ മുലപ്പാൽ കൊടുത്തശേഷം ധാത്രിയുടെ പാൽ കൊടുക്കാനുള്ള നിർദ്ദേശമുണ്ട്. ഇവിടെ ഉയർന്നുവരുന്ന ചോദ്യം ഇതാണ്. ആരോഗ്യവതിയായ പെറ്റമ്മക്ക് നല്ല മുലപ്പാലുണ്ടായിരിക്കെ എന്തിനാണ് വർണ്ണവും ജാതിയും മറ്റ് കാര്യങ്ങളു



**മലം, മൂത്രം എന്നിവയുടെ സ്വാഭാവികമായ പോക്കിനെ തടയേണ്ടിവരുന്നത് അധികമായും സ്ത്രീകൾക്കാണ്. സ്ഥിരം തലവേദനയാണെന്ന ആവലാതിയുമായി വരുന്ന മിക്ക രോഗികളോടും – സ്ത്രീകളോട് പ്രത്യേകിച്ചും – രോഗകാരണത്തെപ്പറ്റി, അവരുടെ ജീവിതസമ്പ്രദായത്തെ പ്പറ്റി ചികഞ്ഞന്വേഷിച്ചാൽ മലമൂത്രാദിവേഗധാരണത്തിന് അവരെ നിർബന്ധിതരാക്കുന്ന സാഹചര്യത്തിലേക്കാവും ചെന്നെത്തുക.**

മൊത്ത ഒരു വാടകപ്പോറ്റമ്മയെ കണ്ടുപിടിക്കുന്നത്? വാഗ്ഭടന്റെ അഷ്ടാംഗസംഗ്രഹം നൽകുന്ന നിർദ്ദേശം എന്താണെന്ന് ഗ്രന്ഥകാരി ഇവിടെ സൂചിപ്പിക്കുന്നു. പ്രസവിച്ചാൽ ഒന്നരമാസം വരെ പ്രസൂതയെ വളരെ ശ്രദ്ധാപൂർവ്വം പരിചരിക്കണം. അതുകഴിയുമ്പോഴെക്കും വീണ്ടും ആർത്തവദർശനമുണ്ടാവുകയും ഗർഭധാരണശേഷി കൈവരിക്കുകയും വേണം. എന്നുവെച്ചാൽ വീണ്ടും ഗർഭം ധരിക്കണമെന്നർത്ഥം. കുട്ടി മുല കുടിച്ചുകൊണ്ടിരിക്കുമ്പോൾ പലർക്കും ആർത്തവദർശനമുണ്ടാകാറില്ല. കുട്ടി രണ്ടോ മൂന്നോ വയസ്സുവരെ മുലകുടിച്ചുകൊണ്ടിരിക്കുന്നത് ഒരു ഗർഭനിരോധനമാർഗവും കൂടിയാണല്ലോ. അതു പറ്റില്ല. ഒന്നര മാസം കൊണ്ട് പ്രസ്തുതാവസ്ഥ കഴിഞ്ഞ് വീണ്ടും ഗർഭിണിയാകണം. വരേണ്യകുടുംബങ്ങളിൽ അക്കാലത്തൊരുപക്ഷെ നടപ്പിലുണ്ടായിരുന്ന ആചാരങ്ങൾ സംഹിതകളിൽ കടന്നുകൂടിയതിന്റെ ഫലമാവാം ഇത്തരം പരാമർശങ്ങൾ. ഇത്തരം കാര്യങ്ങൾ അമ്മക്കും കുട്ടിക്കും ഹിതകരമല്ലെന്ന ധാരണ ക്രമേണ ബലപ്പെട്ടുവന്നതുകൊണ്ടാകാം അമ്മയുടെ തന്നെ പാൽ വേണം കുട്ടി കുടിക്കാനെന്ന് അഷ്ടാംഗഹൃദയകാരൻ അഭിപ്രായപ്പെട്ടത്. മാധവിക്കുട്ടി ഇടപെടുന്നു. (അഷ്ടാംഗസംഗ്രഹത്തെ നവീകരിച്ചുകൊണ്ട് വാഗ്ഭടൻതന്നെ പിന്നീടെഴുതിയ പുസ്തകമാണ് അഷ്ടാംഗഹൃദയം). ഉറച്ച ശാസ്ത്രബോധവും ചരിത്രബോധവും തന്നെയാണ് ഇത്തരം സ്ത്രീനോട്ടങ്ങളിലൂടെ പൂർണമാകുന്നത്.

ആയുർവേദത്തിന്റെ പ്രസക്തി എന്ന ലേഖനത്തിൽ ആയുർവേദത്തിന്റെ സൈദ്ധാന്തികവും സമീപനപരവുമായ അടിസ്ഥാനനിലപാടുകളെ സാമാന്യമായി പരിശോധിക്കുകയാണ് ഗ്രന്ഥകാരി. ഓരോ പരികല്പനക്കും പിന്നിലുള്ള യുക്തിബോധത്തെയും ഔചിത്യത്തെയുമാണ് അവർ അന്വേഷിക്കുന്നത്. നമ്മുടെ ശരീരത്തിനുള്ളിൽ പ്രവർത്തിക്കുന്ന വായുവിനെ അതിന്റെ ധർമ്മമനുസരിച്ച് അഞ്ചായി തിരിച്ചതിനെക്കുറിച്ചും അവയിൽ അപാനവായു വിസർജനപ്രക്രിയയെ സഹായിക്കുന്ന വായു)വിനുള്ള പ്രാധാന്യത്തെക്കുറിച്ചും അവർ വിശദീകരിക്കുന്നു. ശരീരത്തിനാവശ്യമില്ലാതെ ഹാനികരങ്ങളായിത്തീർന്ന വസ്തുക്കളെ പുറന്തള്ളാനുള്ള പ്രവണതയാണ് വേഗങ്ങൾ (Natural urges). വേഗങ്ങളെ തടഞ്ഞുനിർത്തുന്നത് മഹാരോഗങ്ങൾക്ക് വരെ കാരണമാകുമെന്ന് ചരകൻ ചരകസംഹിതയിൽ പറയുന്നുണ്ട്. ബ്രാഹ്മണർ, രാജസേവകർ, വ്യാപാരികൾ, വേശ്യാസ്ത്രീകൾ എന്നിവർക്ക് തങ്ങളുടെ തൊഴിലിന്റെ പ്രത്യേകത നിമിത്തം എല്ലാവിധ വേഗങ്ങളെയും തടഞ്ഞുനിർത്തേണ്ടിവരുന്നുവെന്നും അതുകൊണ്ട് എല്ലാ രോഗങ്ങൾക്കും എളുപ്പത്തിൽ കീഴടക്കാൻ പറ്റുന്നു എന്ന

അർത്ഥത്തിൽ അവർക്ക് സദാതുരത്വം വന്നുചേരുന്നുവെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. മാധവിക്കുട്ടി പറയുന്നു. മലം, മൂത്രം എന്നിവയുടെ സ്വാഭാവികമായ പോക്കിനെ തടയേണ്ടിവരുന്നത് അധികമായും സ്ത്രീകൾക്കാണ്. സ്ഥിരം തലവേദനയാണെന്ന ആവലാതിയുമായി വരുന്ന മിക്ക രോഗികളോടും – സ്ത്രീകളോട് പ്രത്യേകിച്ചും – രോഗകാരണത്തെപ്പറ്റി, അവരുടെ ജീവിതസമ്പ്രദായത്തെപ്പറ്റി

സംബോധന ചെയ്യുന്നത്.

പരമ്പരാഗതശാസ്ത്രങ്ങളെ, ഒരുപക്ഷെ പാരമ്പര്യത്തെത്തന്നെ നാം എങ്ങനെ സമീപിക്കണം എന്നതിന്റെ മാർഗരേഖയാണ് ഈ പുസ്തകം. ഒരു ശാസ്ത്രം എത്തിനിൽക്കുന്ന നിഗമനങ്ങളല്ല ആ ശാസ്ത്രം. നേരേ മറിച്ച് അതിലേക്കെത്തിയ മാർഗവും ചരിത്രവും രീതിയുമാണാ ശാസ്ത്രം. ഒരു പുസ്തകമല്ല ശാസ്ത്രം മറിച്ച് ആ പുസ്തകം



ചികഞ്ഞന്വേഷിച്ചാൽ മലമൂത്രാദിവേഗധാരണത്തിന് അവരെ നിർബന്ധിതരാക്കുന്ന സാഹചര്യത്തിലേക്കാവും ചെന്നെത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന രോഗനിർണയവും തുടർന്നുള്ള ചികിത്സയും വളരെ ഫലപ്രദമാകുന്നുവെന്നത് ഈ ചികിത്സക രോഗിയെ എങ്ങനെ മനസ്സിലാക്കുന്നു എന്നതിന് തെളിവാണ്. നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽനിന്ന് പല കാര്യങ്ങൾക്കായി നഗരത്തിലെത്തി ബസ്സ്റ്റോപ്പുകളിൽ കാത്തുനിൽക്കുന്ന സ്ത്രീകൾ മൂത്രമൊഴിക്കാനും മറ്റും നേരിടുന്ന ബുദ്ധിമുട്ടുകൾ നേരിട്ട് കാണാം. ഇത്തരം ബുദ്ധിമുട്ടുകൾ ഏതവസ്ഥയിലുമുള്ള സ്ത്രീകൾ നേരിടുന്നതുമാണ്. സ്ത്രീയുടെ സുഗമമായ സഞ്ചാരത്തെ ഉറപ്പാക്കുന്ന സൗകര്യങ്ങൾ നഗരവികസനത്തിന്റെ നയരേഖകളിൽ ഇന്നും അപ്രധാനമായിരിക്കുന്നതിന്റെ ആൺയുക്തിയെത്തന്നെയാണ് ഒരു ചികിത്സക എന്ന നിലയിൽ മാധവിക്കുട്ടി ഇവിടെ അഭി

കണ്ണിചേർന്ന് നിൽക്കുന്ന വൈജ്ഞാനികജാലമാണ് ശാസ്ത്രം എന്നൊക്കെയുള്ള ബോധങ്ങൾ ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ കാണാം. ആ വൈജ്ഞാനികജാലത്തിനകത്തുതന്നെ പലതലങ്ങളിൽ നിരന്തരം തുടരുന്ന തിരുത്തൽ പ്രക്രിയയാണ് ഒരു ശാസ്ത്രത്തെ സമകാലികമാക്കുന്നത് എന്ന് മാധവിക്കുട്ടി നമ്മെ ഓർമപ്പെടുത്തുന്നു.

ഒരു ശാസ്ത്രം സമഗ്രവും സമകാലികവുമാകണമെങ്കിൽ പല കാഴ്ചകൾ ആവശ്യമാണെന്ന് ഈ പുസ്തകം നമ്മെ ബോധ്യപ്പെടുത്തുന്നു. പ്രത്യേകിച്ച് വൈദ്യവൃത്തിയിലെ സ്ത്രീപക്ഷവീക്ഷണത്തിന് ഒരു മാതൃകയാണ് ഇതിലെ ഓരോ ലേഖനവും. എല്ലാത്തിനുമുപരി, ശരിയും ഉചിതവുമായ വായനയാണിതെന്ന ആത്മവിശ്വാസത്തിന്റെ സ്വരം ഈ പുസ്തകം നമ്മെ കേൾപ്പിക്കുന്നുമുണ്ട്. സ്ത്രീവൈജ്ഞാനികതയുടെ ഇത്തരം തുടർച്ചകൾ ഉറപ്പാക്കേണ്ടതുണ്ടെന്ന് കാലം നമ്മോട് ആവശ്യപ്പെടുന്നു.



അലീഷ കെ. വി.

# ഇന്ത്യയെ അളന്ന കഥ


**എഴുപത് വർഷം കൊണ്ട് നടന്ന ഈ സർവ്വേ, ഭൂമിയിൽ ഇതുവരെ നടന്ന മനുഷ്യ പ്രയത്നങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന ഒന്നാണ്. ഈ വൻ ത്രികോണമിതി സർവ്വേയുടെ എറ്റവും പ്രധാന ഘടകം കന്യാകുമാരി മുതൽ ഹിമാലയം വരെയുള്ള ഭൌമചാപത്തിന്റെ നിർണ്ണയമായിരുന്നു.**

ലോകചരിത്രത്തിലെ തന്നെ അപൂർവ്വമായ മാനുഷികസംരംഭങ്ങളിലൊന്നായ ഇന്ത്യയെ അളന്ന കഥ പറയുകയാണ് സി.എസ്. മീനാക്ഷി, ഭൗമചാപം എന്ന പുസ്തകത്തിലൂടെ. എഞ്ചിനീയറിങ് പഠനത്തിന്റെ ഭാഗമായി സർവ്വേ എന്ന പരിമാണപ്രക്രിയയെ പരിചയപ്പെടുകയും പിന്നീട് അതിലൂടെ ഗ്രേറ്റ് ആർക് എന്ന ഇന്ത്യൻ സർവ്വേയുടെ ബൃഹത്ചരിത്രത്തിലെത്തിപ്പെടുകയും ചെയ്തതിന്റെ മാനസികപരിണാമം ഗ്രന്ഥകാരി ആമുഖത്തിൽ കുറിച്ചിട്ടുണ്ട്. സ്വാഭാവികമായും വലിയൊരു പ്രവർത്തനമായിരുന്നു അത്. വിവരങ്ങൾ ശേഖരിച്ചും വീടുകൾ പൂരിപ്പിച്ചും നടത്തിയ ഗവേഷണം. കോഴിക്കോട് ആർകൈവ്സിലും ഡെറാഡൂണിലെ സർവ്വേ ഓഫ് ഇന്ത്യ ഓഫീസിലും ദില്ലിയിലെ നാഷണൽ ആർകൈവ്സിലും കൽക്കട്ടയിലെ ഏഷ്യാറ്റിക് സൊസൈറ്റിയിലുമായി തുടർന്നു ആ അന്വേഷണം.

നമുക്കെല്ലാം ആലോചിച്ചാലറിയാം ഇന്ത്യൻ ടോപ്പോഗ്രഫിക്കൽ സർവ്വേ എന്നത് ദുഷ്ക്കരമായിരുന്നു എന്ന്. നിമ്നോന്നതങ്ങളും വൻനദികളും ചതുപ്പുനിലങ്ങളും മരുഭൂമിയും നിറഞ്ഞ ഇന്ത്യയെ അളക്കുക ഒരിക്കലും സുഖകരമാകില്ലല്ലോ. ആ കഠിനപ്രയത്നം ഏറ്റെടുത്ത കൊളോണിയൽ അധികാരികളോടുള്ള ബഹുമാനം മീനാക്ഷി വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇതോടൊപ്പം തന്നെ അവരാൽ ചൂഷണം ചെയ്യപ്പെട്ട ഇന്ത്യകാരുടെ ദുരിതങ്ങളും മീനാക്ഷി കാണാതിരിക്കുന്നില്ല. കൊളോണിയൽ താല്പര്യങ്ങളാൽ ഭരിക്കപ്പെടുമ്പോഴും മാനുഷികയത്നത്തിന്റെ ശോഭ സർവ്വേയെ മഹത്തരമാക്കുന്നു. അന്വേഷണത്തിന് ഇറങ്ങിത്തിരിച്ച മനുഷ്യർ തീർത്തും അന്വേഷകർ മാത്രമാണ്. ചിലപ്പോഴെങ്കിലും ബ്രിട്ടീഷ് ഭരണാധികാരികൾ തന്നെ അവരുടെ കൊളോണിയൽ റോൾ വിസ്മരിക്കാറുണ്ട് എന്ന് ഈ പുസ്തകത്തിന്റെ അവതാരികയിൽ പ്രസിദ്ധ എഴുത്തുകാരൻ ആനന്ദ് പറയുന്നു.

എഴുപത് വർഷം കൊണ്ട് നടന്ന ഈ സർവ്വേ, ഭൂമിയിൽ ഇതുവരെ നടന്ന മനുഷ്യ പ്രയത്നങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന ഒന്നാണ്. ഈ വൻ ത്രികോണമിതി സർവ്വേയുടെ എറ്റവും പ്രധാന ഘടകം കന്യാകുമാരി മുതൽ ഹിമാലയം വരെയുള്ള ഭൌമചാപത്തിന്റെ നിർണ്ണയമായിരുന്നു. ത്രികോണച്ചങ്ങലകൾ വഴി ഭൂതലത്തിന്റെ നീളം അളന്ന് ജ്യോതിർഗ്ഗോളങ്ങളുടെ ചലനങ്ങളെ അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കപ്പെട്ട ഈ ചാപത്തിന് 2400 കി മി നീളം വരും.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആരംഭിച്ച ഈ സർവ്വേ, നമുക്ക് ആലോചിച്ചാൽ മനസ്സിലാവും എത്രമാത്രം കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു എന്നത്.അരടണ്ണോളം ഭാരം വരുന്ന തിയോഡലൈറ്റുകളും മറ്റനേകം ശാസ്ത്രോപകരണങ്ങളും ചുമന്നുകൊണ്ട് ഇന്ത്യൻ തൊഴിലാളികളും അവയ്ക്കെല്ലാം മേൽനോട്ടം വഹിച്ചുകൊണ്ട് ബ്രിട്ടീഷ് സർവ്വേയർമാരും ആരേയും വിസ്മയിപ്പിക്കുന്ന ഇന്ത്യൻ വൈവിദ്ധ്യങ്ങളിലൂടെ സഞ്ചരിച്ചു. വാഹന, സഞ്ചാരസൗകര്യങ്ങൾ തീരെയില്ലാത്ത അക്കാലത്ത്




ആനകളും കുതിരകളും ഉൾപ്പെട്ട സംഘമായിരുന്നു ഉപകരണങ്ങൾ ഏറ്റിയിരുന്നത് സർവ്വേയോടുള്ള പല ഗ്രാമീണരുടേയും മനോഭാവം പ്രതികൂലമായിരുന്നു. ഇന്ത്യൻ തൊഴിലാളികളും. രോഗപീഢകൾ അവരെ അലട്ടി. പകർച്ചവ്യാധികൾ അവരെ വേട്ടയാടി. വന്യമൃഗങ്ങൾ ഉപദ്രവിച്ചു. അക്കാലത്ത് നടന്ന യുദ്ധങ്ങളിൽ മരിച്ചുവീണ അത്രത്തോളം മനുഷ്യർ തന്നെ സർവ്വേ സംരംഭത്തിൽ മരിച്ചു.

ലാംബ്ടണും എവറെസ്റ്റ് അടക്കമുള്ള, പിൽക്കാല ചരിത്രത്തിൽ ലബ്ധപ്രതിഷ്ഠരായ മനുഷ്യരായിരുന്നു ഈ സർവ്വേയുടെ നായകന്മാർ. എല്ലാ കൊളോണിയൽ നായകരേയും പോലെ അവർ സാഹസികരായിരുന്നു. കാര്യപ്രാപ്തിയുള്ളവരും. ഇന്ന് ഭൂപടത്തിൽ കാണുന്ന ഇന്ത്യ എന്ന പ്രവിശ്യക്ക് രൂപം നൽകിയത് അവരാണ്. മനുഷ്യർ ചന്ദ്രനിൽ കാൽ കുത്തിയതിന് സമാനമായ ഒരു കൃത്യമായിട്ടാണ് വിദഗ്ദ്ധർ ഈ ജോലിയെ പിൽക്കാലത്ത് രേഖപ്പെടുത്തിയത്.

നിർമ്മമതയുടെ പക്ഷമാണ് മീനാക്ഷി എഴുത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതിനാൽ ഇത് കൊളോണിയൽ ഭരണത്തിന്റെ ഭാഗത്ത് അല്ല. ഇന്ത്യൻ ചെറുത്തുനിൽപ്പിന്റെ രേഖപ്പെടുത്തലുമല്ല. സമൂഹത്തിൽ നിന്നാണ് ഈ പുസ്തകരചന മീനാക്ഷി നടത്തിയത്. ഒരു പക്ഷെ ശാസ്ത്രാഭിമുഖ്യമാണ് ഈ രചനയിലേക്ക് മീനാക്ഷിയെ നയിച്ചത്. അതുകൊണ്ട് തന്നെ നിരവധി വ്യാഖ്യാനങ്ങൾക്ക് ഈ പുസ്തകം സാദ്ധ്യതകൾ ബാക്കിയാക്കുന്നുണ്ട്.

---

*പേജ് 21 തുടർച്ച*

ടുപ്പ് രംഗത്തേക്ക് കടന്നു വന്ന സ്ത്രീയാണ് പൂക്കിപ്പറമ്പിലെ നബീസ. പൊക്കിൾക്കൊടി മുറിക്കുന്നതിന്, പാരമ്പര്യമായി കൈമാറിക്കിട്ടിയ ക്ഷൗരക്കത്തി ഉപയോഗിച്ചിരുന്നു എന്നല്ലാതെ സാധാരണ പേറ്റിച്ചികൾ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളേ മരുന്നുകളോ ഒന്നും തന്നെയില്ലാതെയാണ് നബീസ പ്രസവമെടുത്തിരുന്നത്. പ്രസവം ആശുപത്രികളെ കേന്ദ്രീകരിച്ചതോടുകൂടി തൊഴിൽ രംഗത്തു നിന്ന് സ്വയം പിൻവാങ്ങുകയായിരുന്നു അവർ. ആശുപത്രികളിൽ പോകാൻ തൽപരരല്ലാത്ത പൂക്കിപ്പറമ്പിലെ മുസ്ലീം സ്ത്രീകൾ പ്രസവമെടുപ്പിനായ് ഇന്നും അവരെ സമീപിക്കുന്നുണ്ട്. ശാരീരികായാസം ഒട്ടുമില്ലാത്ത ഗർഭിണികളിൽ പ്രസവം അത്യന്തം സങ്കീർണമാണെന്നിരിക്കെ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന കുടുംബ സാഹചര്യങ്ങളിൽ പ്രസവമെടുക്കുന്നതിന് നബീസ ഇന്നും തയ്യാറുമാണ്. താൻ ഉൾപ്പെട്ടിരുന്ന വൈജ്ഞാനിക മേഖലയെക്കുറിച്ച് വ്യക്തമായ ബോധമുണ്ടായിരുന്ന അവർക്ക് തനിക്കെതിരെയുള്ള സാമ്പത്തികവും ജാതിപരവുമായ ചൂഷണങ്ങളെ ശക്തമായിത്തന്നെ നേരിടാൻ സാധിക്കുന്നുണ്ട്.



ചർച്ചാവിഷയം



സജിത കെ.ആർ.

# ശ്മശാനം പഠിപ്പിക്കുന്ന പാഠം

സെലീന മൈക്കിൾ, കാക്കനാട് മുൻസിപ്പാലിറ്റിയുടെ പൊതുശ്മശാനം ഏറ്റെടുത്തു ശവദാഹം നടത്തുന്നു.പത്തു വർഷമായി ഈരംഗത്തുണ്ട്.ശവദാഹം ഒന്നിന് ആയിരത്തഞ്ഞൂറു രൂപ പ്രതിഫലമായി വാങ്ങുന്നു.അതിൽ മുന്നൂറു രൂപ മുൻസിപ്പാലിറ്റിയില ടയ്ക്കണം.വിറക്,ചിരട്ട തുടങ്ങിയ ഇന്ധനങ്ങൾ വാങ്ങേണ്ടത് ഈ കൂലിയിൽ നിന്നാണ്.പുളിവിറകാണ് കത്തിക്കാൻ നല്ലത്. പക്ഷേ വിലകൂടുതലാണ്.മാവിൻ വിറകാണ് കൂടുതലായി ഉപയോഗിക്കുന്നത്.രണ്ടു പട്ടറകളുള്ള ശ്മശാനത്തിൽ ഒരേസമയം രണ്ടു ദഹനം നടത്താൻ പറ്റും. ഒരു ദിവസം പരമാവധി നാലു മൃതദേഹങ്ങൾ ദഹിപ്പിക്കാനാവും.അഞ്ചെണ്ണം വരെനടത്തിയിട്ടുണ്ട്.രാവിലെ പത്തുമണിമുതൽ രാത്രി പതിനൊന്നു മണി വരെ ജോലി നീളാറുണ്ട്.വീടിനടുത്തു തന്നെയാണ് ശ്മശാനം എന്നതുകൊണ്ട് മറ്റസൗകര്യങ്ങൾ ഇല്ല.നേരത്തെ മെയ്ക്കാടു പണിക്കു പോയിരുന്നു.ഇപ്പോൾ പൂർണ്ണമായും ഈജോലിയിൽ തന്നെ. പതിനേഴു വർഷം മുമ്പ് ഭർത്താവ് കുടുംബം ഉപേക്ഷിച്ചു പോയി. എവിടെയാണന്നെറിവില്ല.വിവാഹിതരായ രണ്ടു പെൺമക്കൾക്കും കുടുംബത്തിനുമൊപ്പം ജീവിക്കുന്നു.തന്റെ ജോലി ഒരു സമൂഹസേവനമായിക്കാണുന്ന സെലീനയുടെ തൊഴിലറിവുകൾ ഇങ്ങനെയാണ്:

ഒരു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ ദഹിപ്പിക്കാറില്ല. ഒരു കുഞ്ഞിന്റെ മൃതദേഹം ദഹിച്ചുതീരാൻ അരമണിക്കൂർ മതി. വിറകും കുറച്ചു മതി.രണ്ടരമണിക്കൂർ വേണം വൃദ്ധരുടെ മൃതദേഹം കത്തിത്തീരാൻ.ആരോഗ്യമുള്ള സ്ത്രീപുരുഷന്മാരുടേത് യഥാക്രമം മൂന്നരമൂന്നു മണിക്കൂറെടുക്കും.ചിലത് ദഹിച്ചു തീരാൻ നാലും അഞ്ചും മണിക്കൂറെടുക്കും. ഇവർ കാലാകാലങ്ങളായി മരുന്നു കഴിക്കുന്നവരായിരിക്കും. മരണപ്പെട്ട ആളുകളുടെ വിവരങ്ങൾ ശ്മശാനത്തിൽ രേഖപ്പെടുത്തേണ്ടതുണ്ട്. മരണകാരണം അതിൽ പ്രധാനമാണ്.അസ്ഥിയെടുക്കാൻ എപ്പോഴെത്തണം എന്നന്വേഷിക്കുന്നവരോട് മറുപടി പറയാൻ മരണകാരണം അറിയണം. വൃദ്ധരാണെങ്കിൽ പ്രായാധിക്യത്താലുള്ള മരണം എന്നാണു ബന്ധുക്കൾ പയാറ്.പറഞ്ഞ സമയത്ത് കത്തിത്തീർന്നില്ലെങ്കിൽ മനസ്സിലാക്കാം മരുന്നു കഴിച്ചുകൊണ്ടിരുന്ന ആളാണെന്ന്. ദീർഘകാലം മരുന്നു കഴിച്ചയാളാണെങ്കിൽ കത്തുമ്പോൾ വയറ് വീർത്തു വരും. ശരീരത്തിൽ നിന്നും ധാരാളം വെള്ളം പുറത്തു വരാൻ തുടങ്ങും. ആ വെള്ളം പോയ്ത്തീർന്നാലേ ശരീരം കത്തിപ്പിടിക്കുകയുള്ളൂ.

പുരുഷന്മാരുടെ കുത്തകയായ ഈ തൊഴിൽമേഖലയിൽ സാധാരണ, മദ്യപിച്ചാണ് അവർ ഈ ജോലി ചെയ്യുന്നത്. മദ്യപിക്കാതെ, ഒറ്റയ്ക്ക് ,ഇരുട്ടിലും പട്ടറകളിലെ മൃതദേഹം കത്തിത്തീരുവോളം ജോലി ചെയ്യുമ്പോൾ ശ്മശാനം സെലീനയെ പഠിപ്പിച്ച പാഠങ്ങളാണിതെല്ലാം. മരണത്തോടെ മരുന്നുകളുടെ പ്രവർത്തനം നിലക്കുന്നെന്ന ധാരണ ഈ അറിവുകൾ തിരുത്തുന്നു.മരണത്തിലും മരുന്നിനു പ്രതികരിക്കാനാവും എന്നു പൊതു സമൂഹത്തോടും വൈദ്യലോകത്തോടും സെലീന പറഞ്ഞുകൊണ്ടേയിരിക്കുന്നു. ഒരു പക്ഷേ വൈദ്യലോകത്തിന്റെ ചിലനേട്ടങ്ങൾക്ക് ഈ പാഠങ്ങൾ കൂട്ടാവുമായിരിക്കും.



പെൺപക്ഷം

അജിത കെ.

# ഏകീകൃത സിവിൽകോഡ് നമുക്കാവശ്യമോ?

പ്രത്യക്ഷത്തിൽ ഈ ചോദ്യത്തിന് യെസ് ഓർ നോ പറഞ്ഞു കഴിഞ്ഞാൽ ഉത്തരമായി. പക്ഷേ, നമ്മുടെ നാട്ടിൽ ഇന്ന് വർഗ്ഗീയതയും വർഗ്ഗീയതയുടെ പേരിലുള്ള അതിക്രമങ്ങളും അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിന്റെ പശ്ചാത്തലം മറന്നുകൊണ്ട് നമുക്ക് ഒരുത്തരം ഒറ്റയടിക്ക് പറയാനാവുമോ എന്നതാണ് എന്റെ ചോദ്യം.


മതവ്യക്തിനിയമങ്ങളിൽ ഹിന്ദു വ്യക്തിനിയമത്തിലും ക്രിസ്ത്യൻ വ്യക്തിനിയമത്തിലും ചില പരിഷ്ക്കരണങ്ങളുണ്ടായിട്ടുണ്ട്. ഓരോ മതവിഭാഗങ്ങളിലേയും പുരുഷാധിപത്യ അധികാരവ്യവസ്ഥയ്ക്കെതിരായി ലിംഗനീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങളുടെ കൂടി ഫലമാണ് ഇത്തരത്തിലുള്ള പല പരിഷ്കരണ നടപടികളും. ഇവിടെ സ്ത്രീക്കും പുരുഷനും തുല്യ നീതി നല്കുന്ന മതവ്യക്തിനിയമങ്ങളില്ല എന്നത് യഥാർത്ഥമാണ്. ഈ സന്ദർഭത്തിലാണ്. മുസ്ലിം മതവിഭാഗങ്ങളുടെ മുത്തലാഖ്, ബഹുഭാര്യാത്വം, നിക്കാഹ്, ഹലാല തുടങ്ങിയ അതിനീചവും സ്ത്രീവിരുദ്ധവുമായ നടപടികളെ കുറിച്ച് മാത്രം എടുത്തുകാട്ടിക്കൊണ്ട് ഒരു ഏകീകൃതസിവിൽ നിയമത്തെക്കുറിച്ചുള്ള ചർച്ചകളും വിവാദങ്ങളും ഉയർന്നുവന്നത്. സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ ഹിന്ദുത്വത്തിന്റെ കടന്നുകയറ്റം രൂക്ഷമായിക്കൊണ്ടിരിക്കയാണ്. ബീഫ് നിരോധത്തിന്റെ പേരിൽ നടന്ന നരഹത്യകൾ, കാഷ്മീരിലെ സൈനികവേട്ടകൾ, രോഹിത് വെമൂല മുതൽ നജീബ് അഹമ്മദ് വരെയുള്ള ദലിത് വിരുദ്ധ-മുസ്ലിം വിരുദ്ധ അക്രമങ്ങൾ - എന്നിങ്ങനെ അന്യജാതി മതസ്ഥരെ സ്വന്തം വരുതിക്കുള്ളിൽ നിർത്തി അടക്കി ഭരിക്കുന്ന പ്രവണത ഇന്ന് ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ നമുക്ക് വേണ്ടത് ഏകീകൃത സിവിൽ കോഡോ, ലിംഗനീതിയുടെ അടിസ്ഥാനത്തിലുള്ള സിവിൽ നിയമങ്ങളോ എന്ന് ജനാധിപത്യരീതിയിൽ തീർച്ചയായും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

മതവ്യക്തിനിയമങ്ങൾ ലിംഗനീതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കപ്പെടേണ്ടത് ചരിത്രപരമായി അത്യന്താപേക്ഷിതമാണ്. അതിന് മതപൗരോഹിത്യവിഭാഗങ്ങൾ മാത്രമല്ല, ജനാധിപത്യസർക്കാറുകളും മുൻകൈയെടുക്കേണ്ടതാണ്. നമ്മുടെ ആത്യന്തികലക്ഷ്യം ലിംഗനീതി ഉറപ്പുവരുത്തുന്ന മതനിരപേക്ഷമായ ഒരു സിവിൽനിയമമാകുമ്പോൾ തന്നെ, അടിയന്തിരമായ മിനിമം ഡിമാന്റ് മത വ്യക്തിനിയമങ്ങൾ ലിംഗ നീതിയുടെ അടിസ്ഥാനത്തിൽ പരിഷ്ക്കപ്പെടുക എന്നതായിരിക്കണമെന്നാണ് എന്റെ അഭിപ്രായം.



സൗമ്യ പി.ആർ.

# സ്പൈന ബിഫിഡ




സ്പൈന ബിഫിഡ (Spina bifida) എന്നാൽ സ്പൈൻ അഥവാ നട്ടെല്ല് രണ്ടായിരിക്കുന്ന/ കൂടിച്ചേരാതിരിക്കുന്ന അവസ്ഥ എന്നർത്ഥം. ഗർഭാവസ്ഥയിൽത്തന്നെ ശിശുവിനുണ്ടാകുന്ന ഒരു ശാശ്വതവൈകല്യമാണിത്. ഈ അസുഖവുമായി പിറന്നുവീഴുന്ന കുഞ്ഞുങ്ങൾക്ക് അവരുടെ രോഗാവസ്ഥയുടെ കാഠിന്യം കുറയ്ക്കാൻ ഉതകുന്ന ചികിത്സകൾ നൽകാമെന്നതിനപ്പുറം സമ്പൂർണ്ണമായ രോഗവിമുക്തി ഇല്ല എന്നർത്ഥം. സ്പൈന ബിഫിഡ എന്ന രോഗാവസ്ഥയുടെ പേര് ഒരുപക്ഷേ ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർക്ക് മാത്രം പരിചിതമായതായിരിക്കും; എന്നാൽ, ഈ അസുഖവുമായി പിറന്നുവീഴുന്നത് ജനസംഖ്യയുടെ അഞ്ച് മുതൽ പത്ത് ശതമാനം വരെ കുഞ്ഞുങ്ങൾ ആണ് എന്നത് ഒട്ടും നിസ്സാരമായ കണക്കല്ല. കുറച്ച് ശ്രദ്ധകൊടുത്താൽ ഒഴിവാക്കാവുന്നതേയുള്ളൂ ഈ രോഗാവസ്ഥ എന്നതിലാണ് ബോധവത്കരണത്തിന്റെ പ്രസക്തി. (സ്പൈന ബിഫിഡ അസോസിയേഷൻ എന്നത് ഈ രോഗബാധിതരായ ശിശുക്കൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു വൈദേശിക സംഘടനയാണ്. അവർ 2016 ഒക്ടോബർ സ്പൈന ബിഫിഡ ബോധവത്കരണ മാസമായി ആചരിക്കുകയാണ്.)

**സ്പൈന ബിഫിഡ എന്ന രോഗാവസ്ഥയുടെ പേര് ഒരുപക്ഷേ ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർക്ക് മാത്രം പരിചിതമായതായിരിക്കും; എന്നാൽ, ഈ അസുഖവുമായി പിറന്നുവീഴുന്നത് ജനസംഖ്യയുടെ അഞ്ച് മുതൽ പത്ത് ശതമാനം വരെ കുഞ്ഞുങ്ങൾ ആണ് എന്നത് ഒട്ടും നിസ്സാരമായ കണക്കല്ല.**

ഗർഭിണികൾ രണ്ടുപേർക്കുള്ള ആഹാരം കഴിക്കണം എന്ന ഒരു ഒഴുക്കൻ മട്ടിലുള്ള പറച്ചിൽ സാധാരണക്കാരനും കുഞ്ഞിന്റെ എല്ലുകളുടെ വളർച്ചയ്ക്ക് കാൽസ്യവും ഗർഭിണിക്ക് അനീമിയ അഥവാ വിളർച്ച ഉണ്ടാകാതിരിക്കാൻ അയേണും കഴിക്കണം എന്ന് അല്പം വിദ്യാഭ്യാസമുള്ളവരും പറയാറുണ്ട്; എന്നതിനപ്പുറം ഗർഭിണി നിർബന്ധമായും കഴിച്ചിരിക്കേണ്ട ആഹാര സാധനങ്ങൾ ഏതെല്ലാം? അവ എത്ര അളവിൽ കഴിക്കണം? എപ്പോൾ മുതൽ കഴിക്കണം? എന്നതിനെ കുറിച്ചൊന്നും

ആർക്കും വലിയ ധാരണയൊന്നും ഇല്ല എന്നതാണ് വാസ്തവം. മാത്രമല്ല; ഗർഭിണി ആയിക്കഴിഞ്ഞ ശേഷമുള്ള ശ്രദ്ധയ്ക്കപ്പുറം അതിനു മുൻപുള്ള ആഹാരക്രമവും വളരെ പ്രധാനം തന്നെയാണ്. കാരണം, ചിലപ്പോഴെങ്കിലും ഗർഭിണിയാണെന്ന കാര്യം തിരിച്ചറിയുമ്പോൾത്തന്നെ 1–3 മാസംവരെ പിന്നിട്ടിട്ടുണ്ടാകും. അണ്ഡവും ബീജവുമായി സംയോജിച്ച് ഏകദേശം ഇരുപത്തെട്ട് ദിവസമാകുമ്പോഴേക്കുള്ള അതിന്റെ ഘടനയുടെ പേരാണ് ന്യൂറൽ ട്യൂബ്. ഈ ന്യൂറൽ ട്യൂബാണ് ക്രമേണ തലച്ചോറും നട്ടെല്ലുമായി രൂപാന്തരപ്പെടുന്നത്. ഇവയുടെ ശരിയായ രൂപീകരണത്തെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകമാണ് ഫോളിക് ആസിഡ്. അണ്ഡ–ബീജ സംയോഗം മുതൽക്ക് മൂന്നുമാസക്കാലയളവിൽ ഗർഭിണിയുടെ ശരീരത്തിൽ ഭക്ഷണത്തിലൂടെയോ ഡോക്ടർമാർ നിർദ്ദേശിക്കുന്ന ഗുളികകൾ വഴിയോ നിശ്ചിത അളവ് ഫോളിക് ആസിഡ് നിത്യവും എത്തിയിട്ടുണ്ടായിരിക്കണം. ഇല്ല എങ്കിൽ അവയുടെ രൂപഘടന ശരിയായ ക്രമത്തിൽ അല്ലാതാവുകയും കുട്ടിക്ക് ശാശ്വതമായ ശാരീരികവൈകല്യങ്ങൾ ഉണ്ടാവുകയും ചെയ്യും. അപ്രകാരം ഉണ്ടാകുന്ന വൈകല്യങ്ങളുടെ ആകെത്തുകയാണ് സ്പൈന ബിഫിഡ. അതുകൊണ്ടുതന്നെ, ഗർഭിണിയാകാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി സ്ത്രീകൾ നിർബന്ധമായും ഫോളിക് ആസിഡ് കഴിക്കണം. ആദ്യത്തെ മൂന്നു മാസകാലയളവിൽ ഫോളിക് ആസിഡ് കഴിക്കാതിരുന്നിട്ട് പിന്നീടുള്ള എല്ലാ മാസങ്ങളിലും കൃത്യമായി ഫോളിക് ആസിഡ് കഴിക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകില്ല എന്നതുകൊണ്ട് ഗർഭധാരണം നടക്കുന്ന സമയം മുതൽ മൂന്നുമാസം വരെയുള്ള കാലയളവ് എന്നത് വളരെ പ്രധാനമാണ്.

ഗർഭിണിയ്ക്ക് ആദ്യത്തെ മൂന്നു മാസക്കാലയളവിനുള്ളിൽ (4 മുതൽ 12 ആഴ്ച വരെ) നടത്താവുന്ന അൾട്രാ സൗണ്ട് ഡേറ്റിംഗ് സ്കാൻ വഴി ഈ രോഗാവസ്ഥ കണ്ടെത്താൻ കഴിയും. 18 മുതൽ 20 ആഴ്ച കാലയളവിൽ നടത്താവുന്ന അനോമൽ സ്കാൻ വഴി രോഗാവസ്ഥ കൂടുതൽ വ്യക്തമായി അറിയാൻ കഴിയും. നട്ടെല്ലിന്റെ അഗ്രഭാഗത്തെ എല്ലുകൾക്ക് ചെറിയ വളവ് ഉള്ളതായി സാധാരണ അനോമൽ സ്കാനിൽ കാണാൻ കഴിയുന്നത് വിശദമായ പരിശോധനകൾക്ക് വിധേയമാക്കിയാൽ രോഗാവസ്ഥ ഏത് തരത്തിലുള്ളതാണെന്ന് സ്ഥിരീകരിക്കാൻ കഴിയും. മൂന്ന് തരത്തിലാണ് സ്പൈന ബിഫിഡ കാണപ്പെടുന്നത്. ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട രോഗാവസ്ഥ നട്ടെല്ലിന് വളരെ ചെറിയ പ്രശ്നം മാത്രമേ കാണിക്കുകയുള്ളൂ. ശരീരത്തിനു പുറത്തേക്ക് രോഗാവസ്ഥ കടന്നുവന്നിട്ടുണ്ടാവില്ല എന്നർത്ഥം. (Spina bifida occulta) അടുത്തഘട്ടം രോഗാവസ്ഥ ശരീരത്തിനു




പുറമേക്ക് കാണാൻ സാധിക്കുന്ന തരത്തിൽ ഗുരുതരമായിരിക്കും. നട്ടെല്ല് ചേരാതിരിക്കുന്ന ഭാഗത്ത് (അപൂർവമായി മറ്റിടങ്ങളിലും) ഒരു മുഴപോലെ ശരീരത്തിനു പുറത്തേക്ക് തള്ളിവരുന്ന അവസ്ഥയാണിത്. (Meningocele) ആ മുഴയ്ക്കുള്ളിൽ ശരീരദ്രവങ്ങൾ നിറഞ്ഞിരിക്കും. ശിശുവിന്റെ ജനനശേഷം വിദഗ്ദ്ധരായ

ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്താവുന്ന ഓപ്പറേഷനുകളിലൂടെ ഇതുമൂലം ഉണ്ടാകാനിടയുള്ള വൈകല്യങ്ങളെ ഒരുപരിധിവരെ കുറയ്ക്കാൻ കഴിയും. മൂന്നാം ഘട്ടം പുറത്തേക്ക് തള്ളിനിൽക്കുന്ന മുഴയ്ക്കുള്ളിലേക്ക് ശരീരദ്രവങ്ങൾക്കൊപ്പം ന്യൂറോണുകൾ ഇറങ്ങിവരുന്നതാണ്. (Myelomeningocele) തലച്ചോറിൽ വെള്ളം കെട്ടുന്നത് ഉൾപ്പടെയുള്ള അതീവ ഗുരുതരാവസ്ഥയാണ് നേരിടേണ്ടിവരിക. കാലുകൾ ചലിപ്പിക്കാൻ കഴിയാത്തവിധം തളർന്നുപോയിരിക്കും എന്നതിനാൽ ഈ അവസ്ഥയിലുള്ള കുഞ്ഞുങ്ങളെ ഗർഭം ധരിച്ചിരിക്കുന്ന അമ്മമാർക്ക് സാധാരണഗതിയിൽ അഞ്ചാം മാസം കഴിയുമ്പോഴേക്കും ഉണ്ടാകുന്ന അനക്കങ്ങൾ അനുഭവപ്പെടുകയില്ല. സാധാരണ സ്കാനിംഗിൽ കാണുന്ന രോഗാവസ്ഥ ഗുരുതരമല്ല എന്നുകരുതി അവഗണിക്കുന്നവർക്കുപോലും കുഞ്ഞിന്റെ അനക്കമില്ലായ്മയുടെ കാരണം അന്വേഷിക്കുമ്പോൾ രോഗാവസ്ഥ വെളിപ്പെടും. ശരാശരി, ആയിരത്തിൽ ഒരു കുഞ്ഞിനുവീതം സ്പൈന ബിഫിഡ എന്ന രോഗാവസ്ഥ ഉണ്ടാകുന്നുണ്ട് എന്നതുപോലെ രണ്ടായിരത്തിൽ ഒരു കുഞ്ഞിനു വീതം ഇതിന്റെ ഗുരുതരമായ അവസ്ഥയും കാണുന്നുണ്ട്. ഈ രോഗാവസ്ഥയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും ഏതെങ്കിലും രീതിയുള്ള ചികിത്സകൾ ആജീവനാന്തം ആവശ്യമായിവരും.



സ്പൈന ബിഫിഡ എന്നത് ഒരു രോഗമല്ല, മറിച്ച് രോഗാവസ്ഥയാണ്. ന്യൂറൽ ട്യൂബിനുണ്ടാകുന്ന തകരാറാണ് ഈ രോഗാവസ്ഥയിലേക്ക് നയിക്കുന്നത് എന്നതിനാൽ, തലച്ചോറിലെയും സ്പൈനൽ കോഡിലെയും ന്യൂറോണുകൾക്കാണ് പ്രശ്നമുണ്ടാവുക. തലച്ചോറിൽ നിന്നും ശാരീരിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ആവേഗങ്ങൾ യഥാസമയം സഞ്ചരിക്കുന്നതിനും അവയവങ്ങളിലേക്ക് എത്തിച്ചേരുന്നതിനും തടസ്സം നേരിടും എന്നതാണ് പ്രശ്നം. മുഴുവൻ ശാരീരിക പ്രവർത്തനങ്ങളെയും ഏതെങ്കിലും വിധത്തിൽ ബാധിക്കുന്ന പ്രശ്നമായിരിക്കും ഇത്. ശാരീരിക അവയങ്ങൾക്ക് (കണ്ണ്, എല്ലുകൾ, മസിലുകൾ, സന്ധികൾ, കിഡ്നി തുടങ്ങിയവ) ശരിയായ പ്രവർത്തനശേഷി ഉണ്ടാവുകയില്ല എന്നതാണ് ഫലം. ഗുരുതരാവസ്ഥയിൽ അരയ്ക്ക് കീഴ്പ്പോട്ടുള്ള ഭാഗങ്ങൾക്ക് ചലനശേഷിയില്ലായ്മ, മൂത്രസഞ്ചിയിൻമേൽ നിയന്ത്രണം ഇല്ലാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങളും സാധാരണയായി ഉണ്ടായിരിക്കും. ആധുനിക പഠനങ്ങൾ തെളിയിക്കുന്നത് തലച്ചോറിന്റെ ഘടനയിൽ പ്രത്യക്ഷമായി പ്രശ്നങ്ങൾ തോന്നിച്ചാലും ഇല്ലെങ്കിലും ഭാഷാപഠനത്തിലും ആശയവിനിമയശേഷിയിലും ചിന്താശേഷിയിലുമൊക്കെ അത്തരം കുഞ്ഞുങ്ങൾക്ക് പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നുണ്ട് എന്നാണ്.

അമിതവണ്ണവും പ്രമേഹവും ഗർഭകാലയളവിലുണ്ടാകുന്ന കടുത്ത പനിയും ജനിതകവൈകല്യപരമായ പാരമ്പര്യവും ഒക്കെ സ്പൈന ബിഫിഡ എന്ന രോഗാവസ്ഥയ്ക്ക് കാരണമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഫോളിക് ആസിഡിന്റെ അഭാവത്തിലേക്ക് തന്നെയാണ് ചെന്നെത്തുന്നത് എന്നത് ശ്രദ്ധേയമായ വസ്തുതയാണ്. അതുകൊണ്ട് ഒന്നു ശ്രദ്ധിച്ചാൽ ഒഴിവാക്കാനാകുന്ന ഒരു ദുരന്തം എന്ന നിലയ്ക്ക് ഗർഭിണി ആകുന്ന ഓരോ സ്ത്രീയും ഫോളിക് ആസിഡ് കഴിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തണം. ഇലക്കറികൾ (ചീര, മുരിങ്ങയില തുടങ്ങി പച്ചനിറമുള്ള ഇലക്കറികൾ), പുളിയുള്ളതും മധുരം കുറവുള്ളതുമായ പഴവർഗ്ഗങ്ങൾ (ഓറഞ്ച്, മുന്തിരി, ബെറികൾ, അവക്കാഡോ തുടങ്ങിയവ) ധാന്യങ്ങൾ (ഗോതമ്പ്, തവിടുള്ള അരി, ചോളം തുടങ്ങിയവ), പയറുവർഗ്ഗങ്ങൾ (സോയാബീൻ, വൻപയർ, മുളപ്പിച്ച ചെറുപയർ, ഗ്രീൻപീസ് തുടങ്ങിയവ), പച്ചക്കറികൾ (വെണ്ടക്ക, കോളിഫ്ളവർ, കാരറ്റ്, സെലറി, ബ്രോക്കോളി തുടങ്ങിയവ), വിത്തുകൾ (ബദാം, സൂര്യകാന്തിവിത്ത്, മത്തൻ വിത്ത്, എള്ള്, കപ്പലണ്ടി തുടങ്ങിയവ) എന്നിവ നിത്യഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിലൂടെ ആവശ്യമായ ഫോളിക് ആസിഡ് ശരീരത്തിനു ലഭിക്കും.

ആധുനിക ജീവിതശൈലികളിൽ വന്ന ചില മാറ്റങ്ങൾ ഈ ആഹാര സാധനങ്ങൾ കഴിക്കുന്നതിന്റെ ഗുണം ശരീരത്തിനു നഷ്ടമാകാൻ കാരണമാകുന്നുണ്ട് എന്നതുകൂടി

മനസ്സിലാക്കിയിരിക്കണം. ആഹാരശേഷവും അല്ലാത്തപ്പോഴും ഇടയ്ക്കിടയ്ക്ക് ചായ/കാപ്പി/ ഗ്രീൻടീ കഴിക്കുന്നത് ഇന്ന് ഒരു ശീലം തന്നെ ആയിത്തീർന്നിട്ടുണ്ട്. എന്നാൽ ഇവ കഴിക്കുമ്പോൾ ആഹാരത്തിലൂടെ ശരീരത്തിലേക്ക് സ്വാഭാവികമായി സംഭവിക്കുന്ന ഫോളിക് ആസിഡിന്റെ ആഗീരണം ഭാഗികമായോ പൂർണ്ണമായോ തടസ്സപ്പെടുന്നുണ്ട്. ചായയും കാപ്പിയും കഴിക്കണ്ട എന്ന് ഡോക്ടർമാർ പറയാത്തതു കൊണ്ട് നല്ലൊരു ശതമാനം ഗർഭിണികളും ചായയും കാപ്പിയും അളവില്ലാതെ കഴിക്കുന്നുണ്ട്. (ദിവസേന 2കപ്പിലധികം) ചായയോ കാപ്പിയോ കഴിക്കാതിരുന്നാൽ തലവേദന ഉണ്ടാകുന്ന തരത്തിൽ അതിന് അടിമപ്പെട്ടവർതന്നെ നിരവധിയുണ്ട്. എന്നാൽ ആഹാരപദാർത്ഥങ്ങളുമായും അവയിലെ മൂലകങ്ങളുമായും മറ്റും ബന്ധപ്പെട്ട് വന്നിട്ടുള്ള

**സാധാരണ സ്കാനിംഗിൽ കാണുന്ന രോഗാവസ്ഥ ഗുരുതരമല്ല എന്നുകരുതി അവഗണിക്കുന്നവർക്കുപോലും കുഞ്ഞിന്റെ അനക്കമില്ലായ്മയുടെ കാരണം അന്വേഷിക്കുമ്പോൾ രോഗാവസ്ഥ വെളിപ്പെടും. ശരാശരി, ആയിരത്തിൽ ഒരു കുഞ്ഞിനുവീതം സ്പൈന ബിഫിഡ എന്ന രോഗാവസ്ഥ ഉണ്ടാകുന്നുണ്ട് എന്നതുപോലെ രണ്ടായിരത്തിൽ ഒരു കുഞ്ഞിനു വീതം ഇതിന്റെ ഗുരുതരമായ അവസ്ഥയും കാണുന്നുണ്ട്. ഈ രോഗാവസ്ഥയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും ഏതെങ്കിലും രീതിയുള്ള ചികിത്സകൾ ആജീവനാന്തം ആവശ്യമായിവരും.**

എല്ലാ പഠനങ്ങളും പ്രത്യേകിച്ച് ഗർഭിണികളുടെ ആഹാരകാര്യവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പഠനങ്ങൾ എല്ലാംതന്നെ ഗർഭാവസ്ഥയിൽ ചായ, കാപ്പി, ഗ്രീൻടീ പോലുള്ളവ ഒഴിവാക്കാൻ നിർദ്ദേശിക്കുന്നുണ്ട്. അത്തരം പഠനങ്ങളെ വിദ്യാസമ്പന്നരെന്ന് സ്വയം ഞെളിയുന്ന മലയാളിസമൂഹം ഇനിയും അർഹിക്കുന്ന ഗൗരവത്തോടെ എടുത്തിട്ടില്ല.

രോഗം വന്നുകഴിഞ്ഞ് ആശുപത്രിയിലേക്ക് ഓടുന്നതും മരുന്ന് വാങ്ങിക്കഴിച്ച് മാറ്റാൻ ശ്രമിക്കുന്നതും മാത്രമാണ് ആരോഗ്യപരിപാലനത്തിനായി ചെയ്യേണ്ടത് എന്നാണ് ഇന്നും മലയാളിയുടെ വിശ്വാസം. അതിലപ്പുറം കുഞ്ഞുങ്ങൾക്ക് ജന്മനാ തന്നെ ശാരീരിക– മാനസിക വൈകല്യങ്ങൾ വരാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ എടുക്കാം എന്നതിനെപ്പറ്റി യാതൊരു അവഗാഹവുമില്ല. അതിന്റെ അനന്തരഫലമാണ് പിറന്നുവീഴുന്ന നല്ലൊരു ശതമാനം അംഗവൈകല്യമുള്ള കുഞ്ഞുങ്ങളും. (ജനിതക

തകരാറുകൾ മാറ്റിനിർത്തിയാൽ) അറിവില്ലായ്മ കൊണ്ടുണ്ടാകുന്ന അശ്രദ്ധ മതി ഒരു കുഞ്ഞിന്റെ ആയുസ്സ് മുഴുവനും അവനെ രോഗിയാക്കാനെന്ന് അച്ഛനും അമ്മയും ആകാൻ തയ്യാറെടുക്കുന്ന ഓരോ സ്ത്രീയും പുരുഷനും അറിഞ്ഞിരിക്കണം. ഒരു സമ്പന്ന കുടുംബത്തിന് അത്തരം ഒരു കുട്ടിക്കുവേണ്ട ചികിത്സാസൗകര്യങ്ങൾ പ്രശ്നമായേക്കില്ല എങ്കിലും ഒരു ശരാശരി കുടുംബത്തെ കടക്കെണിയിലാഴ്ത്താൻ അതുമതി. അത് മാറ്റി നിർത്തിയാലും, വൈകല്യം മൂലമുള്ള കുഞ്ഞുങ്ങളുടെ നിസ്സഹായത കണ്ടുകൊണ്ടു ജീവിക്കേണ്ടി വരുന്ന മാനസികവിഷമത്തിന് പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസം കാണില്ല. അറിവ്, അല്പം ശ്രദ്ധ, ആരോഗ്യമുള്ള ഒരു കുഞ്ഞ് അതുവഴി ആരോഗ്യമുള്ള ഒരു തലമുറ ഇപ്രകാരമാകണം അച്ഛനമ്മമാരാകാൻ തയ്യാറെടുക്കുന്ന ഓരോ സ്ത്രീയേയും പുരുഷനേയും ബോധവത്കരിക്കേണ്ടത്. ജാതകവും ജാതിയും മതവും ഒക്കെ നോക്കി വിവാഹം കഴിപ്പിക്കാനും വിവാഹം കഴിഞ്ഞ് 3–6 മാസം ആകുന്നതോടെ വിശേഷമായില്ലേ എന്ന് ചോദിക്കാൻ ഉത്സാഹിക്കുകയും ചെയ്യുന്നതിനൊപ്പം അച്ഛനും അമ്മയും ആകാൻ തയ്യാറെടുക്കുന്നവരോട് ഇനി മുതൽ ഫോളിക് ആസിഡ് കഴിക്കുന്നില്ലേ എന്നുകൂടി ചോദിച്ച് ഉറപ്പുവരുത്തുന്നതിലേക്ക് നമ്മുടെ അറിവിനേയും ജാഗ്രതയേയും വളർത്തിയെടുക്കാം.


വെബ് വിലാസങ്ങൾ

1. https://en.wikipedia.org/wiki/Spina_bifida
2. http://www.babycentre.co.uk/a1024195/spina-bifida
3. http://spinabifidaassociation.org/
4. http://www.mayoclinic.org/diseases-conditions/spina-bifida/basics/risk-factors/con-20035356
5. http://www.globalhealingcenter.com/natural-health/folic-acid-foods/
6. http://lang.meuhedet.co.il/en/featured-articles/nutrition-guide-for-pregnant-women.aspx
7. https://authoritynutrition.com/pregnancy-diet-101/
8. http://natural-fertility-info.com/green-tea-folic-acid.html

ചെറുകഥ

ഉഷാകുമാരി എം. ബി



# കൂട്ടുകാരി

ഫീൽഡ് വർക്ക് കഴിഞ്ഞ് ആവശ്യത്തിലേറെ വീട്ടുസാധനവുമേറ്റി തെല്ലിട നിന്നാണ് പടി കയറിയത്. അപരിചിതയെങ്കിലും പുഞ്ചിരി പൊഴിച്ചുകൊണ്ട് ഇരുനിറക്കാരിയായ ഒരു സ്ത്രീ കസേരയിലിരിക്കുന്നു. രണ്ടു ദിവസം മുൻപ് ഭർത്താവ് പറഞ്ഞതോർത്തു.

കൊച്ചച്ചനും മറ്റും വരണമെന്ന് പറയുന്നു

ആയെന്നോ അരുതെന്നോ മറുപടിയുണ്ടായില്ല.

ഇതെന്താ വരാന്തയിൽത്തന്നെ ഇരിക്കുന്നെ ?

കൃത്രിമമെന്ന് തോന്നരുതെന്ന നിർബന്ധത്തിലൊരു കുശലമയച്ചു.

സുജ ഇങ്ങു വരട്ടെയെന്ന് കരുതി

മര്യാദയ്ക്ക് സാദരനമസ്ക്കാരമെന്ന് മനസ്സിൽ പറഞ്ഞു.

കൊച്ചച്ഛൻ അകത്ത് കട്ടിലിൽ ശയിക്കുന്നു. ഭർത്താവ് കാൽക്കലിരുന്ന് കുശലങ്ങളും പഴമ്പുരാണങ്ങളും നാട്ടുവർത്തമാനങ്ങളും കൊണ്ടൊരു ആഹ്ലാദപർവ്വം മെനഞ്ഞെടുക്കുകകയാണ്. കൊച്ചച്ചനേയും കുടുംബത്തേയും സന്ദർശിച്ച നാൾ മനസ്സിന്റെ അടിത്തട്ടിൽ നിദ്രാണമായി കിടക്കുന്നു.

വലിയൊരു പെട്ടിയും, ഒന്നര വയസ്സുള്ള മോനെയുമെടുത്ത് ഒരു പരിചയവുമില്ലാത്ത സ്ഥലത്ത് ജോലിയിൽ പ്രവേശിച്ചപ്പോൾ ആശ്രയമായി കയറിച്ചെന്ന വീട്.

സ്ഥിരതാമസത്തിനാണെങ്കിൽ മുകളിലിഷ്ടം പോലെ സൗകര്യമുണ്ട്. മന്ദഹാസത്തിൽ പൊതിഞ്ഞാണ് കൊച്ചച്ഛനതു പറഞ്ഞത്. മഴയ്ക്കിടയിൽ മനസ്സിനെ കുളിർപ്പിച്ചൊരു സാന്ത്വനം.

കൊച്ചമ്മയാകട്ടെ തലകൊണ്ടൊരു വൃദ്ധയും മുഖംകൊണ്ടൊരു യുവതിയുമായ മിതഭാഷിണി. ജീവിതത്തിലൊരിക്കലും വിശ്രമിക്കാത്തവൾ. അവരുടെ വാക്കുകളിൽ സ്നേഹമോ കർക്കശതയോ അങ്ങനെ അനിർവ്വചനീയമായ എന്തൊക്കെയോ ഉൾച്ചേർന്നിരുന്നു. ഒന്നും വ്യവച്ഛേദിക്കാനായില്ല. നിരഞ്ജനയ്ക്കും നീരജിനും മാതാപിതാക്കളായിരുന്നില്ല അവർ, വലിയ സൗകര്യങ്ങളായിരുന്നു....വലിയൊരു കോട്ടയായിരുന്നു.

ഇരുപതു വർഷങ്ങൾക്കുശേഷം കൊച്ചമ്മയുടെ ഫോൺകോൾ തന്നെ തൊല്ലൊന്നുമല്ല അമ്പരപ്പിച്ചത്.

നമുക്കൊന്ന് കൂടേണ്ടേ?! വരുന്ന മീനം 14ന് എന്റെ പുറന്നാളാ. സുജയും പിള്ളാരും അവൻ വരുമ്പോ കൂടെ വരണം .

ഞാ വരാൻ നോക്കാം – താൻ പ്രതിവചിച്ചു. ജീവിതത്തിലെ ഏറ്റവും വലിയൊരവസരമാണ് നഷ്ടപ്പെട്ടത്. ജന്മാന്തരങ്ങളിലെവിടെയങ്കിലും വെച്ചേ ഇനിയവരെ കാണാനൊക്കൂ.

കൊച്ചമ്മയുടെ സാമീപ്യം എല്ലായിടത്തും ഉണ്ടായിരുന്നു അടുക്കളയിലും മുറ്റത്തും കിടപ്പുമുറിയിലും അവരുടെ കൈവേലകളുടെ നിറവുണ്ടായിരുന്നു. എത്ര നിശ്ചലമായാണ് ഷോകേസിലെ ഫോട്ടോയ്ക്കുള്ളിൽ അവർ ഒതുങ്ങിയിരിക്കുന്നത്. കൊച്ചച്ഛന്റെ വാക്കുകളിൽ അടക്കിപ്പിടിച്ച സങ്കടത്തിന്റെ ഘനം വ്യഞ്ജിക്കുന്നുണ്ടായിരുന്നു.

ഞാനങ്ങോട്ട് വരണമെന്ന് കരുതിയതാ കൊച്ചുമോൾ ഉണ്ണുകയോ ഗെയിറ്റടക്കാൻ സമ്മതിക്കുകയോ ചെയ്യില്ല. കൊച്ചച്ഛൻ സംക്ഷേപിച്ചു.

അപരിചിതത്വത്തിന്റെ പുറന്തോട് പൊട്ടിച്ച് രണ്ടാം കൊച്ചമ്മ അടുക്കളയിലെത്തി.

ഞാനെന്തേലും സഹായിക്കട്ടോ ? തന്റെ ചിന്തയെ തകിടം മറിച്ച പടഹധ്വനിയായിട്ടാണ് ആ വാക്കുകൾ അനുഭവപ്പെട്ടത്. മനസ്സിലെ ഒരായിരം ചോദ്യങ്ങളെ ഉള്ളിൽ തളച്ചിട്ട് പറഞ്ഞു.

ഇത്ര ദൂരേന്ന് യാത്ര ചെയ്തു വന്നതല്ലെ വിശ്രമിച്ചോളൂ

എങ്ങനെയാണ് വിവാഹം? ചോദിക്കാതിരിക്കാനായില്ല.

പത്രപ്പരസ്യത്തിലൂടെയായിരുന്നു മറുപടിയിൽ നിശ്ചയദാർഢ്യമുണ്ടായിരുന്നു.

മക്കളും കൊച്ചുമക്കളും എതിർത്തില്ലേ?

ചേട്ടനെ എല്ലാവരുംതന്നെ എതിർത്തിരുന്നു .

ഭക്ഷണം കഴിഞ്ഞ് പുറത്തെ വരാന്തയിലിരുന്നപ്പോൾ മനസ്സിന്റെ ഉള്ളറകളിൽ നിന്നും ഉത്തരം കിട്ടാത്ത ചിലചോദ്യങ്ങൾ പുറപ്പെട്ടുകൊണ്ടേയിരുന്നു. മുന്നിൽ നിലാവു ചാലിച്ച വയലിൻ മുകളിൽ തെളിഞ്ഞ ആകാശത്തിന്റെ ചില മൂലകളിൽ നക്ഷത്രങ്ങളുടെ കൂട്ടങ്ങൾ കണ്ണുചിമ്മുന്നുണ്ടായിരുന്നു. അതിലൊരു നക്ഷത്രം തന്നെനോക്കി എന്തൊക്കെയോ നിമന്ത്രിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് അകത്തുനിന്നൊരു വിളിയുണ്ടായത്.


രാജിയേ

ദാ വരുന്നേട്ടാ

ജാള്യത മറച്ച് സാധാരണത്വം അഭിനയിച്ച് ഭർത്താവറിയിച്ചു.

കൂട്ടിനൊരാളു വേണ്ടേ ?!.

## പുസ്തകപരിചയം




ശോഭ. എം.പി.

# ലൈംഗികത സിതാര എസിന്റെ കഥകളിൽ

മനുഷ്യന്റെ അടിസ്ഥാന ജൈവിക വികാരമാണ് ലൈംഗികത. ഓരോ ജീവിവർഗ്ഗത്തിന്റെയും കൂട്ടായ നിലനില്പിനെയാണ് ലൈംഗികത നിർണ യിക്കുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം ശാരീരികം എതിനപ്പുറം സാമൂഹിക-സാംസ്കാരിക ജീവിതത്തിന്റെ ആഴങ്ങളിൽ പതിഞ്ഞു കിടക്കുന്ന നിരവധി ഘടകങ്ങളെ കൂടി അടിസ്ഥാനപ്പെടുത്തി നിലനിൽക്കുന്നതാണ്. ജാതി, മതം, വർഗ്ഗം, വർണ്ണം, ലിംഗം തുടങ്ങിയ ഘടകങ്ങൾക്കു മേൽ നിലനിൽക്കുന്ന അധികാരവ്യവസ്ഥകളുമായി ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ മനുഷ്യലൈംഗികതയെ അടയാളപ്പെടുത്താൻ സാധിക്കൂ.ആണും പെണ്ണും തമ്മിലുള്ള സംയോഗം എന്ന കേവല അർത്ഥത്തിലാണ് അല്ലെങ്കിൽ കേവല ജൈവികതയിലാണ് പരമ്പരാഗത ലൈംഗിക സങ്കല്പം നിലനിൽക്കുന്നത്. ലൈംഗിക സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആവശ്യം എല്ലാം ജനതയ്ക്കും അത്യന്താപേക്ഷിത മാണ്. ആധുനിക സമൂഹത്തിൽ സ്ത്രീവാദപ്ര സ്ഥാനങ്ങളുടെ ആവിർഭാവത്തോടു കൂടിയാണ് ലൈംഗിക സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പ്രക്ഷോ ഭങ്ങൾ ഉയരാൻ തുടങ്ങിയത്.

മിഷേൽ ഫൂക്കോ 'ലൈംഗികതയുടെ ചരിത്ര' (The History of Sexuality) ത്തിൽ മനുഷ്യ ശരീരത്തെയും ലൈംഗികതയെയും കുറിച്ച് പ്രധാ നപ്പെട്ട നിരീക്ഷണങ്ങൾ മുന്നോട്ടു വയ്ക്കുന്നു. ഫൂക്കോയുടെ അപഗ്രഥനങ്ങൾ സ്ത്രൈണലൈം ഗികതയുടെ സാംസ്കാരിക നിർമ്മിതിയെക്കുറിച്ചും ശരീരത്തിന്മേലുള്ള അധികാരത്തെക്കുറിച്ചും മനസ്സി



ലാക്കാൻ സ്ത്രീവാദികൾക്ക് സഹായകമായി. ലൈംഗികത ജൈവികമായ ഒന്നുമാത്രമല്ല എന്നും അത് ചരിത്രപരമായ അധികാരബന്ധങ്ങളുടെ ഉല്പന്നമാണെന്നുമാണ് ഫൂക്കോ വ്യക്തമാക്കുന്നത്.

ഫൂക്കോയുടെ നിരീക്ഷണങ്ങളിൽ ശ്രദ്ധേയമായത് പതിനേഴാം നൂറ്റാണ്ടിലെ ലൈംഗികതയെ സംബന്ധിച്ചതായിരുന്നു. വിക്ടോറിയൻ സദാചാരം രതിയെ പൊതുസമൂഹത്തിൽ നിന്ന് അകറ്റുകയും ലൈംഗികതയെ പ്രത്യുൽപ്പാദനത്തിനു വേണ്ടി മാത്രം ആശ്രയിക്കേണ്ട ഒന്നായി കാണക്കാക്കുകയും ചെയ്തു. നിശബ്ദതയായിരുന്നു അതിന്റെ പൊതുഭാഷ എന്നും ലൈംഗികതയുടെ മാതൃഭാഷയായി നിശബ്ദത മാറിയെന്നും ഫൂക്കോ തന്നെ പറയുന്നുണ്ട്.

ലൈംഗികതയെ അമർത്തി വയ്ക്കുന്ന ഈ പ്രവണത ഒരു തരം അധികാര വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണെന്ന് ഫൂക്കോ കണ്ടെത്തുന്നു. ഇത്തരം അമർത്തിവയ്ക്കലുകളിലൂടെ സാമൂഹ്യജീവിയായ മനുഷ്യന്റെ അഭിലാഷങ്ങളുടെയും ആഭിമുഖ്യങ്ങളുടെയും അന്തഃസത്തയായ ലൈംഗികത ഓരത്തിലേക്ക് മാറ്റി വയ്ക്കപ്പെട്ടു. ഇതിന്റെ കേന്ദ്രം പിതൃകേന്ദ്രീകൃത വ്യവസ്ഥയിലൂടെ പുരുഷന് മാത്രം പ്രാപ്യമായ ഒന്നായി മാറി. സ്ത്രീയും മറ്റു ലൈംഗികന്യൂനപക്ഷങ്ങളും രണ്ടാംകിടയായി ഇകഴ്ത്തപ്പെടുകയും അവർ സ്വത്വ സംഘർഷത്തിലേർപ്പെടുകയും ചെയ്തു.

ഇതുമായി ബന്ധപ്പെടുത്തി കെ.വേണു ഇങ്ങനെ അഭിപ്രായപ്പെടുന്നു. 'സ്ത്രീയും പുരുഷനും തുല്യപങ്കാളിത്തമുള്ള ലൈംഗിക ബന്ധത്തിൽ സ്ത്രീ മാത്രം പരിശുദ്ധി കാത്തുസൂക്ഷിക്കണമെന്നും അഥവാ ചാരിത്ര്യം സംരക്ഷിക്കണമെന്നും വ്യവസ്ഥ ചെയ്യപ്പെടുന്നത് അത് ദായക്രമത്തിന്റെ സമ്പദ്ക്രമം അരക്കിട്ടുറപ്പിക്കുന്നതു കൊണ്ട് മാത്രമാണ്. പ്രകൃതിജന്യവും ജൈവികവുമായ ലൈംഗിക ബന്ധത്തിനു മേൽ തികച്ചും അന്യായവും കൃത്രിമവുമായ ഒരു സാമ്പത്തിക ധർമ്മം അടിച്ചേൽപ്പിക്കുകയായിരുന്നു'. (2006:173) പിതൃദായക്രമത്തിലേയ്ക്കുള്ള സാമ്പത്തിക അധികാര വിനിമയം സ്ത്രീയെയും ലൈംഗികതയെയും നിശബ്ദമാക്കിയത് എങ്ങനെയെന്ന് വിലയിരുത്തുകയാണ് കെ.വേണു ചെയ്യുന്നത്. ഗായത്രി സ്പിവാകിന്റെ ഒരു അഭിപ്രായം ഇതിനോട് ചേർത്ത് വായിക്കുന്നത് പ്രസക്തമാണ്. 'ആൺകോയ്മയ്ക്കും സാമ്രാജ്യത്വത്തിനും ഇടയിൽ, കർത്തൃനിർമ്മിതിയ്ക്കും വസ്തുവത്കരണത്തിനും ഇടയിൽ സ്ത്രീയുടെ ചിത്രം അപ്രത്യക്ഷമാവുന്നു. തെളിഞ്ഞ ശൂന്യതയിലേയ്ക്കല്ല ഈ അപ്രത്യക്ഷമാകൽ. പാരമ്പര്യത്തിനും ആധുനികവൽക്കരണത്തിനും ഇടയ്ക്ക് കുരുക്കപ്പെട്ട 'മൂന്നാംലോകസ്ത്രീ' രൂപം നിരന്തരം ആക്രമവിധേയമാകുന്ന

**സ്ത്രീയും പുരുഷനും തുല്യപങ്കാളിത്തമുള്ള ലൈംഗിക ബന്ധത്തിൽ സ്ത്രീ മാത്രം പരിശുദ്ധി കാത്തുസൂക്ഷിക്കണമെന്നും അഥവാ ചാരിത്ര്യം സംരക്ഷിക്കണമെന്നും വ്യവസ്ഥ ചെയ്യപ്പെടുന്നത് അത് ദായക്രമത്തിന്റെ സമ്പദ്ക്രമം അരക്കിട്ടുറപ്പിക്കുന്നതു കൊണ്ട് മാത്രമാണ്. പ്രകൃതിജന്യവും ജൈവികവുമായ ലൈംഗിക ബന്ധത്തിനു മേൽ തികച്ചും അന്യായവും കൃത്രിമവുമായ ഒരു സാമ്പത്തിക ധർമ്മം അടിച്ചേൽപ്പിക്കുകയായിരുന്നു'.**

സ്ഥാനഭ്രംശങ്ങളിലൂടെയാണ് ആ പോക്ക്'. (1988:306) അധിനിവേശവ്യവഹാരത്തിനിടയ്ക്ക് നഷ്ടമാകുന്ന സ്ത്രൈണാസ്തിത്വം തന്നെയാണ് ഗായത്രി സ്പിവാക്കും ചൂണ്ടിക്കാട്ടുന്നത്.

സ്ത്രീവാദത്തിനകത്ത് ലിംഗപദവിയെ സംബന്ധിക്കുന്ന നിരവധി നിലപാടുകൾ തന്നെയുണ്ട്. ലിംഗപദവി ജീവശാസ്ത്ര ലിംഗഭേദത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സാംസ്കാരിക നിർമ്മിതിയാണെന്ന് 'ലൈംഗിക രാഷ്ട്രീയ'ത്തിൽ കെയ്റ്റ് മില്ലറ്റ് പറയുന്നു. ലിംഗപദവി എന്ന വാക്ക് നേരിട്ട് ഉപയോഗിച്ചില്ലെങ്കിലും നാല്പതുകളുടെ അവസാനം സിമൊൺ ദ ബുവ്വെയും ഈ നിർമ്മിതിയുടെ കാര്യം വ്യക്തമാക്കിയിരുന്നു. 'ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീ ആയിത്തീരുകയാണെന്ന് അവർ പറഞ്ഞു. 'മനുഷ്യസംസ്കൃതി ആകമാനമാണ് സ്ത്രീയെ ഈ 'ജന്തു'വിനെ സൃഷ്ടിക്കുന്നത്' (1987:295) സ്ത്രീയ്ക്ക് അപരത്വവും പുരുഷന് കർത്തൃത്വവും നൽകുന്ന സമൂഹത്തിലെ സ്ത്രൈണാസ്തിത്വത്തെയാണ് സിമൊൺ അപഗ്രഥനം ചെയ്യുന്നത്.

ലിംഗപദവിയുമായി ബന്ധപ്പെട്ട് ജൂഡിത് ബട്‌ലറിന്റെ നിരീക്ഷണങ്ങൾ എക്കാലവും പ്രസക്തമാണ്. ബട്‌ലറുടെ അഭിപ്രായത്തിൽ ലിംഗപദവിയുടെ പ്രകാശനത്തിന്റെ പിറകിൽ ഒരു ലിംഗപദവി സ്വത്വം കിടപ്പില്ല എന്നതാണ്. പ്രകാശനങ്ങൾ ആവിഷ്കാരപരമായി നിർമ്മിക്കുന്നതാണ് ലിംഗപദവി സ്വത്വം. അഭിനേതാവില്ലാത്ത അഭിനയമത്രേ ഇത്. വസ്ത്രധാരണം, തലമുടിയുടെ നീളം, ചേഷ്ടകൾ, മനോഭാവങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയ ബാഹ്യപ്രകടനങ്ങളിലൂടെ വിജ്ഞാപനം ചെയ്യുന്ന ഒരു സങ്കൽപമാണ് ലിംഗവ്യക്തിത്വം എന്ന് ജൂഡീത് ബട്‌ലർ അഭിപ്രായപ്പെടുന്നു. ഈ

ബാഹ്യഘടകങ്ങൾ ഒഴിവാക്കിയാൽ ആൺ പെൺ എന്ന് തരംതിരിയ്ക്കാൻ നേരിയ അടിസ്ഥാനങ്ങളേ ബാക്കിയാവുന്നുള്ളൂ. എന്നാൽ ഈ വിഭജനങ്ങളി ലൊതുങ്ങാത്ത ധാരാളം ശരീരങ്ങളുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ. ഇത്തരത്തിൽ മനുഷ്യശരീരങ്ങ ളെയും കാമനകളെയും മോഹങ്ങളെയും പുനർവി ശകലനത്തിന് വിധേയമാക്കാനാണ് ക്വിയർ തിയറി യെന്ന പുതിയ വൈജ്ഞാനിക മേഖല ഒരുമ്പെടു ന്നത്.

സ്ത്രീപുരുഷ ദ്വന്ദ്വങ്ങളിൽ ഒതുങ്ങുന്ന ലിംഗപ ദവി ഇന്ന് ഏറെ സന്ദിഗ്ദമാണ്. സ്ത്രീയും പുരു ഷനും അല്ലാത്തവർ എവിടെ അടയാളപ്പെടുന്നു എന്ന് നിർണയിക്കാൻ ശ്രമിക്കുമ്പോഴാണ് ലിംഗപദ വിയിലെ ഈ സന്ദിഗ്ദത പ്രകടമാവുന്നത്. ആണോ പെണ്ണോ എന്ന ചോദ്യത്തിനു മുന്നിലും ആണിന്റെയും പെണ്ണിന്റെയും താഴെയോ എന്ന സംശയത്തിന്മേലും ലൈംഗിക ന്യൂനപക്ഷക്കാർ ഈ സന്ദിഗ്ദത നേരിട്ടനുഭവിക്കുന്നു. എന്നാൽ ലൈംഗിക ന്യൂനപക്ഷങ്ങൾ സ്വാഭാവികമാണെന്നും അതിൽ നിന്നും വ്യതിചലിച്ചു വരുന്നതാണ് ആണും പെണ്ണും എന്നുമുള്ള നിരീക്ഷണം പ്രസ ക്തമാണ്.

നിർബന്ധിത ഭിന്ന ലൈംഗികത (Compulsory Hetero Sexuality) യിലൂടെ ലൈംഗിക വ്യത്യാസ ങ്ങൾ നിലനിർത്താനുള്ള മനുഷ്യാവകാശമാണ് ലംഘിക്കപ്പെടുന്നത്. ലൈംഗിക പദവിയിലെ ഉച്ച നീചത്വങ്ങളിലൂടെ പരിമിതപ്പെട്ടു പോവുകയാണ് ലൈംഗികതയുടെ വ്യത്യസ്ത താൽപര്യങ്ങൾ. സ്ത്രീ-പുരുഷ ബന്ധമാണ് സ്വാഭാവിക ലൈംഗിക തയെന്നുള്ള രൂഢമൂലമായ ധാരണയിലൂടെ ലൈംഗികന്യൂനപക്ഷങ്ങളോടും സ്ത്രൈണലൈം ഗികതയോടുമുള്ള അവജ്ഞ ശക്തമാകുന്നു. ഭര ണകൂടവും നിയമവും കുടുംബവും മറ്റുമായി സ്ഥാപനവൽകരിക്കപ്പെട്ടിരിക്കുന്ന ഭിന്നലൈംഗി കത ലൈംഗിക സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു.

സമൂഹത്തിലും സംസ്കാരത്തിലും നിയമ ത്തിലും നിറഞ്ഞു നിൽക്കുന്ന ഭിന്നലൈംഗികതയെ ചെറുക്കുന്ന ജീവിതരീതി പിന്തുടരുന്നവരാണ് വിമ തർ (Queer). കോത്തികൾ, ഹിജഡകൾ ഗേ, ലെസ്ബിയൻ, ബൈ സെക്ഷ്വൽ തുടങ്ങിയവർ ലൈംഗികത പിന്തുടർന്ന് ജീവിക്കുന്നവരാണ്. വിമ തർ ഇന്ന് ലൈംഗികത പ്രകടമാക്കിക്കൊണ്ട് രാഷ്ട്രീയമായ വീണ്ടെടുപ്പ് നടത്തിക്കൊണ്ടിരിക്കു കയാണ്.

ഗേ, ലെസ്ബിയൻ പഠനങ്ങളുമായി ബന്ധപ്പെ ട്ടാണ് ക്വിയർ തിയറിയുടെ ആവിർഭാവം. 1960 കളിലും 70കളിലുമായി സാഹിത്യ-സാംസ്കാരിക മേഖലകളിൽ ലൈംഗികതയെ സംബന്ധിക്കുന്ന ചർച്ചകൾ വലിയ കോളിളക്കം സൃഷ്ടിച്ചു. ഇതേ സമയം തന്നെ 1969-ൽ ന്യൂയോർക്കിൽ വച്ച് ആദ്യ ഗേ സമ്മേളനം നടന്നു. അതായിരുന്നു ആദ്യത്തെ സ്വതന്ത്ര്യ ഗേ പ്രസ്ഥാന പ്രവർത്തനത്തിന്റെ തുട ക്കം. കോളനിയാനന്തരവാദവും ആഫ്രിക്കൻ അമേരിക്കൻ സാംസ്കാരിക വിമർശനവും വഴി സ്ത്രീവാദം ഇന്ന് ക്വിയർ തിയറിയുടെ രാഷ്ട്രീയ മാനങ്ങൾ വീണ്ടെടുക്കുകയാണ്. ഗേ/ലെസ്ബി യൻ എന്നിവരുടെ ലൈംഗിക പശ്ചാത്തലങ്ങളെ സാംസ്കാരികമായും ചരിത്രപരമായും പഠനവിധേ യമാക്കുകയും വിശകലനം ചെയ്യുകയുമാണ് ക്വിയർ തിയറിയിലൂടെ നടക്കുന്നത്. സാഹിത്യ- സാമൂഹിക രംഗങ്ങളിൽ സ്വവർഗ്ഗാനുരാഗികളെ സാംസ്കാരികമായി എങ്ങിനെ അടയാളപ്പെടു ത്തുന്നുവെന്ന് ക്വിയർ തിയറിയുടെ പഠനമേഖല ലക്ഷ്യം വയ്ക്കുന്നു.

വിമതസിദ്ധാന്ത (Queer Theory) ത്തിലൂടെ പര മ്പരാഗത ലൈംഗിക സങ്കൽപ്പങ്ങൾക്ക് ഉലച്ചിൽ തട്ടുകയും സ്വവർഗ്ഗാനുരാഗം, ദ്വിലൈംഗികത (Bisexual) തുടങ്ങിയവയ്ക്ക് പുതിയ വായനകൾ രൂപപ്പെടുകയും ചെയ്യുന്നു. ഗേ, ലെസ്ബിയൻ ബന്ധങ്ങൾ വെളിപ്പെടുന്നതിലൂടെ വൈവിധ്യമാർന്ന ലൈംഗികതയെ തിരിച്ചറിയാൻ പൊതു സമൂഹ ത്തിന് സാധിയ്ക്കുന്നു. സമൂഹത്തിന്റെ അടിത്ത ട്ടിൽ മറഞ്ഞുകിടക്കുകയായിരുന്നു. വിമതലൈംഗി കതയെ പുനർവായിക്കുന്നത് സ്ത്രീവാദത്തിന്റെ ഇടപെടലുകളോട് കൂടിയാണ് സാധ്യമായത് എന്ന്

**ഗേ/ലെസ്ബിയൻ എന്നിവരുടെ ലൈംഗിക പശ്ചാത്തലങ്ങളെ സാംസ്കാരികമായും ചരിത്രപരമായും പഠനവിധേയമാക്കുകയും വിശകലനം ചെയ്യുകയുമാണ് ക്വിയർ തിയറിയിലൂടെ നടക്കുന്നത്. സാഹിത്യ-സാ മൂഹിക രംഗങ്ങളിൽ സ്വവർഗ്ഗാനുരാഗികളെ സാംസ്കാരികമായി എങ്ങിനെ അടയാളപ്പെ ടുത്തുന്നുവെന്ന് ക്വിയർ തിയറിയുടെ പഠനമേഖല ലക്ഷ്യം വയ്ക്കുന്നു.**

പറയാം. ന്യൂനപക്ഷങ്ങളുടെ പാർശ്വവൽക്കരണ ത്തിൽ നിന്ന് വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാത്ത വിമ തരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് സന്നി വേശിപ്പിക്കുകയാണ് ഈ പഠനമേഖല.

സിതാര.എസ്., കെ.ആർ.മീര, ഇന്ദുമേനോൻ രേഖ.കെ., സി.എസ്.ചന്ദ്രിക, പ്രിയ.എ.എസ് തുട ങ്ങിയവർ ആധുനികാനന്തരകഥയെ പുതുഭാവുക ത്വത്തിലേയ്ക്ക് നയിച്ചവരാണ്. സ്ത്രീയനുഭവ ങ്ങളെ രചനാമണ്ഡലങ്ങളിലേയ്ക്ക് അടർത്തിയെ ടുത്ത് ശക്തമായ സ്വരത്തിൽ സ്ത്രീസ്വത്വം അടയാ

ഉൾപ്പെടുത്തിയവരാണ് ഇവർ.

വർത്തമാന കാലത്തോടുള്ള പ്രതിബദ്ധതയും പ്രതികരണവുമാണ് സിതാര.എസിന്റെ ആവിഷ്കാരമണ്ഡലത്തെ വൈവിധ്യപൂർണ്ണവും വിപുലവുമാക്കുന്നത്. പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഉച്ചസ്വരങ്ങളാണ് സിതാരയുടെ ഭാവനാലോകത്തെ ഇത്രമേൽ ശക്തിപ്പെടുത്തിയതെന്നു പറയാം. സ്ത്രീ–പുരുഷ ബന്ധത്തിൽ മധുരം കൊണ്ട് പൊതിഞ്ഞെന്ന മട്ടിൽ നിലനിൽക്കുന്ന എല്ലാ കള്ളത്തരങ്ങളോടും നിറഞ്ഞ പരിഹാസം, ക്രൂരമായ വിമർശനം, പുച്ഛം ഇവ കൊണ്ട് സരസ്വതിയമ്മയെ ശക്തമായി ഓർമ്മിപ്പിക്കുന്നു സിതാരയുടെ കഥകൾ എന്ന് സാറാ ജോസഫ് അഭിപ്രായപ്പെടുന്നതും (അഗ്നിയും കഥകളും : അവതാരിക : 2004) അതുകൊണ്ടാണ്.

'അഗ്നിയും കഥകളും' (2002) എന്ന ആദ്യ കഥാസമാഹാരത്തിലെ 'അഗ്നി' എന്ന കഥ സമൂഹത്തിൽ നിലനിൽക്കുന്ന ലൈംഗികസദാചരത്തെ വെല്ലുവിളിക്കുകയാണ് ചെയ്തത്. അതുകൊണ്ട് തന്നെയാണ് അഗ്നിയ്ക്ക് നിരവധി വായനകൾ ഉണ്ടായത് എന്നു വേണമെങ്കിൽ പറയാം.

പി. ഗീതയുടെ 'പ്രണയം ലൈംഗികത അധികാരം' എന്ന പുസ്തകത്തിൽ സിതാരയുടെ 'അഗ്നി'യെ വിമർശനാത്മകമായി പരിശോധിക്കുന്നുണ്ട്. ബലാത്സംഗത്തിന് വിധേയയായ കഥാനായിക (പ്രിയ) അടുത്ത ദിവസം തന്നെ യാതൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ജോലിക്ക് പോവുന്നുണ്ട് കഥയിൽ. എന്നാൽ ശാരീരികമായി ആക്രമിക്കപ്പെട്ട ഒരു പെൺകുട്ടിയ്ക്ക് ഇത്തരമൊരു നീക്കം സാധ്യമല്ല എന്ന് നിരവധി കാരണങ്ങൾ നിരത്തി ഗീത തന്റെ വാദത്തെ ന്യായീകരിക്കുകയാണ്. വസ്തുനിഷ്ഠമായ ഈ വിശകലനത്തിലൂടെ കഥയുടെ ഭാവനാലോകത്തെ പരിമിതപ്പെടുത്തുകയാണ് ഗീത ചെയ്യുന്നത്. 'പുതിയൊരു ലാവണ്യനിർമ്മിതിയുടെ വക്താവെന്നത് അഗ്നിയെ സംബന്ധിച്ച് തികച്ചും അസാധുവുമാണ്. ആൺകോയ്മ താല്കാലികമായി നൽകിയതും ആണുങ്ങൾക്ക് രുചികരവും സ്വീകാര്യവുമായതുമായ ഒരസ്സൽ പ്രച്ഛന്നവേഷമാണ് അഗ്നിയിലെ പ്രിയയും അവളുടെ സദ്യപ്രതികരണമായ 'നിങ്ങൾ ഒട്ടും പോരാ നിന്നെ എനിക്ക് നല്ലവണ്ണം ഇഷ്ടമായി' എന്ന വാക്കുകളും.' (95 : 2006) സിതാരയുടെ അഗ്നിയോട് പ്രതികൂലമായ നിലപാടാണ് ഇതിലൂടെ പ്രകടമാവുന്നത്. ഗീതയുടെ പഠനത്തോട് സമാനമായ ഒരു വിശകലനം 'അഗ്നി'യെക്കുറിച്ച് സ്മിത മീനാക്ഷിയും നടത്തിയിരിക്കുന്നു. ക്രൂരമായ ബലാൽസംഗങ്ങളെ കാൽപനികവൽക്കരിക്കുന്ന മിഥ്യാ ബോധമാണ് 'അഗ്നി'യിൽ എന്ന രീതിയിലാണ് സ്മിതാ മീനാക്ഷിയുടെ പഠനവും മുന്നോട്ടു പോവുന്നത്.

എന്നാൽ ആൺകോയ്മാ സമൂഹത്തിൽ,

**ആൺകോയ്മ താല്കാലികമായി നൽകിയതും ആണുങ്ങൾക്ക് രുചികരവും സ്വീകാര്യവുമായതുമായ ഒരസ്സൽ പ്രച്ഛന്നവേഷമാണ് അഗ്നിയിലെ പ്രിയയും അവളുടെ സദ്യപ്രതികരണമായ "നിങ്ങൾ ഒട്ടും പോരാ നിന്നെ എനിക്ക് നല്ലവണ്ണം ഇഷ്ടമായി' എന്ന വാക്കുകളും.' (95 : 2006) സിതാരയുടെ അഗ്നിയോട് പ്രതികൂലമായ നിലപാടാണ് ഇതിലൂടെ പ്രകടമാവുന്നത്. ഗീതയുടെ പഠനത്തോട് സമാനമായ ഒരു വിശകലനം "അഗ്നി'യെക്കുറിച്ച് സ്മിത മീനാക്ഷിയും നടത്തിയിരിക്കുന്നു.**

ബലാത്സംഗത്തിനിരയായ പെൺകുട്ടി പിന്നീടെങ്ങനെ തന്റെ സ്വത്വത്തെ അടയാളപ്പെടുത്തും എന്ന സങ്കീർണ പ്രശ്നത്തിന് ആശ്വാസകരമായ ഒരു സൂചനയാണ് 'അഗ്നി'യിലൂടെ സിതാര നൽകുന്നത്. ആ സൂചന പെൺകുട്ടിയുടെ പിൽക്കാല ജീവിതമായോ സവിശേഷ പ്രതികാരമായോ സഹൃദയർക്ക് വായിച്ചെടുക്കാവുന്നതാണ്. പിതൃകേന്ദ്രീകൃത സമൂഹത്തിന് മുന്നിൽ ശാരീരികമായി വിധേയപ്പെടേണ്ടി വരുന്ന സ്ത്രീ പ്രതിഷേധിക്കുന്ന രീതിയാണ് ഈ കഥ മുന്നോട്ടുവെക്കുന്നത്. ഇവിടെ, സ്ത്രീ ഇരയാക്കപ്പെടുന്നതിനെ മറികടക്കാനുള്ള സാധ്യതകൾ കണ്ടെത്തുന്നു.

'മോഹജ്വാല–ആറു യുവകഥാകാരികളുടെ രചനകളി'ൽ എം.കെ.ശ്രീകുമാർ 'അഗ്നി'ലൈംഗികതയുടെ തുറന്നെഴുത്താണ് എന്ന് പറയുന്നുണ്ട്. സ്ത്രീ ലൈംഗികതയെ നിർവ്വചിക്കുമ്പോൾ പൊളിച്ചടുക്കപ്പെടുന്ന സദാചാരമാനങ്ങളെ പഠനം അടിവരയിടുന്നു. തന്റെ സമ്മതമില്ലാതെ ഒരു സ്ത്രീയ്ക്കു മേൽ ബലാൽകാരമായി പുരുഷൻ പ്രാപിക്കുമ്പോൾ അവൾ ഏറ്റവും ലജ്ജിതയും അന്യാധീനപ്പെട്ടതുമായ സ്ത്രീയാണെന്ന് പ്രിയ കരുതുന്നു. ലൈംഗികതയിലെ കേവല തുറന്നെഴുത്ത് മാത്രമല്ല ഇത്. ഒരു സ്ത്രീക്ക് സ്വന്തമായ ആർത്തവ രക്തത്തിൽ പോലും മറ്റൊരാൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നത് ലൈംഗികതയുടെ പച്ചയായ ആവിഷ്കാരവുമല്ല. അതിനപ്പുറത്തേക്ക് പുരുഷാധിപത്യ സമൂഹത്തിന് മുന്നിൽ സ്വത്വം നഷ്ടപ്പെട്ട സ്ത്രീയുടെ അടയാളപ്പെടലാണ് അത്. സമൂഹത്തിൽ ഏവരെയും പോലെ സ്വതന്ത്രമായി ജീവിക്കാനുള്ള സ്ത്രീയുടെ അവകാശത്തെ നിഷേധിച്ച പിതൃകേന്ദ്രീകൃത വ്യവസ്ഥയുടെ പ്രകടമായ ചിത്ര

മാണത്.

രവിയെന്ന കഥാപാത്രത്തിന്, ഒരിക്കൽ പ്രിയയോട് വ്യത്തികേട് കാണിച്ചതിന് 'കരണത്തിട്ട്' ഒന്ന് കൊടുത്തിട്ടുണ്ട് (അഗ്നി : 223) എന്ന് കഥാകാരി തന്നെ പറയുന്നുണ്ട്. പിന്നീട് 'കുതറാൻ പോലും വയ്യാതെ പ്രിയ കിടക്കെ അവൻ അവളുടെ കരണത്ത് ആഞ്ഞടിച്ചു. 'തെണ്ടി, ബിച്ച്'. അവൻ മുറുമ്മി. 'ആണുങ്ങളോട് കളിച്ചാൽ എങ്ങനെയിരിക്കുംന്ന് നീ അറിഞ്ഞു വരുന്നേയുള്ളൂ' പ്രിയയുടെ മുഖം പുച്ഛത്തോടെ ഒരു വശത്തേയ്ക്ക് ബലമായി തിരിച്ചു വച്ച് അവൻ അവളുടെ മേലമർന്നു'. (അഗ്നി :223) എന്ന് കഥയിൽ പറയുന്നുണ്ട്. പണ്ടൊരിക്കൽ പ്രിയയുടെ കയ്യിൽ നിന്നും ലഭിച്ച അടിയ്ക്ക് മറുപടിയായാണ് രവി തന്റെ കൃത്യം നിർവഹിക്കുന്നത്. പണ്ട് സ്ത്രീക്ക് മുന്നിൽ ലജ്ജിതനായ പുരുഷന്റെ പ്രതികാരപൂർവ്വമായ ഉയിർത്തെണീപ്പാണത്. എന്നാൽ ഈ ബലാത്സംഗത്തിലൂടെ പ്രിയ ശാരീരികമായി തളരുന്നുവെങ്കിലും മാനസികമായ ഒരു എഴുന്നേൽപ്പ് (പ്രതികാരത്തിന്റെ രൂപത്തിൽ) കഥയിൽ നടത്തുന്നതും ശ്രദ്ധേയമാണ്.

സിമൊൺ ബുവ്വേയുടെ നിരീക്ഷണത്തിൽ സ്ത്രീയ്ക്ക് അപരത്വവും പുരുഷന് കർത്തൃത്വവും നൽകുന്നതിലൂടെയാണ് ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, ആയിത്തീരുകയാണ് എന്ന് പറയുന്നത്. എന്നാൽ ഇവിടെ പ്രിയ ബലാത്സംഗത്തിനുശേഷം

**ബലാത്സംഗം ചെയ്ത സഞ്ജീവ് എന്ന പുരുഷന്റെ ഇന്നലെ എങ്ങനെയുണ്ടായിരുന്നു എന്ന ചോദ്യത്തിന് പ്രിയ നൽകുന്ന മറുപടി ശ്രദ്ധേയമാണ്. "നിങ്ങൾ ഒട്ടും പോരായിരുന്നു' അയാളുടെ മുഖത്തെ ചിരിമാഞ്ഞ് അത് ഇരുളുന്നത് കണ്ടുകൊണ്ട് അവൾ തുടർന്നു. "നിങ്ങൾക്ക് കരുത്തു കുറവാണ്. ഒരു പെണ്ണിനെപൂർണ്ണമായും തൃപ്തിപ്പെടുത്താൻ നിങ്ങൾക്കാവും എന്ന് തോന്നുന്നില്ല്'. അവൾ പിന്നെ രവിയുടെ നേർക്കു തിരിഞ്ഞു. "പക്ഷേ, നിന്നെ എനിക്കു നല്ലവണ്ണം ഇഷ്ടമായി. നീ ഒരസ്സൽ പുരുഷനാണ്'. തോറ്റുപോവില്ല എന്ന ദൃഢനിശ്ചയത്തിന്റെ പിന്നിൽ നിന്നും ഉയരുന്ന ഉറച്ച സ്വരമായിരുന്നു പ്രിയയുടേത്.**

തന്റെ കർത്തൃത്വം വീണ്ടെടുക്കുകയും പുരുഷന് അപരത്വം കല്പിക്കുകയും ചെയ്യുന്നുവെന്ന് കാണാനാവും.

'അഗ്നി' യിലെ ആസക്തിയെക്കുറിച്ച് ടി.കെ. സന്തോഷ്കുമാറും നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. സിതാരയുടെ കഥകളിലെ വിഷയാസക്തിയും ലൈംഗികമായ തുറന്നെഴുത്തും തന്നെയാണ് സന്തോഷ്കുമാറും തന്റെ പഠനത്തിൽ ഊന്നിയിരിക്കുന്നത്.

അഗ്നിയിൽ സവിശേഷമായി എടുത്തുപറയേണ്ട ഒരു വസ്തുത പ്രിയയുടെ ഭാഷാപരമായ ആവിഷ്കാരമാണ്. പുരുഷൻ നിർമ്മിച്ചു വച്ച ഭാഷാവ്യവസ്ഥയ്ക്കകത്ത് സ്ത്രീയ്ക്ക് സ്വയം ആവിഷ്കാരം പ്രയാസമാണെന്ന് ഇന്നത്തെ എഴുത്തുകാരികൾ കരുതുന്നു. ബലാത്സംഗം ചെയ്ത സഞ്ജീവ് എന്ന പുരുഷന്റെ ഇന്നലെ എങ്ങനെയുണ്ടായിരുന്നു എന്ന ചോദ്യത്തിന് പ്രിയ നൽകുന്ന മറുപടി ശ്രദ്ധേയമാണ്. 'നിങ്ങൾ ഒട്ടും പോരായിരുന്നു' അയാളുടെ മുഖത്തെ ചിരിമാഞ്ഞ് അത് ഇരുളുന്നത് കണ്ടുകൊണ്ട് അവൾ തുടർന്നു. 'നിങ്ങൾക്ക് കരുത്തു കുറവാണ്. ഒരു പെണ്ണിനെപൂർണ്ണമായും തൃപ്തിപ്പെടുത്താൻ നിങ്ങൾക്കാവും എന്ന് തോന്നുന്നില്ല്'. അവൾ പിന്നെ രവിയുടെ നേർക്കു തിരിഞ്ഞു. 'പക്ഷേ, നിന്നെ എനിക്കു നല്ലവണ്ണം ഇഷ്ടമായി. നീ ഒരസ്സൽ പുരുഷനാണ്'. തോറ്റുപോവില്ല എന്ന ദൃഢനിശ്ചയത്തിന്റെ പിന്നിൽ നിന്നും ഉയരുന്ന ഉറച്ച സ്വരമായിരുന്നു പ്രിയയുടേത്. ബലാത്സംഗത്തിലൂടെ പ്രിയ നഷ്ടപ്പെട്ടു എന്ന് കരുതിയ സ്വത്വം തിരിച്ചു പിടിക്കുന്നത് സ്വന്തം വാക്കുകളിലൂടെയാണ്. വാക്കുകൾ മൂർച്ചയേറിയ ആയുധമമായി മാറുകയും അതിലൂടെ പ്രണയത്തെ കാണുകയും തന്റെ പ്രതികാരത്തിന് പുതിയ മാനം നൽകുകയും ചെയ്യുകയാണ് പ്രിയ ഇവിടെ. പുരുഷാധിപത്യ വ്യവസ്ഥയിലെ ഭാഷാ വ്യവഹാരത്തെ സ്ത്രൈണ ഭാഷയാൽ മറികടക്കുകയാണ് പ്രിയ.

ആൺ കോയ്മ പുരുഷന്റെ അഹന്തയായി മാറുന്ന കഥയിൽ പ്രതിബോധത്തിലൂടെ സ്ത്രീസ്വത്വം നിലനിർത്തുന്ന പ്രിയ വർത്തമാന കാല സമൂഹത്തിലെ പെൺ ചിത്രമാണ്. ഫൂക്കോയുടെ നിരീക്ഷണത്തിൽ ലൈംഗികതയുടെ ഭാഷയെന്നത് നിശ്ശബ്ദതയാണ്. എന്നാൽ കഥയിലെ ബലാൽക്കാരമായ ലൈംഗികതയിലെ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നത് പ്രിയയുടെ ഉറച്ച സ്വരമാണ്. ഇവിടെ ലൈംഗികത എന്ന് പറയുന്നത് പുരുഷന് സ്ത്രീയുടെ മേലുള്ള അധികാരമാണ്. ആ അധികാരത്തെ മറികടക്കുന്നത് പ്രിയ തന്റെ വാങ്മയങ്ങളിലൂടെയാണ്.

പ്രത്യക്ഷത്തിൽ തന്നെ കഥയിൽ ലെസ്ബിയൻ ബന്ധം ആവിഷ്കരിക്കാൻ തുടങ്ങിയതിന്റെ സൂചനസിതാരയുടെ 'സ്പർശ'ത്തിലുണ്ട്. മറിയ, മാദ്രി എന്നീ രണ്ട് സ്ത്രീകളുടെ ലെസ്ബിയൻ

ബന്ധത്തെക്കുറിച്ച് പ്രകടമായ കഥ പറയുന്ന 'സ്പർശം' സിതാരയുടെ മറ്റു കഥകളിൽ നിന്ന് വ്യത്യസ്തത പുലർത്തുന്നതും അതുകൊണ്ടാണ്. മാദ്രിയ്ക്ക് ഭർത്താവായ നന്ദനിൽ നിന്നും ലഭിക്കുന്നതിനെക്കാൾ വൈകാരികവും ലൈംഗികവുമായ അടുപ്പം മറിയയിൽ നിന്ന് ലഭിക്കുന്നു. സ്ത്രീകൾ തമ്മിലുള്ള അനുരാഗത്തിലെ അവജ്ഞയും അസൂയയും ഭർത്താവായ നന്ദൻ എന്ന പുരുഷനിലുമുണ്ടെന്ന് കഥാകാരി പറയുന്നു. പുരുഷാധിപത്യ മൂല്യങ്ങളെ ചോദ്യം ചെയ്യാനുള്ള ഉപാധിയായി കഥയിൽ ലെസ്ബിയൻ ബന്ധം വരുന്നു.

സ്ത്രീ ഭാര്യയും കുടുംബിനിയും അമ്മയുമായി മാറുന്നതിലൂടെ 'നഷ്ട'പ്പെടുന്ന സ്വത്വം മറിയയിലൂടെ നേടിയെടുക്കുകയാണ് മാദ്രി ചെയ്യുന്നത്. മാദ്രിയുടെ കവിതകളെ രണ്ടാംകിടയായി വിശേഷിപ്പിക്കുന്ന നന്ദൻ ഭാര്യയുടെ കഴിവിനെയോ ആവശ്യത്തെയോ തിരിച്ചറിയുന്നില്ല. പരിഗണിക്കുന്നില്ല. ലെസ്ബിയൻ ബന്ധത്തെത്തുടർന്ന് മറിയയെ ശാരീരികമായി ഉപദ്രവിക്കുന്ന നന്ദനെയും കഥാന്ത്യത്തിൽ കാണാം. സ്ത്രീ(മാദ്രി)യും പുരുഷനും(നന്ദൻ) തമ്മിലുള്ള ഭിന്നലൈംഗികത സ്ത്രീ(മാദ്രി)യും സ്ത്രീ(മറിയ)യും തമ്മിലുള്ള സ്വവർഗ്ഗാനുരാഗത്തിന് നേരെ ചെലുത്തുന്ന സമ്മർദ്ദമായി നന്ദൻ മറിയക്കുമേൽ നടത്തുന്ന ശാരീരിക ഉപദ്രവത്തെ കണക്കാക്കാം.

എന്നാൽ അവിടെയും 'അസൂയയാണ് നിനക്കെന്നോട്' എന്ന് പറഞ്ഞ് മറിയ തങ്ങളുടെ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതു കാണാം. കുടുംബം, കുട്ടികൾ, ഭർത്താവ്, സമൂഹം തുടങ്ങിയവ ലെസ്ബിയൻ ബന്ധങ്ങൾക്ക് വിലങ്ങു തടിയാവുന്നതിനെയും കഥാകാരി ആവിഷ്കരിച്ചിരിക്കുന്നു. നന്ദനെന്ന പുരുഷന്റെ കർത്തൃത്വത്തിന് അപരത്വം കല്പിച്ച് മറിയ സ്ത്രീയുടെ കർത്തൃത്വം വീണ്ടെടുക്കുകയാണ് കഥയിൽ.

മാതൃത്വം പുരുഷന് സ്ത്രീയെ കീഴ്പ്പെടുത്താനും ചൂഷണം ചെയ്യാനുമുള്ള അവസരം കൂടിയാവുന്നുണ്ട് കഥയിൽ. മാദ്രിയ്ക്കൊപ്പം മകളെ കൊണ്ടുപോവാത്തതിൽ പ്രതിഷേധിക്കുന്ന നന്ദനും മകളുടെ കാര്യം പോലും ശ്രദ്ധിക്കുന്നില്ലെന്ന് പറഞ്ഞ് മാദ്രിയെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. കുഞ്ഞിനെ മുൻനിർത്തി അയാൾ അവളെ 'പെൺലോക'ത്തേയ്ക്ക് തിരിച്ചയയ്ക്കുകയാണ് ചെയ്യുന്നത്. കുഞ്ഞിനെ പ്രസവിക്കുന്നതു കൊണ്ട് നോക്കി വളർത്തേണ്ടുന്ന ചുമതല അവളുടേതാകുന്നു എന്ന പൊതു സമൂഹത്തിന്റെ ധാരണയും നന്ദന്റെ സ്വരത്തിൽ കൃത്യമായുണ്ട്.

ലെസ്ബിയനിസം പ്രമേയമാവുന്ന സ്പർശം അതിന് തന്നെ വിഘാതമാവുന്ന ഘടകങ്ങളെ എടുത്തു പറയുന്നുണ്ട്. ഒരേ സമയം മാദ്രിയുടെയും മറിയയുടെയും സ്വവർഗ്ഗാനുരാഗം പ്രോത്സാഹിപ്പിക്കപ്പെടുന്നുവെങ്കിലും ലെസ്ബിയനിസത്തിന്റെ വളർച്ചയെ തടയിടുന്ന ഘടകമായി കുടുംബത്തെ അവതരിപ്പിക്കുന്നു. ഭർത്താവായ നന്ദൻ തന്നെയാണ് അവരുടെ ആത്മബന്ധത്തെ വിമർശിക്കുന്നത്. നിർബന്ധിത ഭിന്ന ലൈംഗികതയ്ക്ക് പ്രചാരവും പ്രാധാന്യവും നൽകിയ സമൂഹം വിമത ലൈംഗികതയെ അടിച്ചമർത്തുന്ന കാഴ്ചയാണ് കഥയിൽ കാണാനാവുക. സാംസ്കാരികവും രാഷ്ട്രീയവും സാമൂഹികവുമായ നിരവധി ഘടകങ്ങൾ വിമതലൈംഗികതയെ തടയിടുന്നുണ്ട്. സാമൂഹികമായ, കുടുംബപരമായ ഘടകം മാദ്രിയുടെ വെളിവാക്കപ്പെടുന്ന ലെസ്ബിയൻ ബന്ധത്തെ ഓരോ നിമിഷവും അടിച്ചമർത്താൻ ശ്രമിക്കുന്നതും കഥയിൽ സ്പഷ്ടമാണ്.

'ഇരുണ്ട മഴക്കാടുകളുടെ കുളിരിലേയ്ക്കു കൈകോർത്തു പിടിച്ച് നടന്ന് പോവാം. നനഞ്ഞ താഴ്വരകളിലെ പുൽപ്പരപ്പുകൾക്കിടയിൽ മലർന്ന് കിടന്ന് ആകാശം കാണാം. കുന്നിൻ ചെരുവിലെ ചില്ലുവീട്ടിൽ ഒരു ഗസലിന്റെ ഈണത്തോടൊപ്പം ഒരുമിച്ചൊഴുകാം '

**മാതൃത്വം പുരുഷന് സ്ത്രീയെ കീഴ്പ്പെടുത്താനും ചൂഷണം ചെയ്യാനുമുള്ള അവസരം കൂടിയാവുന്നുണ്ട് കഥയിൽ. മാദ്രിയ്ക്കൊപ്പം മകളെ കൊണ്ടുപോവാത്തതിൽ പ്രതിഷേധിക്കുന്ന നന്ദനും മകളുടെ കാര്യം പോലും ശ്രദ്ധിക്കുന്നില്ലെന്ന് പറഞ്ഞ് മാദ്രിയെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. കുഞ്ഞിനെ മുൻനിർത്തി അയാൾ അവളെ 'പെൺലോക'ത്തേയ്ക്ക് തിരിച്ചയയ്ക്കുകയാണ് ചെയ്യുന്നത്. കുഞ്ഞിനെ പ്രസവിക്കുന്നതു കൊണ്ട് നോക്കി വളർത്തേണ്ടുന്ന ചുമതല അവളുടേതാകുന്നു എന്ന പൊതു സമൂഹത്തിന്റെ ധാരണയും നന്ദന്റെ സ്വരത്തിൽ കൃത്യമായുണ്ട്.**

കൈയിലെ ഡയറി താഴെ വച്ച് മാദ്രി മറിയയുടെ മടിയിൽ നിന്നും തലയുർത്തി 'മതി, എനിക്കു പോണം'.

ഒരു കൈകൊണ്ട് മാദ്രിയുടെ താടിയിൽ പിടിച്ചുയർത്തിയ മറിയ അവളുടെ അലങ്കോലപ്പെട്ട മുടി പതുക്കെ ഒതുക്കി. 'യൂ ആർ ലൂക്കിങ്ങ് വെരി ബ്യൂട്ടിഫൂൾ' പിടയുന്ന കണ്ണുകളെ നോക്കി മറിയ

**പരമ്പരാഗത ലൈംഗിക സങ്കല്പങ്ങൾക്ക് പകരം സ്വതന്ത്രവും വ്യത്യസ്തവുമാർന്ന ലൈംഗികത വൈവിധ്യങ്ങൾ ആവിഷ്കരിക്കുന്നതിൽ പുതുകഥാകാരികൾ ജാഗരൂകരാണ്. വർത്തമാനകാലത്തിന്റെ ഭാഷാവഴക്കളെയും ചിന്താപരിമിതികളെയും അതിശയിക്കുകയും ഉല്ലംഘിക്കുകയും ചെയ്യുന്നവയാണ് സിതാരയുടെ കഥകൾ [2010:178] എന്ന് പി.പി.രവീന്ദ്രൻ പറയുന്നതും അതുകൊണ്ടാണ്.**

മൃദുവായി ചിരിച്ചു. പിന്നെ മാദ്രിയുടെ ഇടത്തേക്കവിളിൽ ചുണ്ടമർത്തി. 'ഇനി ബാക്കി വായിക്ക്' തല ചെരിച്ച് കപടദേഷ്യത്തോടെ അവളെ അല്പനേരം നോക്കിയ ശേഷം മാദ്രി ഒരു കളിയിലെന്ന പോലെ പൊട്ടിച്ചിരിച്ചു. പിന്നെ വായിച്ചു'. – കഥയുടെ ആദ്യഭാഗത്തിൽ നിന്നു തന്നെ സ്ത്രീയും സ്ത്രീയും തമ്മിലുള്ള അനുരാഗത്തിന്റെ ശക്തവും സൂക്ഷ്മവുമായ ആവിഷ്കാരസാധ്യതകൾ വായനക്കാർക്ക് കഥാകാരി പകർന്നു തരുന്നു. ഭിന്നലൈംഗികതയെ അംഗീകരിക്കുകയും പുരുഷാധിപത്യത്തെ അനുകൂലിക്കുകയും ചെയ്യുന്ന 'പിതൃകേന്ദ്രീകൃത കുടുംബ'ത്തെ നിഷേധിക്കുന്ന അനുരാഗം മറിയയുടെയും മാദ്രിയുടെയും ബന്ധത്തിൽ കാണാം.

പരമ്പരാഗത ലൈംഗിക സങ്കല്പങ്ങൾക്ക് പകരം സ്വതന്ത്രവും വ്യത്യസ്തവുമാർന്ന ലൈംഗികത വൈവിധ്യങ്ങൾ ആവിഷ്കരിക്കുന്നതിൽ പുതുകഥാകാരികൾ ജാഗരൂകരാണ്. വർത്തമാനകാലത്തിന്റെ ഭാഷാവഴക്കളെയും ചിന്താപരിമിതികളെയും അതിശയിക്കുകയും ഉല്ലംഘിക്കുകയും ചെയ്യുന്നവയാണ് സിതാരയുടെ കഥകൾ (2010:178) എന്ന് പി.പി.രവീന്ദ്രൻ പറയുന്നതും അതുകൊണ്ടാണ്.

ലൈംഗികമായ തുറന്നെഴുത്ത് എന്നതിലുപരി സ്ത്രൈണതയുടെ വീണ്ടെടുപ്പാണ് സിതാര അഗ്നിയിയൂടെ നടത്തുന്നത്. ലെസ്ബിയൻ ബന്ധം ആവിഷ്കരിക്കുന്നു എന്ന് പറയുന്ന സ്പർശം ആ ബന്ധത്തിന് തന്നെ വിഘാതമാവുന്ന പിതൃകേന്ദ്രീകൃതവ്യവസ്ഥയെയും മറ്റ് അധികാര സ്ഥാപനത്തെയും തുറന്നു കാട്ടുന്നു. ലൈംഗികത കേവലമായ ഒരു വസ്തുതയല്ല എന്നും സ്ത്രീയെ സംബന്ധിച്ച് ആത്മത്തിന്റെ ആവിഷ്കാരപരതയാണ് അതിനുള്ളതെന്നും സിതാര അടയാളപ്പെടുത്തുന്നു. സ്ത്രൈണാസ്തിത്വത്തിന്റെ വിവിധ തലങ്ങളെ ആവിഷ്കരിക്കുന്നതിന് ലൈംഗികത ഒരു പ്രമേയമായി വരുന്നു എന്ന് സിതാരയുടെ 'അഗ്നി', 'സ്പർശം' എന്നിവയെ മുൻനിർത്തി പറയാനാവും.

ഗ്രന്ഥസൂചി


1. ഗീത : 2006 : പ്രണയം ലൈംഗികത അധികാരം : കറന്റ് ബുക്സ്.
2. ജയകൃഷ്ണൻ.എൻ : 2002 : പെണ്ണെഴുത്ത് : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ജയകൃഷ്ണൻ.എൻ : 2011 : ഫെമിനിസം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. ദേവിക .ജെ. : 2000 : സ്ത്രീവാദം : ഡി സി ബുക്സ്, കോ'യം
5. ദേവിക .ജെ. : 2015 : കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ : ഡി സി ബുക്സ്, കോ'യം
6. ജീവൻ ജോബ് തോമസ് : 2013 : രതിരഹസ്യം : ഡി സി ബുക്സ്, കോ'യം
7. രേഷ്മാഭരദ്വാജ് : 2004 : മിഥ്യകൾക്കപ്പുറം സ്വവർഗ്ഗലൈംഗികത കേരളത്തിൽ : ഡി സി ബുക്സ്, കോ'യം.
8. വേണുഗോപാലൻ കെ.എം. : 2006 : കേരളം ലൈംഗികത ലിംഗരീതി : സൈൻ ബുക്സ്, തിരുവനന്തപുരം.
9. ശ്രീകുമാർ എം.കെ : 2004 : മോഹജ്വാല ആറ് യുവകഥാകാരികളുടെ രചനകൾ : ഗ്രീൻ ബുക്സ്, തൃശ്ശൂർ.
10. ഷാജി ജേക്കബ് : 2010 : മലയാളനോവൽ ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും : കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
11. ഷാജിജേക്കബ് : 2014 : സാംസ്കാരിക വിമർശവും മലയാള ഭാവനയും : 2014 : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
12. സത്യൻ പി.പി. : 2014 : ലൈംഗികതയുടെ ചരിത്രം : ദേശാഭിമാനി ബുക് ഹൗസ്, തിരുവനന്തപുരം
13. സന്തോഷ് കുമാർ. ടി.കെ : 2003 : നവകഥാകൃത്തുക്കൾ പഠനവും പാഠവും : റെയിൻബോ ബുക്സ്, ചെങ്ങൂർ.
14. സാറാജോസഫ് : 1990 : പാപത്തറ : കോസ്മോ ബുക്സ്, തൃശ്ശൂർ
15. സിതാര എസ്. : 2013 : കഥകൾ : ഡി സി ബുക്സ്, കോ'യം
16. സിതാര.എസ് : 2004 : അഗ്നിയും കഥകളും : മാതൃഭൂമി ബുക്സ്, കോഴിക്കോട്.
17. സുപ്രിയ വി സി : 2013 : ഫെമിനിസം ദളിത് സാഹിത്യം പരസ്യകല : മാളുമ്പൻ പീക്കേഷൻസ്
18. സെബാസ്റ്റിൻ കെ.സി : 2003 : പരസ്പരം പ്രണയിക്കു സ്ത്രീകൾ : പ്രണത ബുക്സ്, കോഴിക്കോട്.



# നാട്ടുപച്ചയിലെ തനിവഴികൾ



എസ്. രൂപിമ

**ചരിത്രവഴിയിൽ മറ്റേതൊരു ജ്ഞാനപദ്ധതിയുമെന്ന പോലെ പുരുഷ വൈജ്ഞാനിക മേഖലയായി വൈദ്യമുൾപ്പെടുന്ന തദ്ദേശീയ അറിവുരൂപങ്ങൾ പരിമിതപ്പെട്ടു. അവിടെ ആകസ്മികമായി കണ്ടുമുട്ടുന്ന സ്ത്രീസാന്നിധ്യങ്ങളിലൊന്നാണ് മീനാക്ഷി എന്ന എഴുപത്തിയഞ്ചുകാരി.**

ആയുർവേദത്തിന്റെ ചികിത്സാരീതിയിൽ ഒറ്റമൂലികളും നാട്ടുവൈദ്യത്തിലെ പൊടിക്കൈകളും പകരം വയ്ക്കാനില്ലാത്ത സാധ്യതകളാണ്. ജീവിതത്തിന്റെ നേരം പോക്കിൽ യാദൃച്ഛികമായ അനുഭവങ്ങളിൽ നിന്ന് മനുഷ്യൻ ആർജ്ജിച്ചെടുക്കുന്നവയാണ് ഈ അറിവുകൾ. ഒരു മനുഷ്യേതര ജീവി അതിന്റെ രോഗാവസ്ഥയ്ക്ക് പരിഹാരം ജൻമനാ മനസ്സിലാക്കിയിരിക്കുന്നു. മനുഷ്യനിലാകട്ടെ അന്വേഷണങ്ങളിലൂടെയും പകർന്നുകൊടുക്കലിലൂടെയുമാണ് ഇത് സാധ്യമായി വന്നത്. ആ നിലയിൽ നാട്ടുവൈദ്യം പലപ്പോഴും പാരമ്പര്യത്തിന്റെയും നിഗൂഢതയുടെയും സമസ്യയായി തുടരുന്നു. ചരിത്രവഴിയിൽ മറ്റേതൊരു ജ്ഞാനപദ്ധതിയുമെന്ന പോലെ പുരുഷ വൈജ്ഞാനിക മേഖലയായി വൈദ്യമുൾപ്പെടുന്ന തദ്ദേശീയ അറിവുരൂപങ്ങൾ പരിമിതപ്പെട്ടു. അവിടെ ആകസ്മികമായി കണ്ടുമുട്ടുന്ന സ്ത്രീസാന്നിധ്യങ്ങളിലൊന്നാണ് മീനാക്ഷി എന്ന എഴുപത്തിയഞ്ചുകാരി. വിവിധങ്ങളായ നാട്ടുവൈദ്യപാരമ്പര്യത്തിനും കൊട്ടിഘോഷിക്കപ്പെടുന്ന വൈദ്യക്കച്ചവടത്തിനുമിടയിലെ സമാന്തര ജീവിതമാണിത്. തന്നെ തേടി വരുന്നവർക്ക് വില പേശാതെ മരുന്ന് നൽകുന്ന ഇവർ കാട്ടുച്ചെടികൾക്കിടയിലെ അപൂർവ്വയിനം ഔഷധച്ചെടിപോലെ വ്യത്യസ്തയാണ്. ഒരു തനതു പച്ച.

മഞ്ഞപ്പിത്ത രോഗശമനത്തിന് മരുന്നിനു വേണ്ടി അച്ഛനെത്തേടിയെത്തുന്നവർ കൂടി ഉൾപ്പെട്ടതാണ് മീനാക്ഷിയമ്മയുടെ കുട്ടിക്കാല ഓർമ്മകൾ. അച്ഛന്റെ ജ്ഞാന ഉറവിടത്തെയോ പാരമ്പര്യത്തെയോ സംബന്ധിച്ച് വ്യക്തമായ അറിവില്ല. എങ്കിലും അച്ഛനിൽ നിന്ന് അമ്മയിലേക്കും അവിടെ നിന്ന് തന്നിലേക്കും തന്നിലൂടെ പുതുതലമുറയിലേക്കും പകരുകയാണ് മീനാക്ഷി. നാട്ടറിവിന്റെ ബോധ്യങ്ങളെ കൊല്ലം ജില്ലയിലെ കുണ്ടറ തെറ്റിക്കുന്ന് ഗ്രാമത്തിലെ അറപ്പുരയിൽ മീനാക്ഷി. ഈ പ്രായത്തിലും തന്റെ ദൗത്യം തുടരുന്നു.

' കണ്ണിന് നല്ലത് കമ്മാഞ്ചേരി
പുണ്ണിന് നല്ലത് തോട്ടക്കാരൻ
ഓതിത്തരുവാൻ ആര്യൻവൈദ്യൻ
നീരിന് നല്ലത് നീരൊഴിക്കൽ

എന്നിങ്ങനെ പഴയതും പുതിയതുമായ നാട്ടുവൈദ്യന്മാരുടെ പ്രാദേശിക സമ്പന്നത ഈ നാടിനുണ്ട്. എന്നാൽ മഞ്ഞപ്പിത്തത്തിനു സ്വന്തം പറമ്പിലെ വെളുത്താവണക്കിന്റെ തളിരിലയും മറ്റു ചില നാട്ടുസാമഗ്രികളും ചേർത്ത് മരുന്നരച്ച് ഉരുളയാക്കി പശുവിൻപാലിലോ പഴങ്കഞ്ഞി വെള്ളത്തിലോ ചേർത്ത മൂന്നു ദിവസം തുടർച്ചയായി പുലർച്ചെ വെറും വയറ്റിൽ അറപ്പുരയിലെത്തി രോഗി കഴിക്കുന്നു. ആദ്യ മൂന്നുദിവസം കഠിനപഥ്യവും തുടർന്ന് നാലുദിവസം സാധാരണപഥ്യവും അനുഷ്ഠിക്കുന്നതോടെ രോഗി സുഖം പ്രാപിക്കുന്നു. കഠിനപഥ്യത്തിന്റെ ദിനങ്ങളിൽ മരുന്നിനു ശേഷം കുളിക്കുക, വിശ്രമമില്ലാതെ ഓടിച്ചാടി അധ്വാനിച്ച് ശരീരത്തെ വിയർപ്പിക്കുക, വിവിധയിനം പാനീയങ്ങൾ കുടിക്കുക, അധികം വെള്ളം കുടിക്കുക. തുടങ്ങിയവ പാലിക്കണം. ഉപ്പിരിക്കുന്ന മുറിയിൽ കയറുക പോലും ചെയ്യരുതെന്നാണ് ആദ്യ മൂന്നു ദിവസത്തേക്കുള്ള നിർദ്ദേശം. കായലോര മേഖലയായ കുമ്പളം, പടപ്പക്കര തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് രോഗികൾ തേടിയെത്തുമ്പോൾ ആദ്യ പറയുക, രോഗം ഭേദമാകും വരെ ഉപ്പുകാറ്റിന്റെ സാന്നിധ്യത്തിൽ നിന്ന് മാറിത്താമസിക്കുക കൂടി വേണമെന്നാണ്.

വിദേശങ്ങളിലേക്ക് ജോലിതേടിപ്പോകുന്ന ചെറുപ്പക്കാർ മെഡിക്കൽ ടെസ്റ്റിൽ മഞ്ഞപ്പിത്തത്തിന്റെ സാധ്യതയറിയുമ്പോൾ മീനാക്ഷിയമ്മയെത്തേടിയെത്തുന്നത് പതിവാണ്. ആധുനിക വൈദ്യശാസ്ത്രം ഹെപ്പറ്റൈറ്റിസ് എയ്ക്ക് പ്രതിരോധ മരുന്ന് കണ്ടെത്തിയിട്ടുണ്ട്. അലോപ്പതി ചികിത്സയിൽ രോഗം ഭേദമാകുമ്പോൾ പച്ചമരുന്ന് കുടിച്ചുകൊള്ളാൻ പറയുന്ന ഡോക്ടർമാരും രോഗത്തിന് തന്റെ പക്കൽ മരുന്നു തേടിയെത്തുന്ന അപ്പോത്തിക്കിരിമാരും ഈ നാട്ടുവൈദ്യത്തിന്റെ വിശേഷം അംഗീകരിച്ചവരാണെന്ന് മീനാക്ഷിയമ്മ പറയുന്നു.

മൂന്നു മക്കളിൽ ഇളയമകളായ മീനാക്ഷിയമ്മയ്ക്ക് മാത്രമാണ് അച്ഛന്റെയും അമ്മയുടെയും ചികിത്സാപദ്ധതി കൈമാറിക്കിട്ടിയത്. ആൺമക്കൾ തൊഴിൽതേടി ദൂരെ ദേശങ്ങളിലേക്ക് ചെറുപ്രായത്തിൽ

**നിത്യചെലവുകൾക്ക് ചികിത്സയുടെ ദക്ഷിണയും ഉപയോഗിച്ചിരുന്നു. ഈ ആശ്രയം നിലക്കാതിരിക്കാൻ കൂടിയാണ് കുടുംബപരമായി വൈദ്യം കൈമാറുന്നതും സ്ത്രീകൾ ചികിത്സകരാകുമ്പോൾ മരുന്നിന് ദിവ്യത്വം കല്പിച്ചു കാണുന്നവർ സ്ത്രീകളുടെ തീണ്ടാരി ദിവസങ്ങളും ഗർഭകാലവും അയിത്തമായി കാണുന്നതിനെ പരിഹാസത്തോടെയാണ് മീനാക്ഷിയമ്മ നേരിടുന്നത്. തീണ്ടാരി ഗർഭപാത്രത്തിന്റെ ശുദ്ധീകരണമാണെന്നും മരുന്ന് നല്കുന്നതിനെ അതെങ്ങനെ ബാധിക്കുമെന്നും അവർ ചോദിക്കുന്നു. ഗർഭകാലത്തെ ബുദ്ധിമുട്ടുകളെക്കുറിച്ച് ആരാഞ്ഞപ്പോൾ ഗർഭിണിയായിരിക്കെ തിരുവോണദിനത്തിൽ കുടുംബക്കാരോടൊപ്പം കബഡി കളിച്ചതിനെക്കുറിച്ച് അവർക്ക് ഓർമ്മിക്കാനുണ്ടായിരുന്നു.**

തന്നെ ചേക്കേറി. വീടിനോട് ചേർന്ന് സ്വന്തം ലോകം കണ്ടെടുത്ത മീനാക്ഷിയമ്മ മരുന്നൊരുക്കുന്നത് കണ്ടുപഠിക്കുകയായിരുന്നു. വിവാഹശേഷം സ്വന്തം നാട്ടിൽ താമസമാക്കിയ മീനാക്ഷി അമ്മയുടെ മരണശേഷമാണ് ചികിത്സ ഏറ്റെടുത്തത്. ഒരു തൊഴിൽ എന്ന നിലയിൽ ഈ ചികിത്സയെ കാണുന്നില്ല ഈ കുടുംബം. ആധാരമെഴുത്ത് ഉപജീവന മാർഗ്ഗമാക്കിയ അച്ഛൻ ഈ മരുന്ന് ധനാർജ്ജനത്തിന് ഉപാധിയാക്കിയിരുന്നില്ല. വിളക്കിനു മുമ്പിൽ തയ്യാറാക്കി വെച്ച മരുന്ന് കുടിച്ച് രോഗി വെച്ചു പോകുന്ന ദക്ഷിണക്കപ്പുറം പുതിയകാലത്തെ വിലപേശൽ ഈ വൈദ്യത്തിന്റെ മൂല്യസങ്കല്പത്തിലില്ല. നാനാജാതി മതസ്ഥർക്കും ചികിത്സ നടത്തുന്നതിൽ ഒരയിത്തവും കല്പിച്ചിരുന്നില്ല.

വൈദ്യത്തിന്റെ നിഗൂഢതയ്ക്കും ദിവ്യത്വത്തിനും വിശ്വാസങ്ങൾക്കും മേലെ യുക്തിയുടെ ശക്തമായ ധാരണകൾ മീനാക്ഷിയുടെ ചിന്തയിലുണ്ട് പത്താംക്ലാസു വിദ്യാഭ്യാസം നേടിയ ഈ സ്ത്രീ നാട്ടുമരുന്നിന്റെ നിഗൂഢത സംബന്ധിച്ചും അതിന്റെ കുടുംബപരമായ പിന്തുടർച്ചയെപ്പറ്റി വിശദീകരിക്കുന്നത് അതിന്റെ സാമ്പത്തികതയിലൂന്നിയാണ്. നായർ കുടുംബത്തിലെ ഭാഗം വയ്ക്കലിനുശേഷം ലഭിച്ച ഭൂസ്വത്തിൽ നിന്നുള്ള തുച്ഛമായ വരുമാനവും കച്ചേരിയിലെ എഴുത്തുകുത്തുകളിലെ കുറഞ്ഞ വേതനവുമാണ് കുടുംബത്തിനാശ്രയം. നിത്യചെലവുകൾക്ക് ചികിത്സയുടെ ദക്ഷിണയും ഉപയോഗിച്ചിരുന്നു. ഈ ആശ്രയം നിലക്കാതിരിക്കാൻ കൂടിയാണ് കുടുംബപരമായി വൈദ്യം കൈമാറുന്നതും സ്ത്രീകൾ ചികിത്സകരാകുമ്പോൾ മരുന്നിന് ദിവ്യത്വം കല്പിച്ചു കാണുന്നവർ സ്ത്രീകളുടെ തീണ്ടാരി ദിവസങ്ങളും ഗർഭകാലവും അയിത്തമായി കാണുന്നതിനെ പരിഹാസത്തോടെയാണ് മീനാക്ഷിയമ്മ നേരിടുന്നത്. തീണ്ടാരി ഗർഭപാത്രത്തിന്റെ ശുദ്ധീകരണമാണെന്നും മരുന്ന് നല്കുന്നതിനെ അതെങ്ങനെ ബാധിക്കുമെന്നും അവർ ചോദിക്കുന്നു. ഗർഭകാലത്തെ ബുദ്ധിമുട്ടുകളെക്കുറിച്ച് ആരാഞ്ഞപ്പോൾ ഗർഭിണിയായിരിക്കെ തിരുവോണദിനത്തിൽ കുടുംബക്കാരോടൊപ്പം കബഡി കളിച്ചതിനെക്കുറിച്ച് അവർക്ക് ഓർമ്മിക്കാനുണ്ടായിരുന്നു.

തികഞ്ഞ പ്രായോഗികതയോടെ പുതിയ കാലത്തെ മാറിയ ജീവിതത്തെയും ശാരീരികാവസ്ഥകളെയും പരിഗണിച്ചുകൊണ്ടാണ് പുതിയ രോഗികളെ മീനാക്ഷിയമ്മ സ്വീകരിക്കുന്നത്. ഹെപ്പറ്റൈറ്റിസ് എ എന്ന് ലാബിൽ ടെസ്റ്റ് ചെയ്തുറപ്പിച്ച ശേഷമേ ചികിത്സ ആരംഭിക്കുകയുള്ളൂ. ചെറുമകനും തന്റെ പെൺമക്കളിലൊരാൾക്കും ഈ ഔഷധത്തിന്റെ കൂട്ടുകളെക്കുറിച്ച് അറിയാമെങ്കിലും അതിന്റെ പ്രയോഗത്തിൽ നിന്ന് ഏറെ അകന്ന അവരുടെ ജീവിതരീതിയെ മീനാക്ഷിയമ്മ തിരിച്ചറിയുന്നുണ്ട്. അവരുടെ തന്നെ ഭാഷയിൽ 'ചോറുണ്ണുന്നതു പോലും ഇംഗ്ലീഷിലായ ഈ കാലത്ത് ആരോഗ്യനികേതനിലെ ജഗദ്ബന്ധുമശായ് ജീവൻമശായയോട് ചോദിക്കുന്ന ചോദ്യം പിന്തുടർച്ചകളില്ലതെ പോകുന്ന ഈ വൈദ്യം ബാക്കിയാക്കി നിർത്തിയേക്കാം.

ലോബികളുടെ ലാഭകണക്കു നോക്കുന്ന പുതിയ വൈദ്യശാസ്ത്ര കാലത്ത് ജാതിയുടെയോ മതത്തിന്റെയോ ലിംഗഭേദങ്ങളുടെയോ സമ്പത്തിന്റെയോ ഒന്നും ഏറ്റക്കുറച്ചിലുകൾ ബാധിക്കാതിരുന്ന മാനവിക വൈദ്യശാസ്ത്രത്തിന്റെ മൂല്യങ്ങളെക്കുറിച്ചു കൂടിയുള്ളതാണ് ഈ സ്ത്രീയുടെ ഓർമ്മ.





ഡോ.ജാൻസി ജോസ്

# വാസ്തവം

ഭരണം കിട്ടിയാൽ പാർട്ടിയിലുള്ളവരെയും സ്വന്തക്കാരേയും തുള്ളിത്തെറിച്ച ബന്ധമുള്ളവരേയും തിരുകിക്കയറ്റി തൊഴിൽകൊടുക്കുക എന്ന ഏർപ്പാട് ജനാധിപത്യ കീഴ്വഴക്കമായി മാറിയതാണ്. അതുകൊണ്ടുതന്നെയാണ് നേതാക്കന്മാർക്ക് ഓച്ഛാനിച്ചു നിൽക്കാനും പിന്നാലെ നടക്കാനും ആളെക്കിട്ടുന്നത് എന്ന് അറിയാവുന്നതുമാണ്. പി.എസ്.സി എഴുതി ആദ്യ റാങ്കിൽ വന്നാൽ പോലും ശിപാർശയില്ലാതെ തൊഴിൽ കിട്ടാത്ത നാടാണ് നമ്മുടേത്. പാർട്ടികെട്ടുറപ്പിൽ വളരുന്നവർ പാർട്ടിയിലുള്ളവർക്കെല്ലാം തൊഴിൽ കൊടുത്തു പോകും. അത് തെറ്റാണോ? അതിന്നറുതിവരാൻ ജയരാജൻ സഖാവ് നിമിത്തമായെങ്കിൽ സന്തോഷം തന്നെ. എന്നാണ് നമ്മുടെ തൊഴിൽമേഖലയിലെ നീതികേട് അവസാനിക്കുക? ജയരാജൻ സഖാവ് നിമിത്തമായെങ്കിൽ സന്തോഷം തന്നെ.
ശിപാർശകൾക്കു വേണ്ടി നേതാക്കന്മാരെ തോളിലേറ്റി നടക്കുന്ന കാഴ്ച തിരുവനന്തപുര നഗരിയിൽ നിത്യകാഴ്ചയാണ്. (ഈ തരത്തിൽ തൊഴിൽ നേടിയിട്ടുള്ളവരുണ്ടെങ്കിൽ ക്ഷമിക്കുക. ആരേം അറിഞ്ഞുകൊണ്ട് വേദനിപ്പിക്കാനല്ല.)

നമ്മുടെ ബാലൻമന്ത്രി ബാല്യാവസ്ത വിടാത്തതുകൊണ്ടല്ല എണ്ണം പറഞ്ഞു കളിച്ചത്. നാലെണ്ണം ആദിവാസി മേഖലയിൽ മരിച്ചകാര്യം പറഞ്ഞല്ലോ. അങ്ങേരുടെ കാലത്ത് ഗർഭം ധരിക്കാത്തവരുടേത് ഏറ്റെടുക്കില്ലാന്നും പറഞ്ഞത് ഓർമ്മിക്കുന്നു. അതിക്രമങ്ങളെല്ലാം സ്വന്തം ഭരണകാലത്തു നടക്കുന്നത് ഏറ്റെടുത്തിരുന്നെങ്കിൽ എത്ര നന്നായി പോരുന്നു? അതുകൊണ്ടാണ് ജിഷക്കേസിന്റെ അന്വേഷണ ദൗത്യവും കഴിഞ്ഞ ഗവൺമെന്റ് നടത്തിയതുപോലെ തന്നെ തുടരുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് നടന്ന കൊലപാതകവും അന്വേഷണവുമല്ലല്ലോ. ഈ അഡ്ജസ്റ്റ്മെന്റ് അന്വേഷണത്തിനെതിരെ പോരാടാൻ കേരളത്തിലെ സ്ത്രീകൾ രംഗത്തിറങ്ങിയിട്ടുണ്ട്. 2016 നവംബർ 2ന് ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത വെച്ച് കൂടുന്ന പ്രതിഷേധയോഗം സൗമ്യയുടെ വിധി ജിഷയ്ക്കു സംഭവിക്കാതിരിക്കാൻ വേണ്ടിയായിരുന്നു. കോഴിക്കോട് കേന്ദ്രമാക്കിയ പെണ്ണൊരുമ എന്ന കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടന്ന പെൺപ്രതിഷേധയോഗമായിരുന്നു അത്.

താടിയും മുടിയുമൊക്കെ പ്രധാനവിഷയങ്ങളായി മാറുന്നുണ്ട് നിയമസഭകളിൽ. മതവും ജാതിയും നോക്കി രോമം വളരുന്നില്ല എന്നതിൽ ആശ്വാസം തോന്നുന്നു. മതം നോക്കി ജീവിക്കേണ്ടി വരിക എന്നത് മരണത്തിനു തുല്യമാണ് എന്നു തന്നെയാണ് എന്റെ അഭിപ്രായങ്ങൾ ഇതിനിടയിലാണ് സമസ്തയുവപണ്ഡിതൻ സിംസാറുൽ ഹഖ് ഹുദവി മുസ്ലിംസ്ത്രീകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് മതവിരുദ്ധമാണ് എന്ന് പറഞ്ഞ് സ്ത്രീകളെ ഒതുക്കാനെത്തുന്നത്. ഇങ്ങനെ ഓരോരുത്തർക്കും വെളിപാടുണ്ടായാൽ സ്ത്രീകൾ ലൈംഗികഉപകരണങ്ങൾ മാത്രമായി ചുരുങ്ങുമെന്നതിൽ സംശയം വേണ്ട. ഓരോരുത്തരുടെ ഓരോ വെളിപാടുകളേ!!!

പുസ്തകയാത്രകൾ



എം.ഡി.രാധിക

# പെൺകുട്ടിക്കാലം


> **കൗമാരം ഒരു നിശ്ചിതകാലയളവിൽ ഒതുങ്ങുന്നു എന്നതൊരാശ്വാസം തന്നെ. എന്നാൽ അതുയർത്തുന്ന തരംഗങ്ങൾ ചിലപ്പോൾ നിങ്ങളുടെ എഴുപതുകളിലും നിങ്ങളെ വേട്ടയാടിയേക്കാം. ശാരീരികമായ മാറ്റത്തിന്റെ സമയമാണത്. അതോടൊപ്പം വികാരങ്ങളിലും ചിന്തയിലും മാറ്റങ്ങൾ വരുന്നു. ആർത്തവാരംഭത്തോടെ പെൺകുട്ടികൾ പുരുഷാധിപത്യസമൂഹത്തിന്റെ സ്ത്രൈണതാപരിശീലനത്തിന്** (femininity training) **വിധേയരാവുന്നു.**


ഷെയ്ക്സ്പിയറുടെ ആ പ്രസിദ്ധമായ ദുരന്തനാടകത്തിൽ നായകനായ ഹാംലെറ്റിന്റെ കാമുകിയായ പെൺകുട്ടിയാണ് ഒഫീലിയ. പ്രശ്നങ്ങളുള്ള കാമുകനും താൻ സ്നേഹിക്കുന്ന അച്ഛനുമിടയിൽ ഞെരുങ്ങി അവളുടെ മനസ്സിന്റെ താളം തെറ്റുന്നു. ഒരു മുങ്ങിമരണത്തിൽ അവൾ അഭയം കണ്ടെത്തുന്നു. പൂക്കൾ വീണുകിടക്കുന്ന അരുവിയിൽ ആഡംബരവസ്ത്രങ്ങളണിഞ്ഞ്, സുന്ദരിയായ ഒഫീലിയ മരണത്തെ പുൽകുന്നു. ഒഫീലിയമാരെ പുനരുജ്ജീവിപ്പിക്കാൻ എന്തുവേണം എന്ന്, സങ്കീർണ്ണവും സംഘർഷഭരിതവുമായ ആധുനിക പെൺകൗമാരത്തെ എങ്ങനെ രക്ഷിച്ചെടുക്കാമെന്ന് ആത്മാർത്ഥമായി അന്വേഷിക്കുന്ന കൃതിയാണ് 'Reviving Ophelia'. ഇതെഴുതിയ മേരി പിഫർ (Mary Pipher) ഒരു സൈക്കോതെറാപ്പിസ്റ്റ് (മാനസികരോഗചികിത്സക) ആണ്. അവർ കൾച്ചറൽ ആന്ത്രപ്പോളജിയും (സാംസ്കാരിക നരവംശശാസ്ത്രം) പഠിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ കൗമാരത്തെ നോക്കിക്കാണാൻ അവർക്കു കഴിയുന്നു. 1990 കളിലെ അമേരിക്കയാണ് ഈ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്നത്. എങ്കിലും ചെറിയ മാറ്റങ്ങളോടെ, ഇതിൽ പറയപ്പെടുന്ന കഥകളും കാര്യങ്ങളും സാർവ്വലൗകികമാനം കൈവരിക്കുന്നു എന്നു കാണാം. ഒരു സൈക്കോതെറാപ്പിസ്റ്റ് എന്ന നിലയിൽ ഒരുപാടു പെൺകുട്ടികളെ ചികിത്സിച്ചിട്ടുണ്ട്. മേരി പിഫർ അതിനാൽത്തന്നെ കെയ്സ് സ്റ്റഡികളാൽ (രോഗസ്ഥിതിപഠനങ്ങൾ) സമ്പന്നമാണ് അവരുടെ ഈ രചന.

ഫ്രോയ്ഡിന്റെ (Freud) കാലം മുതൽ മനഃശാസ്ത്രം കുട്ടികൾക്കുണ്ടാവുന്ന പ്രശ്നങ്ങൾക്ക് കു

ടുംബത്തെയാണ് പഴിക്കാറ്. നന്നേ ചെറുപ്പത്തിൽ തന്നെ കുട്ടികളുടെ സ്വഭാവരൂപീകരണം പൂർത്തിയാകുന്നു എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണിത്. എന്നാൽ നമ്മുടെ കാലത്ത് കുടുംബം പലപ്പോഴും പെൺകുട്ടിയുടെ ശത്രുവല്ല, ഒരേയൊരു മിത്രമാണെന്ന് പിഫർ കരുതുന്നു. കാരണം പുറംലോകത്തിന്റെ സംസ്ക്കാരം വിഷലിപ്തമാണ്. അത് അവളെ ഒരു പൂർണവ്യക്തിയായിക്കാണാതെ, കേവലശരീരമായി ചുരുക്കുന്നു. മദ്യവും മയക്കുമരുന്നും കുത്തഴിഞ്ഞ ലൈംഗികതയും പരിഷ്കാരമാണെന്നു പഠിപ്പിക്കുന്നു. കുടുംബത്തിൽ നിന്നും വിട്ടുപോരലാണ് അമേരിക്കയിൽ പക്വതയാർജ്ജിക്കലിന്റെ ആദ്യപടി. അതുകൊണ്ടു തന്നെ തങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുന്ന മാതാപിതാക്കളിൽ നിന്ന് സ്വതന്ത്രരാവാൻ കൗമാരക്കാർ വെമ്പൽ കൊള്ളുന്നു. ചെന്നുചാടുന്നതോ പലപ്പോഴും തീനരകത്തിലും.

കൗമാരം ഒരു നിശ്ചിതകാലയളവിൽ ഒതുങ്ങുന്നു എന്നതൊരാശ്വാസം തന്നെ. എന്നാൽ അതുയർത്തുന്ന തരംഗങ്ങൾ ചിലപ്പോൾ നിങ്ങളുടെ എഴുപതുകളിലും നിങ്ങളെ വേട്ടയാടിയേക്കാം. ശാരീരികമായ മാറ്റത്തിന്റെ സമയമാണത്. അതോടൊപ്പം വികാരങ്ങളിലും ചിന്തയിലും മാറ്റങ്ങൾ വരുന്നു. ആർത്തവാരംഭത്തോടെ പെൺകുട്ടികൾ പുരുഷാധിപത്യസമൂഹത്തിന്റെ സ്ത്രൈണതാപരിശീലനത്തിന് (femininity training) വിധേയരാവുന്നു. ഒരു മുഖക്കുരു ജീവന്മരണപ്രശ്നമാവുന്നു. ചെറുപട്ടണങ്ങളിൽ എല്ലാവർക്കും അന്യോന്യമറിയാം. അവിടെ കുട്ടികൾ കുടുംബത്തിന്റെ പേരിൽ സ്വന്തം കഴിവുകളുടെ പേരിൽ, സ്വഭാവത്തിന്റെ പേരിൽ ഒക്കെ വിലയിരുത്തപ്പെടുന്നു. എന്നാൽ അപരിചിതർ തിങ്ങിപ്പാർക്കുന്ന വൻനഗരങ്ങളിൽ നിങ്ങൾ നിങ്ങളുടെ ബാഹ്യരൂപം മാത്രമാണ്. ഈ സമീപനത്തെ looksim എന്നാണ് പിഫർ വിളിക്കുന്നത്. സ്വന്തം ശരീരത്തെ ആരോഗ്യത്തിന്റെ കണ്ണിലൂടെ കാണുന്നതിനുപകരം സൗന്ദര്യത്തിന്റെ കണ്ണിലൂടെ കാണാൻ ഇത് പെൺകുട്ടികളെ നിർബന്ധിക്കുന്നു.




കൊടുങ്കാറ്റിൽപ്പെട്ട ചെറുതൈകളോടാണ് പിഫർ കൗമാരക്കാരികളെ ഉപമിക്കുന്നത്. പ്രശ്നങ്ങളെ സമചിത്തതയോടെ നേരിടാനുള്ള പാകത അവർക്കു കൈവന്നിട്ടില്ല. എന്നാൽ പ്രശ്നങ്ങളുമായി അമ്മമാരെ സമീപിക്കുമ്പോൾ നാമവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നതിനുപകരം കുറ്റപ്പെടുത്തുന്നു. അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ഒരു സാൻഡ്‌വിച്ച് മെത്തേഡ് (sandwich method) അവ

ലംബിക്കണമെന്ന് പിഫർ. രണ്ടുകാര്യങ്ങൾക്കിടയിൽ ഒരു വിമർശം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവതരണരീതിയാണ്. ഉദാഹരണത്തിന് പെൺകുട്ടിയുടെ മദ്യപാനമാണ് വിഷയമെങ്കിൽ (അമേരിക്കൻ കൗമാരമാണിവിടെ വിവക്ഷ) അവർ അക്കാര്യം തുറന്നു പറഞ്ഞതിൽ സന്തോഷമുണ്ടെന്ന് പറഞ്ഞു തുടങ്ങുക; എന്നാലും അതിന് ദൂഷ്യഫലങ്ങളുണ്ടെന്ന് ഇടയിൽ ചൂണ്ടിക്കാണിക്കുക; തന്നെ വിശ്വസിച്ചതിൽ വീണ്ടും സന്തോഷം പ്രകടിപ്പിച്ച് സ്നേഹപൂർവ്വം വർത്തമാനം അവസാനിപ്പിക്കുക. കഴിയുന്നതും ഇത്തരം സന്ദർഭങ്ങളിൽ സ്വന്തം ശാന്തത കൈവിടരുത്. കൊടുങ്കാറ്റിൽ അവരേക്കാൾ ആടിയുലയുന്നവരെക്കൊണ്ട് അവർക്കെന്തു പ്രയോജനം ? 'എല്ലാവരാലും സ്നേഹിക്കപ്പെടുന്നവരായി ആരുമില്ല', ആരും പൂർണരല്ല എന്നിങ്ങനെയുള്ള സാന്ത്വനവചസ്സുകൾ ഏറെ ഉപകാരപ്രദമാണ്. അവയെ ആന്തരവത്ക്കരിച്ചും ഭാവിയിലും ഉപയുക്തമാക്കാൻ കുട്ടികൾക്കു കഴിയും. ഫെമിനിസ്റ്റ് ആശയങ്ങളും പങ്കുവെക്കാം. 'ഫെമിനിസം' 'ഫാഷിസം' പോലെ ഒരു ചീത്തവാക്കാണെന്നൊക്കെ അവർ ചിലപ്പോൾ പ്രതികരിച്ചേക്കാമെങ്കിലും നിങ്ങൾ വിതക്കുന്ന ഈ നല്ല വിത്തുകൾ പിന്നീട് മുളച്ചു പൊന്തി ഫലം തരിക തന്നെ ചെയ്യും.

പെൺമക്കൾ കൗമാരകാലത്ത് തങ്ങളിൽ നിന്നകലുന്നതായി മിക്ക അമ്മമാർക്കും അനുഭവമുണ്ടാകും. നിങ്ങളോടൊപ്പം കാണപ്പെടാൻ, നിങ്ങളുടെ സ്പർശമേൽക്കാൻ ഒക്കെ അവർ വിമുഖരായേക്കാം. നിങ്ങളെപ്പോലെയാകാൻ അവർ ആഗ്രഹിക്കുന്നേയില്ലെന്നു പറഞ്ഞേക്കാം. ശബ്ദമുയർത്തി സംസാരിച്ചേക്കാം. നിങ്ങളെ പരിഹസിച്ചേക്കാം. അവരുടെ ഉള്ളിന്റെയുള്ളിൽ അവരനുഭിക്കുന്ന സംഘർഷങ്ങളുടെ ബഹിർസ്ഫുരണങ്ങളായി മാത്രം അത്തരം പെരുമാറ്റത്തെ കണ്ടാൽമതി. നിങ്ങളിൽ നിന്നും വേറിട്ടു ഒരു സ്വതന്ത്രവ്യക്തിയായിത്തീരാനുള്ള അവരുടെ തീവ്രശ്രമത്തിന്റെ ഭാഗമാണത്.

ഒരു രക്ഷിതാവ് മാത്രമുള്ള വീടുകളിൽ (single parent homes) അമ്മ പിണങ്ങുമ്പോൾ അച്ഛനരികത്തേക്കോടാനും മറിച്ചും കുട്ടികൾക്ക് അവസരം ലഭിക്കുന്നില്ല. സ്ത്രീപുരുഷ ബന്ധം അടുത്തു കാണാനുള്ള അവസരവും അത്തരക്കാർക്ക് കിട്ടുന്നില്ല. അച്ഛനമ്മമാരുടെ വിവാഹമോചനം, തങ്ങളേയും ഇവർ ഇത്തരത്തിൽ ഒഴിവാക്കുമോ എന്ന ഭീതി കുട്ടികളിൽ ഉളവാക്കിയേക്കാം. കാരണം കൗമാരത്തിന്റെ അവസാനം വരെ മാതാപിതാക്കളെ തങ്ങളെ സംരക്ഷിക്കാനുള്ളവർ മാത്രമായാണ് കുട്ടികൾ കാണുന്നത്. അവരെ സ്വന്തമായി ആവശ്യങ്ങളും സ്വപ്നങ്ങളുമുള്ള വ്യക്തികളായികാണാനുള്ള മനസ്സിന്റെ പരിപാകം കൗമാരക്കാർ ആർജ്ജിച്ചിട്ടില്ല.

പെൺകുട്ടികളിലെ ഭക്ഷണസംബന്ധിയായ പ്രശ്നങ്ങൾ (eating disorders) - ബ്യൂലീമിയ (bulimia), ആനോറെക്സിയ (anorexia) , അമിത വിശപ്പു (compulsive eating) എന്നിവ ഉടലെടുക്കുന്നത് ഈ പ്രായത്തിലാണ്. മെലിഞ്ഞ ശരീരം സ്ത്രീസൗന്ദര്യത്തിന്റെ അടിത്തറയായി കരുതപ്പെടുന്ന ഒരു സംസ്ക്കാരത്തിൽ ആദ്യം പറഞ്ഞ രണ്ടു ദുഃശീലങ്ങളും ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ. ബ്യൂലീമിക് ആയ പെൺകുട്ടികൾ ആർത്തിയോടെ വാരിവലിച്ചു ഭക്ഷിക്കുകയും പിന്നെ കുറേ ബോധത്തോടെ അതൊക്കെ സ്വയം ഛർദ്ദിച്ചു കളയുകയും ചെയ്യുന്നു. പട്ടിണി കിടക്കുന്നത് വലിയ കാര്യമായി കരുതുന്നവരാണ് ആനോറെക്സിയക്കാർ. അത്തരം ആത്മനിയന്ത്രണത്തിൽ അവർ അഭിരമിക്കുന്നു. വൈകാരികപ്രശ്നങ്ങളിൽ നിന്നുള്ള ഒരേയൊരു മോചനമായി തീറ്റയെക്കാണുന്നു മൂന്നാമത്തെ കൂട്ടർ. ആഹാരം അവർക്കൊരു വേദനസംഹാരിയാണ്.

**പെൺമക്കൾ കൗമാരകാലത്ത് തങ്ങളിൽ നിന്നകലുന്നതായി മിക്ക അമ്മമാർക്കും അനുഭവമുണ്ടാകും. നിങ്ങളോടൊപ്പം കാണപ്പെടാൻ, നിങ്ങളുടെ സ്പർശമേൽക്കാൻ ഒക്കെ അവർ വിമുഖരായേക്കാം. നിങ്ങളെപ്പോലെയാകാൻ അവർ ആഗ്രഹിക്കുന്നേയില്ലെന്നു പറഞ്ഞേക്കാം. ശബ്ദമുയർത്തി സംസാരിച്ചേക്കാം. നിങ്ങളെ പരിഹസിച്ചേക്കാം. അവരുടെ ഉള്ളിന്റെയുള്ളിൽ അവരനുഭിക്കുന്ന സംഘർഷങ്ങളുടെ ബഹിർസ്ഫുരണങ്ങളായി മാത്രം അത്തരം പെരുമാറ്റത്തെ കണ്ടാൽമതി.**

അമേരിക്കയിൽ എട്ടു മില്യൺ സ്ത്രീകൾ ഇത്തരം വികലമായ ഭക്ഷണരീതികൾക്ക് അടിമകളായുണ്ടെന്നാണ് 1990 കളിലെ കണക്ക്. ഒരു തെറാപ്പിസ്റ്റ് എന്ന നിലയിൽ ഇന്നേവരെ സ്വന്തം ശരീരത്തെ ഇഷ്ടപ്പെടുന്ന ഒരു പെൺകുട്ടിയെ തനിക്ക് കണ്ടെത്താനായിട്ടില്ലെന്ന് പിഫർ. മാധ്യമങ്ങൾ പ്രക്ഷേപണം ചെയ്യുന്ന കൃത്രിമസൗന്ദര്യസങ്കല്പങ്ങളുടെ മാരകസ്വധീനം എത്രയെന്ന് ഇതിൽ നിന്നൊക്കെ മനസ്സിലാക്കാം.

ലൈംഗികതയെക്കുറിച്ച് കൗമാരപ്രായക്കാരികൾക്ക് ഒരുപാട് സംശയങ്ങളും പേടികളും ഉണ്ട്. ലൈംഗികതയെപ്പറ്റി കുടുംബം, മതം, വിദ്യാലയങ്ങൾ, മാധ്യമങ്ങൾ എന്നിവ നൽകുന്ന പരസ്പരവിരുദ്ധമായ സന്ദേശങ്ങൾ അവരെ കുഴക്കുന്നു. സ്വന്തം ലൈംഗികസ്വത്വം കണ്ടെത്താൻ, അംഗീകരി

ക്കൽ, ലൈംഗികമായ തെരഞ്ഞെടുപ്പുകൾ, ലൈംഗികാസ്വാദനം എല്ലാം പ്രശ്നങ്ങളാവുന്നു. Date rape (dating ന്റെ - ഉല്ലസിക്കാനായി ഒരുമിച്ചു പുറത്തുപോകലിന്റെ - ഇടയിൽ നടക്കുന്ന ബലാൽസംഗം) പോലുള്ള ലൈംഗികാതിക്രമങ്ങളെക്കുറിച്ചുള്ള ഭയം പുതിയ കാലത്തിന്റെ സംഭാവനയാണ്. ലൈംഗികതയെ വിനോദമായിക്കരുതുന്ന ഒരാളും അതിനെ ആത്മാർത്ഥസ്നേഹത്തിന്റെ പ്രകടനമായി കരുതുന്ന മറ്റൊരാളും ചേരുന്നിടത്ത് സംഘർഷമുണ്ടാവാം. പുരുഷന് ലൈംഗികത ഭൂഷണമാണ് എപ്പോഴും എന്ന് സംസ്ക്കാരം പറയാതെ പറയുന്നു. എന്നാൽ സ്ത്രീകൾ പകൽ സമയത്ത് മാന്യകളും 'ശയനേഷ്ഠ വേശ്യകളും' ആയിരിക്കണം. ഇത്തരം സങ്കല്പങ്ങൾ പെൺകുട്ടികളിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നു. കന്യാകത്വനഷ്ടം സ്വതന്ത്ര വ്യക്തിയാകലിന്റെ തുടക്കമായി കരുതപ്പെടുന്ന അമേരിക്കയിലും പക്ഷേ, ശനിയാഴ്ച രാത്രി തന്നെ ഇണചേരലിനു പ്രേരിപ്പിച്ച സഹപാഠി, തിങ്കളാഴ്ച രാവിലെ വിദ്യാലയത്തിൽ വെച്ച് തന്നെ വേശ്യയെന്നു വിളിക്കുന്ന സ്ഥിതിയും പെൺകുട്ടികൾക്ക് ചിലപ്പോൾ നേരിടേണ്ടിവരാറുണ്ട്. ഗർഭിണിയായേക്കാം ലൈംഗികരോഗങ്ങൾ പിടിപെട്ടേക്കാം എന്നൊക്കെയുള്ള ആശങ്കകൾ ഇതിനു പുറമേ.

വിവേകപൂർണവും അന്തസ്സുറ്റതും ആനന്ദദായകവുമായ ഒരു ലൈംഗികസംസ്ക്കാരമാണ് ഏതു സമൂഹത്തിനും ആവശ്യം. സ്ത്രീപുരുഷബന്ധം എന്നാൽ ലൈംഗികതയോടൊപ്പം ഇണകൾക്കിടയിലെ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നവയാണ്. ബലാൽസംഗത്തെ, രാഷ്ട്രീയപരിഹാരത്തിനു വേണ്ടി നിലവിളിക്കുന്ന ഒരു വ്യക്തിഗതപ്രശ്നം എന്നാണ് മേരി പിഫർ വിശേഷിപ്പിക്കുന്നത്. നരമാംസഭോജനം (Cannibalism) പോലെ സങ്കല്പാതീതമായ ഒന്നായിത്തീരണം പുരുഷന്മാർക്കത്. അത്തരമൊരു കാഴ്ചപ്പാട് അവരിൽ ഉണ്ടാക്കിയെടുക്കാൻ സമൂഹം യത്നിക്കണം. ഒരു ബലാൽസംഗനിവാരണ പദ്ധതി (rape prerentive programme) നമുക്കത്യാവശ്യമാണ്.

ഒരേ സമയം സുരക്ഷിതത്വവും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്ന ഒരു സാമൂഹ്യാവസ്ഥയാണ് പെൺകുട്ടികൾക്കു വേണ്ടത്. സുരക്ഷിതത്വത്തിന്റെ പേരിൽ സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യവും ഒറ്റക്കു താമസിക്കാനുള്ള സ്വാതന്ത്ര്യവും മറ്റും തടയുന്ന രീതി ആശാസ്യമല്ല. സൈക്കോതെറാപ്പി പൊതുവേ സാമൂഹ്യമാറ്റത്തിനു വേണ്ടി വാദിക്കാറില്ല. എന്നാൽ പിഫർ ശക്തമായി തന്നെ അതു ചെയ്യുന്നു. പെൺകുട്ടികൾക്കായി സാഹിത്യത്തിലും സിനിമയിലും ചരിത്രത്തിലും ജീവിതത്തിലുമൊക്കെ നല്ല സ്ത്രീമാതൃകകൾ മുന്നോട്ടു വെക്കാൻ നമുക്കു കഴിയണം. ആൺകുട്ടികളുടെ കാര്യത്തിലും വേണം അത് - ധീരതയോടൊപ്പം സൗമ്യതയും പ്രകടിപ്പിക്കുന്ന മാതൃകകൾ. തന്നേക്കാൾ

**ഒരേ സമയം സുരക്ഷിതത്വവും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്ന ഒരു സാമൂഹ്യാവസ്ഥയാണ് പെൺകുട്ടികൾക്കു വേണ്ടത്. സുരക്ഷിതത്വത്തിന്റെ പേരിൽ സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യവും ഒറ്റക്കു താമസിക്കാനുള്ള സ്വാതന്ത്ര്യവും മറ്റും തടയുന്ന രീതി ആശാസ്യമല്ല. സൈക്കോതെറാപ്പി പൊതുവേ സാമൂഹ്യമാറ്റത്തിനു വേണ്ടി വാദിക്കാറില്ല. എന്നാൽ പിഫർ ശക്തമായി തന്നെ അതു ചെയ്യുന്നു. പെൺകുട്ടികൾക്കായി സാഹിത്യത്തിലും സിനിമയിലും ചരിത്രത്തിലും ജീവിതത്തിലുമൊക്കെ നല്ല സ്ത്രീമാതൃകകൾ മുന്നോട്ടു വെക്കാൻ നമുക്കു കഴിയണം.**

വലിയ ഒന്നിന് - സാഹിത്യം, സംഗീതം, ശാസ്ത്രം, രാഷ്ട്രീയം എന്തുമായ്ക്കോട്ടെ സ്വയം സമർപ്പിക്കുന്നതിലാണ് ഏതൊരു മനുഷ്യന്റേയും ധന്യത. അത്തരം പ്രണയേതര സാക്ഷാൽക്കാരസാദ്ധ്യതകൾ പെൺകുട്ടികൾക്കു മുന്നിലും തുറന്നിടണം. എല്ലാവരുടേയും എല്ലാ കഴിവുകൾക്കും സ്ഥാനം നൽകുന്ന ഒരു സമൂഹമാണ് ഏറ്റവും സർഗ്ഗാത്മകം. ഒരു വ്യക്തിയിലെ അനന്യമായ സിദ്ധികൾ അവളുടെ ജീവിതമെന്ന സമുദായത്തിലെ വഴികാട്ടിയായ ധ്രുവനക്ഷത്രമാണ്. അവയെ നിർബ്ബാധം പിൻതുടരാൻ പ്രേരിപ്പിക്കുന്ന സാഹചര്യമാണ് അവൾക്കാവശ്യം. സ്ത്രീക്ക് എന്താണ് വേണ്ടത് എന്ന ഫ്രോയ്ഡിന്റെ ചോദ്യത്തിനുള്ള ഉത്തരം ഇതാണ്. അത്തരമൊരന്തരീക്ഷത്തിൽ സൂര്യവെളിച്ചത്തിലെ പച്ചമരങ്ങൾ പോലെ നമ്മുടെ പെൺകുട്ടികൾ തളിർക്കുകയും പൂക്കുകയും ചെയ്യും.

പുസ്തകത്തിൽ നിന്ന്

**'നിങ്ങൾ മാതാപിതാക്കൾ കൗമാരക്കാരികളെ ശ്രദ്ധയോടെ കേൾക്കണം. അവർക്ക് പിച്ചവെക്കുന്ന കുഞ്ഞുങ്ങളുടെ അത്രതന്നെ നിങ്ങളുടെ സമയം ആവശ്യമുണ്ട്. p.284**

Book : Reviving Ophelia
Mary Pipher Ph.D.( 1994). Reviving Ophelia . New York : Riverhead Books.




# പെണ്ണൊരുമയുടെ നേതൃത്വത്തിൽ പ്രതിഷേധ കൂട്ടായ്മ

സൗമ്യകേസ് വിചാരണയിൽ പ്രോസിക്യൂഷന് സംഭവിച്ച ഗുരുതരവും കുറ്റകരവുമായ പിഴവ് ജിഷകേസിൽ ഇനി ആവർത്തിച്ചുകൂടെന്ന ആവശ്യമുയർത്തി, പെണ്ണൊരുമയുടെ നേതൃത്വത്തിൽ ഷൊർണ്ണൂരിൽ പ്രതിഷേധക്കൂട്ടായ്മ സംഘടിപ്പിച്ചു. നവംബർ 2 ന് ഷൊർണൂർ റെയിൽവെസ്റ്റേഷൻ പരിസരത്ത് നടന്ന പ്രതിഷേധയോഗം അന്വേഷി പ്രസിഡണ്ട് കെ.അജിത ഉദ്ഘാടനം ചെയ്തു. സൗമ്യകേസിലെ സർക്കാറിന്റെ പരാജയം കേരളത്തിലെ സ്ത്രീകളെ ഒന്നടങ്കം തോൽപ്പിക്കുന്നതാണെന്ന് അജിത പറഞ്ഞു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരികയാണെന്നും അതിനെതിരെ നിയമവും നീതിവ്യവസ്ഥയും കുറ്റകരമായ അനാസ്ഥ ആവർത്തിച്ചുകൊണ്ടിരിക്കയാണെന്നും പ്രതിഷേധക്കൂട്ടായ്മയിൽ പങ്കെടുത്ത വിവിധ സ്ത്രീസംഘടനാപ്രതിനിധികൾ അഭിപ്രായപ്പെട്ടു.

പ്രതിഷേധകൂട്ടായ്മയുടെ ഭാഗമായി നടന്ന ആവേശകരമായ പ്രകടനജാഥയിൽ, കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തിയ ഇരുന്നൂറോളം സ്ത്രീകൾ പങ്കെടുത്തു.

എം.സുൽഫത്ത് അധ്യക്ഷത വഹിച്ചയോഗത്തിൽ പി.ഗീത മുഖ്യപ്രഭാഷണം നടത്ത. കെ.കെ.രമ, ഷീബ അമീർ, ജ്യോതിനാരായണൻ, കുസുമം ജോസഫ്, ആർ.ഷർമ്മിള, ശ്രീജ ആറങ്ങോട്ടുകര, സുജഭാരതി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.



സിനിമ



# പാർച്ച്ഡ് അവളവളുടെ ആനന്ദം കണ്ടെത്താനുള്ള വഴികൾ

**അപർണ**

ശബ്ദിനും തീൻ പട്ടിക്കും ശേഷം വരുന്ന ലീന യാദവ് സിനിമയാണ് പാർച്ച്ഡ്. അജയ് ദേവ്ഗണിന്റെ ആദ്യ അന്തർദ്ദേശിയ നിർമാണ സംരംഭമായ ഈ സിനിമ ടൊറന്റോ മേളയിൽ അടക്കം നിരവധി അന്തർദ്ദേശിയ വേദികളിൽ പ്രദർശിപ്പിച്ചു. ലോകം മൊത്തം ഈ സിനിമ മുന്നോട്ടു വെക്കുന്ന ജൻഡർ പൊളിറ്റിക്സ് ചർച്ച ചെയ്തപ്പോൾ ഇന്ത്യയിൽ രാധിക ആപ്തെയുടെ നഗ്നതാ പ്രദർശനത്തിന്റെ കണക്കെടുപ്പുകൾ നടന്നു.

പേര് സൂചിപ്പിക്കും പോലെ പാർച്ച്ഡ് സംസാരിക്കുന്നത് വരണ്ടുണങ്ങിയ പെണ്ണുയിരിനെയും ഉടലിനെയും കുറിച്ചാണ്. ഒരു യാത്രയിൽ തുടങ്ങി മറ്റൊരു യാത്രയിൽ അവസാനിക്കുന്ന ഈ സിനിമ മൂന്നു സ്ത്രീകളിലൂടെ ഇന്ത്യയിലെ മൊത്തം പെണ്ണവസ്ഥകൾ വരച്ചിടുന്നു. ഗുജറാത്തിലെ ഒരു ഗ്രാമത്തിലെ മൂന്നു സ്ത്രീകളാണ് സിനിമയെ മുന്നോട്ടു കൊണ്ട് പോവുന്നത്. റാണി (തനിഷ്താ ചാറ്റർജി) എന്ന മുപ്പത്തിയൊന്നര വയസുകാരി വിധവയും കൗമാരക്കാരന്റെ അമ്മയും ആണ് ഒരുവൾ. കാറ്റ് കൊള്ളാതെ ശരീരത്തെയും മനസിനെയും കാക്കുകയാണ് തന്റെ ഏറ്റവും വലിയ ദൗത്യം എന്ന് റാണി വിശ്വസിക്കുന്നു. താൻ നെയ്യുന്ന കണ്ണാടിയുടുപ്പുകളിൽ മാത്രമേ അവൾ നിറങ്ങൾ കാണുന്നുള്ളൂ. കൗമാരം കടക്കാത്ത മകനും 15 വയസുകാരി ജാനകിയുമായി (ലെഹർ ഖാൻ) ഉള്ള വിവാഹം നടത്തുന്ന

അവൾ വിവാഹ ശേഷം പുസ്തകം മറിച്ചു നോക്കുന്ന ജാനകിയോടു ആക്രോശിക്കുന്നുണ്ട് ഭർത്താവിനെ നോക്കാനുള്ള സമയം പുസ്തകം വായിച്ചു കളയരുത് എന്ന്. അതവൾക്ക് തലമുറകൾ ആയി പകർന്നു കിട്ടിയ അറിവാണ്.



റാണിയുടെ കൂട്ടുകാരി ലജ്ജോ(രാധിക ആപ്തെ) ഊർജ്ജമുള്ള പകലുകളുടെയും ഭീതിതമായ രാത്രികളുടെയും ഇടയ്ക്കു യാത്ര ചെയ്യുന്നവൾ ആണ്. രാവിലെ കൂട്ടുകാരുടെ കൂടെ പണിയെടുക്കുമ്പോളും തുണി നെയ്യുമ്പോളും ഗ്രാമ പ്രമുഖനോട് കലഹിക്കുമ്പോളും ലജ്ജോ നിറഞ്ഞു നിൽക്കുന്നു. രാത്രി ക്രൂരമായ ഗാർഹിക പീഡനത്തിനും മക്കളില്ല എന്ന പേരിൽ ഭീകരമായ പരിഹാസങ്ങൾക്കും ഇരയാവുന്നു. റാണിയെ പോലെ പൂർണമായ വിധേയത്വം വ്യവസ്ഥയോട് ഇല്ലെങ്കിലും താൻ ഒരു വരണ്ട പാഴ്നിലം ആണെന്നും തനിക്കു സ്ത്രീയുടെ ഏറ്റവും വലിയ കടമ ആയ മക്കളെ ഉൽപാദിക്കൽ നിർവ്വ ഹിക്കാൻ കഴിയാത്തത് കൊണ്ടാണ് ഈ അവസ്ഥ വന്നതെന്നുമൊക്കെ അവൾ ധരിക്കുന്നുണ്ട്. അവളുടെ തന്നെ ഏതൊക്കെയോ തിരിച്ചറിവുകൾ ഇടക്കൊക്കെ ആ ധാരണയെ അട്ടിമറിച്ചു കടന്നു പോവും.

ബിജ്‌ലി(സുർവീൻ ചൗള) ആ ഗ്രാമത്തിലെ നർത്തകിയും ലൈംഗിക തൊഴിലാളിയും ആണ്. റാണിയുടേയും ലജ്ജോയുടെയും ഏറ്റവും വലിയ ഊർജ്ജവും ധൈര്യവും എല്ലാം ബിജ്‌ലി ആണ്. താങ്ങും തണലുമാകുമ്പോളും മകന്റെ കല്യാണത്തിന്, ഏതൊക്കെയോ പൊതുവേദികളിൽ ഒക്കെ ബിജ്‌ലി മാറ്റി നിർത്തപ്പെടണം എന്ന് റാണി ആഗ്രഹിക്കുന്നു. "ആൾക്കാർ എന്ത് പറയും" എന്ന പേടി ലജ്ജോക്കുമുണ്ട്. കുറെയൊക്കെ പൊതുബോധത്തെ മറികടക്കുന്നുണ്ട്. അവൾ. രതിവൈകൃതങ്ങൾ അനുഭവിക്കുന്ന ശരീരത്തെ , നെഞ്ചിനു മുകളിൽ തനിക്കു ശരീരം ഉണ്ടോ എന്ന സംശയത്തെ, അതിന്റെ മുറിവുകളെ ഒക്കെ ബിജ്‌ലി മറികടക്കുന്നത് ഈ രണ്ടു സ്ത്രീകളുമായുള്ള സുതാര്യമായ സൗഹൃദത്തിലൂടെയാണ്.

സിനിമ തുടങ്ങുമ്പോൾ റാണിയും ലജ്ജോയും റാണിയുടെ മകന്റെ വിവാഹമുറപ്പിക്കാൻ യാത്ര പോവുകയാണ്. റാണിയുടെ മകൻ സമൂഹത്തിലെ സ്ത്രീകളുടെ ഉയർച്ചയിൽ അസ്വസ്ഥനായ പുതുതലമുറക്കൂട്ടത്തിലെ കണ്ണിയാണ്. അവൻ ഗ്രാമത്തിൽ പുസ്തകം വിതരണം ചെയ്യുന്നവരെയും ടി വി കൊണ്ടുവരുന്നവരെയും പേടിക്കുന്നുണ്ട്. അത്തരം പുരോഗതികളോടുള്ള ഭയം കൂവിയും കളിയാക്കിയും ചിലപ്പോഴൊക്കെ തല്ലിയും തീർക്കുന്നുമുണ്ട്.ഇന്ത്യൻ പുരുഷാധിപത്യ വ്യവസ്ഥയുടെ ഏറ്റവും വലിയ ഇര ആയി സിനിമ മുന്നോട്ടു വെക്കുന്നത് അവനെ ആണ്. 15 വയസ്സിൽ അവന്റെ ഭാര്യയാകേണ്ടി വന്ന ജാനകിക്കു നഷ്ടപ്പെട്ടത് അവളുടെ പഠനം, സ്വപ്നങ്ങൾ, പ്രണയം, കൗമാരം ജീവിതം അങ്ങനെ പലതുമാണ്.

ബിജ്‌ലി എന്ന ബഹിഷ്കൃതയിലൂടെ ആണ് റാണിയും ലജ്ജോയും സ്വയം തിരിച്ചറിയുന്നത്. റാണിക്ക് സ്വാതന്ത്ര്യത്തിലേക്കും ലജ്ജോക്കു പ്രണയത്തിലേക്കുമുള്ള വഴി പറഞ്ഞു കൊടുക്കുന്നത് ബിജ്‌ലി ആണ്, റാണിയുടെ ഭർത്താവും തങ്ങൾ ഒന്നിച്ചു വളർത്തിയ മകനും തന്റെ 'ക്ലൈന്റ്സ്' ആണെന്ന് പറയുമ്പോളും



അവരുടെ ആത്മബന്ധം നിലനിൽക്കുന്നുണ്ട്. ഇവരുടെ ഒളിയാത്രകളിലൂടെയും പങ്കുവെക്കലുകളിലൂടെയും ആണ് സിനിമ മുന്നോട്ടു പോവുന്നത്. ജീവിതത്തിലെ നിറങ്ങളും വെളിച്ചങ്ങളും ഭ്രമിപ്പിക്കുമ്പോളും കുട്ടികളില്ലാത്ത തന്റെ ഉടൽ ഒരു വരണ്ട സ്ഥലമാണെന്ന് കരുതുന്ന ലജ്ജോക്കു ശരീരത്തിന്റെ ശക്തിയെയും സന്തോഷത്തെയും കണ്ടെത്താൻ വഴികൾ പറഞ്ഞു കൊടുക്കുന്നുണ്ട് ബിജ്‌ലി..ലോകത്തെ മൊത്തം ഭയന്ന് സ്വയം തളച്ചിട്ട റാണിയെ സ്വന്തം വഴിയിലേക്ക് നയിക്കുന്നതും ബിജ്‌ലി ആണ്.

പെൺയാത്രകളുടെ കഥ കൂടിയാണ് പാർച്ച്ഡ്. ലോകത്തെ കേട്ട് ഏറിയും കുറഞ്ഞും വഴി തെറ്റിയവരുടെ ഹൃദയം പറയുന്നത് കേൾക്കുന്ന വഴികളിലേക്ക് ഉള്ള യാത്ര. മറഞ്ഞു നിന്ന് തേടിയ ആഹ്ലാദങ്ങളിലേക്കു തെളിഞ്ഞു പോകുന്ന യാത്രകൾ.. തന്റെ മരുമകളെ പ്രണയം തേടി റാണി യാത്രയാക്കുന്നതും ലജ്ജോ തന്റെ ഉടൽ വരണ്ട ഇടമല്ലെന്നു അറിയുന്നതും താൻ ഒരു ശരീരമല്ലെന്നു ബിജ്‌ലി ആഹ്ലാദിക്കുന്നതുമെല്ലാം ഇവരൊന്നിച്ചു ചെയ്ത യാത്രകളിൽ ആണ് ..

അവർ ഉറക്കെ ആൺ തെറികൾ മാറ്റി വിളിക്കുന്നു, അലറി ചിരിക്കുന്നു, പൊട്ടി കരയുന്നു.. സാമാന്യവൽക്കരണ സാധ്യതകൾ ഇനിയും വികസിപ്പിച്ചാൽ എന്ത് കൊണ്ട് നിങ്ങളുടെ നഗ്നത ആളുകൾ കാണുന്നു എന്ന് ചോദിച്ചപ്പോൾ ഞാൻ തുണി ഉരിഞ്ഞത് കൊണ്ട് എന്നുറക്കെ പറയാൻ രാധിക ആപ്തെ എന്ന നടിയും ഇന്ത്യൻ സ്ത്രീയും നടത്തിയ യാത്ര കൂടിയാണ് പാർച്ചഡ്

ലോക പ്രശസ്ത കാമറമാൻ റസ്സൽ കാർപെന്ററിന്റെ ബുദ്ധിയും ഭംഗിയും ഉള്ള ഫ്രെയിമുകളും ഹിതേഷ് സോണിക്കിന്റെ സ്വാഭാവികതയുള്ള സംഗീതവും അഭിനേതാക്കളുടെ സ്വാഭാവികത നിറഞ്ഞ പെരുമാറ്റങ്ങളും ചലനങ്ങളും അനാവശ്യമാണെന്ന് തോന്നുന്ന ഒരു നോട്ടം പോലും ഇല്ലാത്ത കെവിൻ ടെന്റിന്റെ എഡിറ്റിംഗും ഗുജറാത്തിലെ വരണ്ട നിലങ്ങളും റാണിയും ലജ്ജോയും ബിജ്‌ലിയും ധരിക്കുന്ന വസ്ത്രങ്ങളിലെ നിറവ്യതാസങ്ങളിലൂടെ കഥ പറയുന്നതും പാർച്ചഡ്നെ നല്ലൊരു ക്രാഫ്റ്റ് ആക്കുന്നുണ്ട്.

കച്ചിൽ 2011 ൽ കണ്ട കാഴ്ചകൾ ആണ് സിനിമയെ സ്വാധീനിച്ചതെന്നും നമ്മുടെ പൊതുബോധത്തെ മൊത്തം തിരിച്ചിടാൻ കഴിവുള്ള സ്ത്രീകൾ ഇന്ത്യയിലെ ഗ്രാമങ്ങളിൽ ജീവിച്ചു മരിക്കുന്നുണ്ട് എന്നും സംവിധായിക. അത്തരം സ്ത്രീകളെ പറ്റിയാണ് പാർച്ചഡ് പറയുന്നത്.. അധികം പറച്ചിലുകൾ അധികം കാണാത്തതു കൊണ്ട് പാർച്ചഡ് സ്വന്തമായൊരു ഇടത്തിൽ തെളിഞ്ഞു നിൽക്കുന്നു. രാധിക ആപ് തെയുടെ നഗ്നത കാണുമോ എന്ന ആകാംക്ഷയിൽ നിന്നും കണ്ണെടുത്താൽ മാത്രമേ ആ ഇടത്തെ കാണുള്ളൂ എന്ന് മാത്രം. “ആനന്ദം കണ്ടെത്താൻ ഉള്ള വഴികളെ ”കുറിച്ച് തന്നെയാണ് സിനിമ സംസാരിക്കുന്നത് , അവനവന്റെ അല്ല അവളവളുടെ ആണെന്ന് മാത്രം.




സീമ ശ്രീലയം

# ശാസ്ത്ര നോബൽ 2016

## ഓട്ടോഫാജി രഹസ്യങ്ങൾക്ക് വൈദ്യശാസ്ത്ര നോബൽ

കോശങ്ങൾ സ്വയം തിന്നൊടുക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്യുന്ന അത്ഭുത പ്രക്രിയ അതാണ് ഓട്ടോഫാജി എന്നറിയപ്പെടുന്നത്. ഇതിന്റെ മെക്കാനിസം ചുരുൾനിവർത്തിയ ഗവേഷണത്തിനാണ് ഈ വർഷത്തെ വൈദ്യശാസ്ത്ര നോബൽ സമ്മാനം. ടോക്കിയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഗവേഷകനായ യോഷിനോറി ഓസുമിയാണ് കോശഘടകങ്ങളുടെ പുനർനിർമ്മാണം, അനാവശ്യ ഘടകങ്ങളെ ജീർണ്ണിപ്പിക്കൽ ,പുനഃചംക്രമണം ചെയ്യൽ എന്നിവയിലേക്കൊക്കെ വെളിച്ചം വീശുന്ന കണ്ടെത്തൽ നടത്തിയത്. 1990 കളിൽ യീസ്റ്റിൽ നടത്തിയ പരീക്ഷണങ്ങളാണ് ഓട്ടോഫാഗിക്ക് പിന്നിലെ ജീൻ രഹസ്യങ്ങൾ ചുരുൾനിവർത്താൻ ഓസുമിയെ സഹായിച്ചത്. തുടർഗവേഷണങ്ങളിലൂടെ യീസ്റ്റ് കോശത്തിനുള്ളിലെ ഓട്ടോഫാഗിയുടെ മെക്കാനിസം കണ്ടെത്തി. നമ്മുടെ കോശങ്ങൾക്കുള്ളിലും സമാന പ്രക്രിയയാണ് നടക്കുന്നതെന്ന് തെളിയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭക്ഷണം ലഭിക്കാത്ത അവസ്ഥയോടുള്ള ശരീരകോശങ്ങളുടെ പ്രതികരണം, അണുബാധയോടുള്ള പ്രതികരണം, ഓട്ടോഫാഗിക്ക് പിന്നിലെ ജീനുകളിൽ സംഭവിക്കുന്ന ഉല്പരിവർത്തനം കൊണ്ടുണ്ടാവുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ച് ആഴത്തിലറിയാൻ ഇദ്ദേഹത്തിന്റെ ഗവേഷണങ്ങൾ സഹായിച്ചു. രോഗകാരണമാവുന്ന ബാക്റ്റീരിയകളെയും വൈറസ്സുകളെയുമൊക്കെ




**രോഗകാരണമാവുന്ന ബാക്റ്റീരിയകളെയും വൈറസ്സുകളെയുമൊക്കെ കോശങ്ങൾ തുരത്തുന്നതും അനാവശ്യപ്രോട്ടീനുകളെയും കോശഘടകങ്ങളെയും ഒഴിവാക്കി കോശത്തിനകം വൃത്തിയാക്കി വയ്ക്കുന്നതും ഓട്ടോഫാഗിയിലൂടെയാണ്. പുതിയ രോഗനിർണ്ണയ മാർഗ്ഗങ്ങൾ ,നൂതന ജീൻ ചികിത്സ, ഔഷധങ്ങളുടെ വികാസം തുടങ്ങി ഒട്ടേറെ സാധ്യതകളിലേക്ക് വൈദ്യശാസ്ത്രത്തെ നയിക്കുന്ന നേട്ടമാണിത്.**

കോശങ്ങൾ തുരത്തുന്നതും അനാവശ്യപ്രോട്ടീനുകളെയും കോശഘടകങ്ങളെയും ഒഴിവാക്കി കോശത്തിനകം വൃത്തിയാക്കി വയ്ക്കുന്നതും ഓട്ടോഫാഗിയിലൂടെയാണ്. പുതിയ രോഗനിർണ്ണയ മാർഗ്ഗങ്ങൾ ,നൂതന ജീൻ ചികിത്സ, ഔഷധങ്ങളുടെ വികാസം തുടങ്ങി ഒട്ടേറെ സാധ്യതകളിലേക്ക് വൈദ്യശാസ്ത്രത്തെ നയിക്കുന്ന നേട്ടമാണിത്.

രസതന്ത്ര നോബൽ


തന്മാത്രാ യന്ത്രങ്ങൾക്ക് ഫന്റാസ്റ്റിക് വോയെജ് എന്ന സയൻസ് ഫിക്!ഷനിൽ ഒരു മനുഷ്യന്റെ ശരീരത്തിലൂടെ കുഞ്ഞു മുങ്ങിക്കപ്പലിൽ സഞ്ചരിക്കുന്നത് ഇത്തിരിക്കുഞ്ഞ് റോബോട്ട് ഡോക്റ്റർമാരാണ്. ലക്ഷ്യം തലച്ചോറിൽ രക്തം കട്ടപിടിച്ചതുകൊണ്ടുള്ള അപകടം ഒഴിവാക്കുക എന്നതും. ഇതുപോലെ അനന്തമായ സാധ്യതകളിലേക്കുള്ള വഴികൾ വെട്ടിത്തുറക്കുന്ന ഗവേഷണത്തിനാണ് ഇത്തവണ രസതന്ത്ര നോബൽ ലഭിച്ചത്. കുഞ്ഞു തന്മാത്രായന്ത്രങ്ങളുടെ രൂപകല്പന, നിർമ്മാണം എന്നിവ സംബന്ധിച്ച ഗവേഷണങ്ങൾക്ക് ഴാൻ പിയറി സവാഷ്, ജെ.ഫ്രേസർ സ്റ്റൊഡാർട്ട് ,ബെർണാഡ് എൽ .ഫെറിൻഗ എന്നീ ശാസ്ത്രജ്ഞരാണ് നോബൽ സമ്മാനത്തിന് അർഹരായത്. ഒരു ഇത്തിരിക്കുഞ്ഞു ലിഫ്റ്റ്, കുഞ്ഞു മോട്ടോർ ,കൃത്രിമ പേശികൾ എന്നിവയാണ് തന്മാത്രായന്ത്രത്തിലെ പ്രധാന ഭാഗങ്ങൾ .ജൈവകോശങ്ങൾ പ്രവർത്തിക്കുന്നതു പോലെ പ്രവർത്തിക്കാൻ ഇവയ്ക്ക്

കഴിയും. പുതിയ പദാർഥങ്ങൾ ,ഊർജസംഭരണ ഉപാധികൾ ,സെൻസറുകൾ എന്നിവയൊക്കെ സാധ്യമാക്കാൻ സഹായിക്കുന്ന നേട്ടമാണിത്.
വൈദ്യശാസ്ത്രത്തീലും വിസ്മയങ്ങൾ വിരിയിക്കുന്ന നേട്ടമാണിത്. ശരീരത്തിൽ ഓടിനടന്ന് കേടുപാടുകൾ തീർക്കുന്ന കുഞ്ഞു യന്ത്രങ്ങൾ ,കാൻസർ കോശങ്ങളെ തിരഞ്ഞുപിടിച്ചു നശിപ്പിക്കാനും ശരീരത്തിനുള്ളിൽ നിശ്ചിതസ്ഥലത്ത് കൃത്യമായി മരുന്നെത്തിക്കാനും സഹായിക്കുന്ന കുഞ്ഞുപകരണങ്ങൾ , സ്മാർട്ട് പദാർഥങ്ങൾ എന്നിവയൊക്കെ നൽകുന്ന പ്രതീക്ഷ വലുതാണ്.

പുതിയ ദ്രവ്യാവസ്ഥകളും ഊർജതന്ത്ര നോബലും

പ്രതിരോധം അശേഷമില്ലാത്ത വൈദ്യുതവാഹിയാണ് അതിചാലകങ്ങൾ അഥവാ സൂപ്പർകണ്ടക്റ്ററുകൾ .അതുപോലെ ഒരു പാത്രത്തിലെടുത്താൽ ഭൂഗുരുത്വത്തിനെതിരെ മുകളിലേക്ക് ഉയർന്ന് പുറത്തേക്ക് പോവുന്ന ദ്രാവകങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടോ ?ഈ പ്രതിഭാസത്തിന്റെ പേരു അതിദ്രവത്വം അഥവാ സൂപ്പർ ഫ്ലൂയിഡിറ്റി എന്നാണ്. ഇങ്ങനെ ദ്രവ്യത്തിന്റെ വിചിത്രമായ അവസ്ഥകളെക്കുറിച്ച് പഠിച്ച മൂന്നു ബ്രിട്ടീഷ് ശാസ്ത്രജ്ഞർക്കാണ് ഇത്തവണ ഊർജതന്ത്ര നോബൽ .ഡേവിഡ് ജെ.തൌലസ് ,ഡാങ്കൺ എം.ഹാൽഡേൻ ,മൈക്കേൾ കോസ്റ്റർലിറ്റ്സ് എന്നിവരാണ് ആ ശാസ്ത്രജ്ഞർ .ഗണിതത്തിലെ ടോപ്പോളജി ഉപയോഗപ്പെടുത്തി അതിചാലകത , അതിദ്രവത്വം എന്നിവയ്ക്ക് വ്യക്തമായ വിശദീകരണം നൽകാൻ ഇവർക്കു സാധിച്ചു .നൂതന ദ്രവ്യരൂപങ്ങൾ ഓരോന്നും പദാർഥശാസ്ത്രത്തിൽ വിസ്മയങ്ങളുടെ പൂക്കാലത്തിനാണ് വഴിയൊരുക്കുന്നത് .ഇലക്ട്രോണിക്സിൽ ഒരു പുതുയുഗപ്പിറവിക്കു തന്നെ തുടക്കം കുറിക്കുന്ന നേട്ടമാണിത്. നൂതന സൂപ്പർ കണ്ടക്റ്ററുകൾ .സൂപ്പർഫാസ്റ്റ് ക്വാണ്ടം കമ്പ്യൂട്ടറുകൾ എന്നിവയുടെയൊക്കെ രംഗപ്രവേശവും പ്രതീക്ഷകളിൽപ്പെടുന്നു .

## കാർട്ടൂൺ




**എന്തേ ഇത്രയും വൈകിയത്**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# നൂലുകൊണ്ട് പതിച്ച അറിവടയാളങ്ങൾ



കരവിരുത് ജീവനോപാധിയും പാരമ്പര്യവിജ്ഞാനത്തുടർച്ചയുമായിത്തീർന്ന കഥയാണ് ഗുജറാത്തിലെ കച്ചി എംബ്രോയ്ഡറിക്കുള്ളത്. അമ്മയിൽ നിന്ന് മകളിലേക്ക് കൈ മാറപ്പെട്ട തലമുറകളായിത്തുടരുന്ന അറിവുകളാണ് ഈ കരകൗശലം സാധ്യമാക്കിയിരിക്കുന്നത്.



ബംഗാളിലെ സ്ത്രീകൾ കാലങ്ങളായി ചെയ്തുവരുന്ന തയ്യൽ വേലയാണ് കാന്ത(കണ്ഠ എന്നും പറയും). പഴയ സാരികൾ അട്ടിയാക്കി കാന്ത തയ്യൽ ചെയ്ത് കുട്ടികൾക്ക് തലയണകളും പുതപ്പുകളും മറ്റും ഉണ്ടാക്കുന്ന ഒരു പുതുക്കി ഉപയോഗിക്കൽ പ്രക്രിയ കൂടി ആയിരുന്നു ഇത്. എന്നു മാത്രമല്ല, ധാരാളം ഗ്രാമീണസ്ത്രീകളുടെ ഉപജീവനമാർഗ്ഗം കൂടിയാണ് ഈ അറിവ്.



തമിഴ്നാട്ടിലെ നീലഗിരി കുന്നുകളിലെ തോഡ സ്ത്രീകളുടെ തനതായ തയ്യൽവേലയാണ് പുഖൂർ.ജ്യോമതീയ ചിത്രങ്ങൾക്ക് പ്രാധാന്യമുള്ള ഈ ശൈലിയുടെ നിറവ് ഊടും പാവും കണക്കുനോക്കി കറുപ്പും ചുകപ്പും നൂലുകൾ വെച്ച് കൈത്തുന്നൽ ചെയ്യുന്നതിലാണ്.



ഗോത്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതും കുടുംബജീവിതത്തിന്റെ ഭാഗമാവുകയും ചെയ്ത ഒരു പ്രവർത്തിയായിരുന്നു മണിപ്പുരി സ്ത്രീകൾക്ക് നെയ്ത്ത്.

# കരവേലകളിലെ സാംസ്കാരിക



യുണൈറ്റഡ് അരബ് എമിറേറ്റിലെ എമിരറ്റി സ്ത്രീകൾ പരമ്പരാഗതകാർപ്പറ്റുകളും കൊട്ടകളും ഉണ്ടാക്കുന്നു.



കൊട്ടനിർമ്മാണത്തിൽ പ്രാവീണ്യമുള്ള സിംബ്വാബ്വെയിലെ ബിംഗാ സമുദായം തങ്ങളുടെ
പ്രദേശത്തിന്റെ പ്രത്യേകതകളെക്കൂടി ഈ കരവേലയിൽ നെയ്തു ചേർക്കുന്നു.



കമ്പോടിയയിലെ ഖ്മെർ സ്ത്രീകളുടെ ലാക്കർപാത്ര നിർമ്മാണം.

# ജ്ഞാനശേഖരങ്ങൾ



ചൈനയിലെ മിയാഒ വംശീയവിഭാഗത്തിന്റെ  പ്രത്യേകതയായ മിയാഒ എംബ്രോയ്ഡറി.



ഓസ്ട്രേലിയയിലെ ആദിമഗോത്രങ്ങളുടെ രൂപഭാവങ്ങളുള്ള പാവകൾ. സ്ത്രീകൾ മാത്രം നിർമ്മിക്കുന്ന ഇവ ഇന്ന് അധിനിവേശവിരുദ്ധതയുടെ കൂടെ പ്രതീകങ്ങളാണ്.



ബർമ്മയിലെ പരമ്പരാഗത നെയ്ത്തുരൂപങ്ങൾ  സംരക്ഷിക്കുന്നത് സ്ത്രീകളാണ്.


ഡി സി ബുക്സ്
കേരളം 60
കേരള സംസ്ഥാനം രൂപീകൃതമായി 60 വർഷങ്ങൾ പിന്നിടുമ്പോൾ നാം എവിടെയെത്തി നില്ക്കുന്നു എന്ന അന്വേഷണമാണ് ഡി സി ബുക്സ് അവതരിപ്പിക്കുന്ന കേരളം 60 എന്ന പുസ്തകപരമ്പര. കേരളത്തിലെ സാമൂഹിക-സാംസ്കാരികമണ്ഡലങ്ങളിലെ വിവിധ വിഷയങ്ങൾ ഈ പരമ്പരയിൽ ചർച്ചചെയ്യുന്നു.
കേരളത്തിന്റെ സാമൂഹികജീവിതചരിത്രത്തെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന പുസ്തകങ്ങൾ
സമൂഹം, പരിസ്ഥിതി, ചരിത്രം, സാഹിത്യം തുടങ്ങി സമസ്തമേഖലകളിൽനിന്ന് 60 പുസ്തകങ്ങൾ
കേരളത്തിലെ പ്രമുഖരായ എഴുത്തുകാരും ചരിത്രകാരന്മാരും ചിന്തകരും മാധ്യമപ്രവർത്തകരും സാമൂഹികപ്രവർത്തകരും എഴുതുന്നു.
ഈ പരമ്പരയിലെ ആദ്യപുസ്തകങ്ങൾ
₹100
കുടിയേറ്റം
പ്രവാസത്തിന്റെ മലയാളവഴികൾ
ബെന്യാമിൻ
₹130
കേരള ചരിത്രത്തിലെ 10 കള്ളക്കഥകൾ
എം. ജി. എസ്. നാരായണൻ
₹340
കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ
സി. എസ്. ചന്ദ്രിക
₹260
ക്രൈം കേരളം
കേരളത്തിന്റെ കുറ്റാന്വേഷണ ചരിത്രം
ഡോ. ബി. ഉമാദത്തൻ
₹375
വിമർശകർ,വിദൂഷകർ വിപ്ലവകാരികൾ
മലയാള പത്രപംക്തിയുടെ ചരിത്രം
എൻ. പി. രാജേന്ദ്രൻ
DC BOOKS
Everyone has a good book
For online purchase, visit onlinestore.dcbooks.com
DC Books, DC Kizhakemuri Edam, Good Shepherd Street, Kottayam, Kerala
98461 33336/ 0481-2563114
Email: customercare@dcbooks.com | Follow us on /dcbooks